KOTTAYAM PUBLIC LIBRARY

MAII

Call No. PAU-T Acc. No. 8103

Author പോൾ കെ. എൻ

Title ടാഗോറിന്റെ കെചുരത്ന-ങ്ങൾ

No: 8103

# ടാഗോറിന്റെ കൊച്ചുരത്നങ്ങൾ

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

കെ. എ. പോൾ

സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്
കലൂർ, എറണാകുളം

വില ക. 2.00

## കെ. എ. പോളിൻെറ കൃതികഠം

ഇലിയഡ് (ഹോമർ)

സോക്രട്ടീസ് സംസാരിക്കുന്നു

ലിങ്കൺ

കല്യാണഗാനം

അസ്സീസി

സാമൂഹ്യഭദ്രത

ജോർജ്ജ് വാഷിംഗ്ടൺ

കഥാലതിക

മാഡംക്യൂറി

ഹെൻട്രി ഫോർഡ്

രാജകേസരി

ആറടിമണ്ണ്

വ്യാകുലാംബിക

ഗ്രാമത്തലയ്ക്കൽ

സയൻസും മതവും

മഹാനായ അലക്സാണ്ടർ

ഒരു റഷ്യൻകഥ

വിശുദ്ധറീത്ത

കൊച്ചുന്യായാധിപൻ

ഡാമിയൻ

ഷേയ്ക്സ്പിയർ കഥകഠം

എൻെറ ജീവിതകഥ (ഹെലൻകെല്ലർ)

1-1000

# ടാഗോറിൻെറ
# കൊച്ചുരത്നങ്ങൾ

(Malayalam)

# TAGORINTAE KOCHU RATNANGAL

## (Little Gems of Tagore)

Edited and Compiled by
K. A. PAUL
Sahithya Nilayam
Kaloor, Ernakulam

First Published April 1961

Printed at
SAHITHYA NILAYAM PRESS, KALOOR

Price Rs. 2.00

© Sahithya Nilayam

Publishers:-
SAHITHYA NILAYAM PUBLISHING HOUSE
KALOOR, ERNAKULAM

No: 8103

# പ്രസ്താവന

"ടാഗോറിൻെറ കൊച്ചുരത്നങ്ങൾ" എന്ന ഈ പുസ്തകം, ഗുരുദേവൻെറ വിവിധകൃതികളിൽനിന്നു് ആസ്വാദനകൌതുകംകൊണ്ടു് ഞങ്ങൾ പലപ്പൊഴായി മലയാളത്തിൽ കുറിച്ചിട്ടിരുന്ന കുറെ കൊച്ചുകൊച്ചു കാൎയ്യങ്ങളുടെ ഒരു സമാഹാരമാണു്. പാരാവാരംപോലെ പരന്നുകിടക്കുന്ന ടാഗോർസാഹിത്യത്തിൻെറ ചില വിഭാഗങ്ങളുടെ പൂൎണ്ണപരിഭാഷ മലയാളത്തിൽ വന്നിട്ടുണ്ടു്. ഈ പുസ്തകം ആ കൂട്ടത്തിൽ പെടുത്തണമെന്നില്ല. ടാഗോർകൃതികളുടെ പല വിഭാഗങ്ങളിലേയ്ക്കും ഒരേസമയത്തുള്ള ഒരെത്തിനോട്ടം മാത്രമായി ഇതിനെ കരുതിയാൽ മതി.

ഏതായാലും, ഗുരുദേവൻെറ പലേ വിജ്ഞാനഖനികളിൽനിന്നു് ശേഖരിക്കാൻ കഴിഞ്ഞിരുന്ന ഈ കൊച്ചുരത്നങ്ങൾ കൈരളിയുടെ ഒരു കൊച്ചു കൈത്താലത്തിൽ വെച്ചു്, വിനീതമായ ഒരു പൂജോപഹാരമെന്ന നിലയിൽ, ഞങ്ങൾ ഇപ്പോൾ ഗുരുപാദങ്ങളിൽ സമൎപ്പിക്കുകയാണു്. ഈ ഉദ്യമം ഒരു സാഹസമാണെങ്കിൽ, ഞങ്ങളുടെ ഗുരുഭക്തിതന്നെ അതിനു മാപ്പരുളട്ടെ.

തിരിഞ്ഞെടുത്ത വിഷയങ്ങളെ മലയാളത്തിലേയ്ക്കു സാമാന്യം സ്വതന്ത്രമായൊന്നു പകൎത്തുവാനേ ഞങ്ങൾ ശ്രമിച്ചിട്ടുള്ളു. അവ ഇംഗ്ലീഷിൽ വായിക്കാനാഗ്രഹിക്കുന്നവരുടെ സൗകൎയ്യത്തിനുവേണ്ടി മിക്കപാഠങ്ങളുടേയും പേരുകൾ ഇംഗ്ലീഷിൽ ചേൎത്തിട്ടുണ്ടു്. ഗുരുദേവൻെറ കരവിരുതു് നേരിട്ടുകാണ്മാൻ, ബങ്കാളി കഴിഞ്ഞാൽ പിന്നെ ഇംഗ്ലീഷാണല്ലൊ പ്രധാന ശരണം.

ബങ്കാളിയേപ്പററി പറഞ്ഞപ്പോൾ, ടാഗോർകൃതികൾക്കു വേണ്ടി മാത്രമായിരുന്നാലും ഒരു വിദേശിയ്ക്കു് ആ ഭാഷ പഠനാൎഹമാണെന്നു് രാമാനന്ദ ചാററർജി

ഒരിക്കൽ പ്രസ്താവിച്ചതു് ഓൎമ്മയിൽ വരുന്നു. " ..for a foreigner the Bengali language would be worth learning for his works alone."

ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയങ്ങൾ തിരിഞ്ഞെടുത്തതിലും കോൎത്തിണക്കിയതിലും, നമ്മുടെ കുട്ടികൾക്കും മുതിൎന്നവൎക്കും അവ ഒന്നുപോലെ ഉപകരിക്കണമെന്ന ഒരു പ്രത്യേക ഉദ്ദേശ്യം ഞങ്ങൾക്കുണ്ടായിരുന്നു. അതു് എത്രത്തോളം ഫലിച്ചുവെന്നു് വിധിപറയേണ്ടതു് വായനക്കാരത്രെ.

ഒന്നു തീൎച്ചയാണു്: ബാലഹൃദയങ്ങളുടെ വ്യാപാരവിശേഷങ്ങൾ അവയുടെ വേരററംവരെ ചുഴിഞ്ഞുകാണ്മാൻ ഗുരുവൎയ്യനുള്ള കഴിവു് ഇതിലെ പല പാഠങ്ങളും വ്യക്തമാക്കും; അവയിൽനിന്നെല്ലാം മുതിൎന്നവൎക്കു ചില ചില പാഠങ്ങൾ വിശേഷാലെടുക്കാനുണ്ടുതാനും.

ടാഗോർസാഹിത്യമത്രയും മിസ്റ്റിസസത്തിൽ പൊതിഞ്ഞിരിക്കയാണെന്നുള്ള ധാരണ മാററി, നമ്മുടെ കുട്ടികളടക്കമുള്ള സാധാരണക്കാരെ ഗുരുദേവനുമായി കൂടുതലടുപ്പിക്കുവാൻ ഈ സമാഹാരം തെല്ലെങ്കിലും പ്രയോജനപ്പെടുമെങ്കിൽ ഞങ്ങൾ കൃതാൎത്ഥരായി.

ഈ പുസ്തകം തയ്യാറാക്കുന്ന ജോലിയിൽ 'സാഹിത്യനിലയ'ത്തിൽപ്പെട്ടവരെല്ലാം ഓരോ നിലയിൽ പങ്കെടുത്തിട്ടുണ്ടു്. കെ. പി. അലക്സ് ബേസിൽ എം. എ. യാണു് ഇക്കാൎയ്യത്തിൽ മുൻകൈയെടുത്തു പ്രവൎത്തിച്ചതു്. എല്ലാവരുടേയും കൂപ്പുകൈകളോടെ, ഇതു് നമ്മുടെ വിശ്വമഹാകവിയുടെ പാവനസ്മരണയ്ക്കായി സമൎപ്പിച്ചുകൊള്ളുന്നു.

സാഹിത്യനിലയം<br>
കലൂർ–എറണാകുളം } കെ. എ. പോൾ

# ഒന്നാംഭാഗം

---

ഗുരുദേവന്റെ പലേ കൃതികളിൽ നിന്നു തിരിഞ്ഞെടുത്ത 52 വിവിധവിഷയങ്ങൾ ഒന്നാം ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒന്നുപോലെ ഉപകരിക്കുന്നവയാണ് മിക്ക പാഠങ്ങളും.

"Rabindranath Tagore has met all requirements of genius combined in a man who is at once a poet, a philosopher, a humanitarian, an educator."

*Jane Addams*

27/11/84

# 1

**നാം** നിവസിക്കുന്ന ഭൂമിക്കുവേണ്ടി സ്വർഗ്ഗത്തിന്റെ ആലിംഗനം നേടിക്കൊണ്ടുവന്നിരിക്കുന്ന ഈ കൊച്ചുഹൃദയത്തെ, ശുഭ്രനിർമ്മലമായ ഈ ആത്മാവിനെ, ആശീർവ്വദിക്കുക.

അവൻ സൂര്യന്റെ വെളിച്ചത്തേയും, അമ്മയുടെ മുഖത്തെ ലക്ഷ്യംവെച്ചുള്ള കാഴ്ചയേയും ഇഷ്ടപ്പെടുന്നു.

അവൻ മണ്ണിനെ വെറുക്കാനും പൊന്നിനെ മോഹിച്ചലയാനും ശീലിച്ചിട്ടില്ല.

നിന്റെ ഹൃദയത്തോടാശ്ലേഷിച്ചുകൊണ്ട് നീ അവനെ ആശീർവ്വദിച്ചാലും.

അനേകമനേകം വഴിത്തിരിവുകളുള്ള ഒരു നാട്ടിലേയ്ക്ക് അവർ വന്നിരിക്കുകയാണ്.

കൂട്ടത്തിൽനിന്നു നിന്നെത്തന്നെ തിരിഞ്ഞെടുത്തു് അവൻ നിന്റെ വാതില്ക്കലേയ്ക്കു വരികയും, നിന്റെ കൈപിടിച്ചുകൊണ്ടു വഴിചോദിക്കുകയും ചെയ്യുവാനിടയായതു് എങ്ങനേയെന്നു് എനിയ്ക്കറിഞ്ഞുകൂടാ.

അവൻ ചിരിച്ചും സംസാരിച്ചുംകൊണ്ടു് തൻെറ ഉള്ളിൽ ഒരുവക സന്ദേഹവും കൂടാതെ നിന്നെ അനുഗമിക്കുകയാണു്.

നീ അവനെ ഒരു നിക്ഷേപമായി സൂക്ഷിച്ചു്, നേർവഴിക്കു നടത്തി അവനെ അനുഗ്രഹിക്കുക.

താഴെയുള്ള തിരമാലകഠം ഭീഷണിപ്പെടുത്തിയാലും, മുകളിൽനിന്നുള്ള കാററു് അവൻെറ പായ്ക്കപ്പലിനെ നയിച്ചു് സമാധാനത്തിൻെറ തുറമുഖത്തെത്തിക്കുവാൻവേണ്ടി നീ അവൻെറ തലയിൽ കൈവെച്ചു പ്രാത്ഥിക്കുവിൻ.

തിരക്കിനിടയിൽ നീ അവനെ മറന്നുകളയാതെ, നിൻെറ ഹൃദയത്തോടുചേത്തു് അവനെ ആശീവ്വദിച്ചാലും.

*
Benediction

**വൈ**തലിന്, വേണമെങ്കിൽ, ഈ നിമിഷത്തിൽത്തന്നെ സ്വൎഗ്ഗത്തിലേയ്ക്കു പറന്നുപോവാൻ കഴിയും.

എന്നാൽ അവൻ നമ്മെ വിട്ടുപിരിയാത്തതു് വെറുതേയല്ല.

അമ്മയുടെ മാറിടത്തിൽ തലചായിച്ചു വിശ്രമിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവളെ കാണാതെ കഴിച്ചുകൂട്ടുക അവനു് ഒരിക്കലും സാദ്ധ്യമല്ല.

. . . .

പൈതലിനു് എല്ലാത്തരത്തിലുമുള്ള ജ്ഞാനവചനങ്ങളറിയാം; അവയുടെ അൎത്ഥം അറിയാവുന്നവർ ഭൂമിയിൽ ചുരുക്കമൊണുതാനും.

എന്നാൽ വെറുതേയല്ല, അവൻ യാതൊന്നും സംസാരിക്കാതെ കഴിച്ചുകൂട്ടുന്നതു്.

അമ്മയുടെ അധരങ്ങളിൽനിന്നു് അമ്മയുടെ വചനങ്ങൾതന്നെ പഠിക്കണമെന്നതാണു് അവന്റെ ആഗ്രഹം; അതുകൊണ്ടുതന്നെയാണു് അ

വൻ അജ്ഞത ഭാവിച്ചങ്ങനെ കഴിയുന്നതും.

. . . .

പൈതലിന്ന് ഒരു ക്രമ്പാരം പൊന്നും രത്നങ്ങളുമുണ്ടായിരുന്നു; എന്നിട്ടും ഒരു യാചകനേപ്പോലെയാണ് അവൻ ഭൂമിയിലേയ്ക്കു വന്നത്.

അവൻ ഈ പ്രച്ഛന്നവേഷത്തിൽ വന്നിരിക്കുന്നതു് വെറുതേയല്ല.

നഗ്നനായ ഈ പ്രിയപ്പെട്ട കൊച്ചുഭിക്ഷു തീരെ നിസ്സഹായനെന്നു ഭാവിക്കുന്നതു് എന്തിനാണെന്നോ? മാതൃസ്നേഹമാകുന്ന സമ്പത്തു് ഇരന്നുവാങ്ങുവാൻ വേണ്ടിത്തന്നെ.

. . . .

കൊച്ചു പഞ്ചമിച്ചന്ദ്രൻെറ നാട്ടിൽ ആ പൈതൽ നിർബ്ബാധം സ്വതന്ത്രനായിക്കഴിയുകയായിരുന്നു.

അവൻ തൻെറ സ്വാതന്ത്ര്യം വിട്ടുപേക്ഷിച്ചതു് വെറുതേയല്ല.

അമ്മയുടെ ഹൃദയത്തിൻെറ ചെറുകോണിൽ ആനന്ദത്തിന്നു വകയുണ്ടെന്നും, അവളുടെ വത്സലകരങ്ങളുടെ പിടിയിൽപ്പെട്ടമരുന്നതു് സ്വാതന്ത്ര്യത്തേക്കാൾ മാധുര്യമുള്ള കാര്യമാണെന്നും അവന്നറിയാം.

. . . .

കരച്ചിൽ എന്താണെന്ന് പൈതൽ ഒരിക്കലും അറിഞ്ഞിരുന്നില്ല; പരമാനന്ദത്തിൻെറ നാട്ടിലായിരുന്നുവല്ലൊ അവൻെറ പാപ്പ്.

എന്നാൽ അവൻ കണ്ണീർചിന്താൻ ഒരുമ്പെട്ടതു് വെറുതേയല്ല.

അവൻെറ ഓമനമുഖത്തു് കളിയാടുന്ന പുഞ്ചിരി അമ്മയുടെ ആർദ്രഹൃദയത്തെ ആകർഷിക്കുന്നതോടുകൂടി, കൊച്ചുശല്യങ്ങളേച്ചൊല്ലിയുള്ള അവൻെറ കരച്ചിൽ അമ്മയുടെ അനുകമ്പയും സ്നേഹവുമാകുന്ന ബന്ധത്തെ അരക്കിട്ടുപ്പിക്കുകയും ചെയ്യുന്നു.

*
Baby's Way

# ൩

**അ**നന്തങ്ങളായ ലോകങ്ങളുടെ കടൽത്തീരത്തു് കുട്ടികൾ സമ്മേളിക്കുകയാണു്.

മുകളിൽ അപാരമായ ആകാശം നിശ്ചലമായി നില്ക്കുകയും, അടിയിൽ വിശ്രമരഹിതമായ കടൽ അലറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അനന്തങ്ങളായ ലോകങ്ങളുടെ കടൽത്തീരത്തു് കുട്ടികൾ ആർപ്പുവിളിച്ചും നൃത്തമാടിയും കഴിയുന്നു.

അവർ മണൽകൊണ്ടു വീടുണ്ടാക്കുകയും, ഇത്തിലുകൾ വാരിക്കളിക്കുകയും ചെയ്യുന്നു. കൊഴിഞ്ഞ ഇലകൾകൊണ്ടു് അവർ ഓടങ്ങൾ മെടഞ്ഞു്, പരപ്പും ആഴവുമേറിയ കടലിൽ മന്ദഹാസത്തോടെ തള്ളിവിടുന്നു. ലോകങ്ങളുടെ കടൽത്തീരത്തു് കുട്ടികൾ ഇങ്ങനെ കളിക്കുകയാണു്.

അവക്കു് നീന്താനറിഞ്ഞുകൂടാ; വലയിടാനും അറിഞ്ഞുകൂടാ. മുത്തു വാരുന്ന കൂട്ടർ മുത്തുകൾക്കുവേണ്ടി മുങ്ങുകയും കച്ചവടക്കാർ തങ്ങളുടെ കപ്പലുകളോടിച്ചുപോവുകയും ചെയ്യുമ്പോൾ, കു

ട്ടികൾ കൊച്ചുകൊച്ചു കല്ലുകൾ പെറുക്കിശ്ശേഖരിച്ചിട്ട് അവ വീണ്ടും എറിഞ്ഞുചിതറിക്കുകയാണ്. ഒളിഞ്ഞുകിടക്കുന്ന നിക്ഷേപങ്ങളൊന്നും അവർ തേടുന്നില്ല; വലയിടേണ്ടതെങ്ങനേയെന്ന് അവക്കറിവില്ലതാനും.

കടൽ അട്ടഹസിച്ചുടിച്ചുകയറുമ്പോൾ കടൽത്തീരം വിളറിയ പുഞ്ചിരി തൂകുന്നു. താരാട്ടു പാടിക്കൊണ്ട് ശിശുവിൻെറ തൊട്ടിലാട്ടുന്ന തള്ളയേപ്പോലെ, തിരമാലകൾ ആ കുട്ടികൾക്ക് നിരത്ഥകങ്ങളായ എന്തോ പാട്ടുകൾ പാടിക്കൊടുക്കുന്നു. കടൽ അവരോടൊന്നിച്ചു കളിക്കുകയും, കടൽത്തീരം വിളറിവിളങ്ങുന്ന മന്ദഹാസം പൊഴിക്കുകയുംചെയ്യുന്നു.

അനന്തങ്ങളായ ലോകങ്ങളുടെ കടൽത്തീരത്തു് കുട്ടികൾ സമ്മേളിക്കുകയാണ്. വഴിമുട്ടിയ ആകാശത്തിൽ കൊടുങ്കാററടിച്ചുയരുകയും, ഗതിമുട്ടിയ കടലിൽ കപ്പലുകൾ തകന്നുതാഴുകയും, മരണം സവ്വത്ര നടമാടുകയും ചെയ്യുമ്പോൾ കുട്ടികൾ കളിക്കുന്നു. അനന്തങ്ങളായ ലോകങ്ങളുടെ കടൽത്തീരത്താണ് കുട്ടികളുടെ ആ മഹാസമ്മേളനം.

*
On the Seashore

അമ്മേ, നമ്മൾ ഒരു യാത്രയിലാണെന്നും, അപരിചിതവും ആപല്ക്കരവുമായ ഒരു നാട്ടിലൂടെയാണു് നമ്മൾ കടന്നുപോകുന്നതെന്നും കരുതുക.

അമ്മ ഒരു പല്ലക്കിലാണു് സഞ്ചരിക്കുന്നതു്; ഞാൻ ചുവപ്പുനിറമുള്ള ഒരു കുതിരയുടെ പുറത്തിരുന്നുകൊണ്ടു് അമ്മയെ അനുഗമിക്കുന്നു.

നേരം ഇരുട്ടിത്തുടങ്ങി. സൂര്യൻ മറഞ്ഞു. വിജനവും ശൂന്യവുമായ ഒരു പ്രദേശം.

“നമ്മൾ എവിടെയാണെത്തിയിരിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ.”— അമ്മ പരിഭ്രമം പൂണ്ടു പറയുന്നു.

“അമ്മേ, അമ്മ ഭയപ്പെടാതിരിക്കുക” എന്നു് ഞാനും.

. . . .

കുറ്റമുത്ത പുല്ലുകൾ നിറഞ്ഞ ഒരു മൈതാനവും, അതിലൂടെ വളഞ്ഞൊടിഞ്ഞുപോകുന്ന

ഒരു വഴിത്താരയും കാണാം.

വിശാലമായ ആ പുൽത്തകിടിയിൽ കന്നുകാലികളൊന്നുംതന്നേയില്ല; അവ തങ്ങളുടെ തൊഴുത്തുകൾതേടി ഗ്രാമത്തിലേയ്ക്കു തിരിച്ചിരിക്കാം.

ഭൂമിയിലും ആകാശത്തിലും അന്ധകാരം വദ്ധിച്ചുവരുന്നു; എവിടെയ്ക്കാണു് പോകുന്നതെന്നു് നമുക്കു പറയാനാവില്ല.

"ആ നദീതീരത്തു കാണുന്ന വെളിച്ചമെന്താണു്?"—അമ്മ പതിഞ്ഞ സ്വരത്തിൽ എന്നോട്ടു് പെട്ടെന്നു ചോദിക്കുന്നു.

. . . .

ഉടൻതന്നെ ആ സ്ഥലത്തുനിന്നു് ഭയങ്കരമായ ഒരു ആർപ്പുവിളി മുഴങ്ങുകയും, എന്തോ ചില രൂപങ്ങൾ നമ്മുടെ നേരെ പാഞ്ഞെത്തുകയും ചെയ്യുന്നു.

അമ്മ പല്ലക്കിലിരുന്നു് ദൈവനാമങ്ങൾ ചൊല്ലി പ്രാത്ഥിക്കാൻ തുടങ്ങുന്നു.

പല്ലക്കു വഹിച്ചിരുന്നവർ ഭയപ്പെട്ടു്, മുള്ളും മുരട്ടും നിറഞ്ഞ കുററിക്കാട്ടുകളിലേയ്ക്കു് ഓടിമറയുന്നു.

"അമ്മ ഭയപ്പെടരുതു്; ഞാൻ ഇവിടെ

ഉണ്ടു."— എൻെറ ആഹ്വാനം.

. . . .

ചടകെട്ടിയ തലമുടികളോടുകൂടിയ ഒരു കൂട്ടർ കൈയിൽ നീണ്ട വടികളുമേന്തി, അടുത്തടുത്തു വരികയാണു്.

"തെമ്മാടികളെ, സൂക്ഷിച്ചോളു. ഇനി ഒരടി മുന്നോട്ടുവെച്ചാൽ, നിങ്ങളുടെ പ്രാണൻ പിരിഞ്ഞതുതന്നെ."—എൻെറ ഗർജ്ജനം.

അവർ ഭയങ്കരമായ ഒരു ആർപ്പുവിളികൂടി നടത്തിക്കൊണ്ടു് മുന്നോട്ടു കുതിക്കുന്നു.

അപ്പോൾ അമ്മ എൻെറ കൈ അമർത്തിപ്പിടിച്ചുകൊണ്ടു് പറയുകയാണു്: "പ്രിയപ്പെട്ട മകനെ, ദൈവത്തെ ഓർത്തു് നീ അവരിൽനിന്നു് ഒഴിഞ്ഞുമാറുക."

"അമ്മേ, ഞാൻ ഇപ്പോൾ ചെയ്യാൻപോകുന്നതെന്താണെന്നു് അമ്മ ശ്രദ്ധിച്ചോളു."— എൻെറ മറുപടി.

. . . .

അനന്തരം ഞാൻ എൻെറ കുതിരയെ അത്യുഗ്രമായി മുന്നോട്ടുപായിക്കുകയും, വാളും പരിചയുംകൊണ്ടുള്ള സംഘട്ടനമാരംഭിക്കുകയും ചെയ്യുന്നു.

സമരം മേല്ക്കുമേൽ ഭീകരമായിത്തീരുകയാണു്. പല്ലക്കിൽ ഇരുന്നു് അതു കാണ്മാനിടയായാൽ അമ്മ വിറച്ചു മൂളിപ്പോകും.

എതിരാളികളിൽ അനേകംപേർ പലായനംചെയ്യുന്നു; ഒട്ടുവളരേപ്പേർ വെട്ടേററു് തുണ്ടുതുണ്ടായി നിലംപതിക്കുന്നു.

അമ്മയുടെ ഈ ഓമനമകൻ ഇതിനകം മൃതനായിക്കഴിഞ്ഞിരിക്കുമെന്നാണു് അമ്മ ഏകാകിനിയായിരുന്നു ചിന്തിക്കുന്നതെന്നു് ഞാൻ ഊഹിക്കുന്നു.

എന്നാൽ ഞാൻ സർവ്വാംഗം ചോരക്കറപുരണ്ട വേഷത്തിൽ അമ്മയുടെ അടുക്കൽവന്നിട്ടു പറയുകയാണു്: "അമ്മേ, സ്മരം അവസാനിച്ചിരിക്കുന്നു."

അമ്മ പല്ലക്കിൽനിന്നു പുറത്തുവന്നു് എന്നെപ്പിടിച്ചുമ്മവെച്ചു് മാറോടണച്ചാശ്ലേഷിച്ചിട്ടു് ഇങ്ങനെ ആത്മഗതം ചെയ്യും: "എൻെറ മകൻ എൻെറകൂടെ ഇല്ലായിരുന്നുവെങ്കിൽ ഞാൻ എന്തു ചെയ്യേനെ?"

. . . .

ഒരു പ്രയോജനവുമില്ലാത്ത ആയിരം കാര്യങ്ങൾ ദിവസേന സംഭവിക്കുന്നുണ്ടല്ലോ. ആ കൂട്ടത്തിൽ ഇങ്ങനേയും ഒരു യഥാൎത്ഥസംഭവം യാ

ദ്ഭുതകരമായുണ്ടായിക്കൂടെന്നുണ്ടോ?

ഇതു് പുസ്തകത്തിൽ വായിക്കുന്ന ഒരു കഥ പോലെ തോന്നാം.

എന്റെ സഹോദരൻ പറയുകയാണു്: "ഇതു സാദ്ധ്യമാണോ? അവൻ ഒരു മഹാ ശാന്തനാണെന്നത്രേ ഞാൻ എപ്പൊഴും കരുതിപ്പോന്നിട്ടുള്ളതു്."

നമ്മുടെ ഗ്രാമക്കാർ ആശ്ചര്യപൂർവ്വം പറയുന്നതെന്താണെന്നോ? — "അവന്റെ അമ്മ അവന്റെ കൂടെയുണ്ടായിരുന്നതു് ഭാഗ്യമായി, അല്ലേ?"

*
The Hero

എൻെറ ഗാനം, സ്നേഹത്തിൻെറ സൗഹൃദ ഹസ്തങ്ങളാലെന്നോണം, കുഞ്ഞേ, നിൻെറ ചുററിലും സംഗീതമാധുരി പരത്തിക്കൊണ്ടിരിക്കും.

എൻെറ ഗാനം ഒരു അനുഗ്രഹചുംബനമെന്നോണം നിൻെറ നെററിയിൽവന്നു തലോടും.

നീ ഒററയ്ക്കിരിക്കുമ്പോൾ അതു് നിൻെറകൂടെയിരുന്നു് നിൻെറ ചെവികളിൽ പലതും മന്ത്രിക്കും; നീ ആൾക്കൂട്ടത്തിലായിരിക്കുമ്പോൾ അതു് നിൻെറ ചുററിലും ഏകാന്തതയുടെ ഒരു വലയം സൃഷ്ടിക്കും.

നിൻെറ സഞ്ചാരമാൎഗ്ഗത്തിൽ രാത്രി അതിൻെറ അന്ധകാരം പരത്തുമ്പോൾ, എൻെറ ഗാനം നിൻെറ തലയ്ക്കുമീതെ വിശ്വസ്തമായ ഒരു നക്ഷത്രംപോലെ നിലകൊള്ളും.

എൻെറ ഗാനം നിൻെറ കൺമിഴികളുടെ ഉള്ളിലിരുന്നുകൊണ്ടു് കാൎയ്യങ്ങളുടെ അന്തർഭാഗത്തേയ്ക്കു് നിൻെറ കാഴ്ചയെ നയിക്കും.

മരണംമൂലം എൻെറ ശബ്ദം നിലയ്ക്കുന്ന നേരത്തും, എൻെറ ഗാനം നിൻെറ സജീവഹൃത്തിൽ സല്ലപിച്ചുകൊണ്ടിരിക്കും.

*
My Song

അമ്മ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടുകയാണെന്നും, ഞാൻ മറുനാടുകളിൽ സഞ്ചാരത്തിനു പോവുകയാണെന്നും കരുതുക.

നിറച്ചു ചരക്കുകളും കയററി എൻെറ തോണി യാത്രയ്ക്കു തയ്യാറായി കടവിൽ കിടക്കുന്നു.

അമ്മേ, ഞാൻ മടങ്ങിവരുമ്പോൾ അമ്മയ്ക്ക് എന്തെല്ലാമാണ് ഞാൻ കൊണ്ടുവരേണ്ടതെന്ന് നല്ലവണ്ണം ആലോചിച്ചിട്ടു പറയുക.

കുന്നാരങ്ങളായി കൂട്ടിവയ്ക്കത്തക്കവണ്ണം അത്രവളരെ സ്വർണ്ണമാണോ അമ്മയ്ക്കു വേണ്ടതു്?

അങ്ങകലെ, പൊന്നരുവികളുടെ തീരങ്ങളിലുള്ള പാടങ്ങൾ മുറേറ പൊന്നുവിളഞ്ഞുകിടക്കുന്നുണ്ടു്.

അവിടെ കാട്ടുവഴിയിലെ തണല്പാടിൽനിന്നു് കനകസൂനങ്ങൾ നിലത്തേയ്ക്കു പൊഴിഞ്ഞുകൊണ്ടിരിക്കുന്നു.

ഞാൻ അവയെല്ലാം അമ്മയ്ക്കായി അനേകശതം കൊട്ടകളിൽ ശേഖരിച്ചു വയ്ക്കും,

* അമ്മയ്ക്കു മുത്തുകാം വേണമെന്നുണ്ടോ?—ശരല്ക്കാലത്തിലെ മഴത്തുള്ളികളോളം വലുപ്പമുള്ള മുത്തുമണികാം?

എങ്കിൽ, ഞാൻ പവിഴദ്വീപിൻെറ തീരത്തേയ്ക്കും കടക്കാം.

അവിടെ പുലരൊളിതട്ടിയ വയൽപ്പൂക്കളിൽ മുത്തുകാം വിറകൊണ്ടുനില്ക്കുകയും, അവ പുല്ലിൻപുറത്തേയ്ക്കു പൊഴിഞ്ഞുവീഴുകയും ചെയ്യുന്നു. അലറിമറിയുന്ന തിരമാലകളാകട്ടെ, കടൽക്കരയിലെ മണ്ണിലെമ്പാടും മുത്തുമണികാം അടിച്ചുചിതറിക്കുന്നുമുണ്ടു്.

ഞാൻ എൻെറ സഹോദരനുവേണ്ടി കൊണ്ടുവരാൻ പോകുന്നതെന്താണെന്നോ? മേഘങ്ങാംക്കിടയിൽ പറന്നുനടക്കാൻ പറവുന്ന ചിറകുകളോടുകൂടിയ ഒരു പാറു് കുതിരകാം!

അച്ഛനെഴുതുവാനായി ഞാൻ ഒരു മാന്ത്രികപ്പേന കൊണ്ടുവരും,—അദ്ദേഹം അറിയാതെ തന്നെ താനേ എഴുതുന്ന ഒരു പേന!

അമ്മയ്ക്കു് ഞാൻ ഒരു മണിച്ചെപ്പും രത്നവും കൊണ്ടുവരും. ഏഴു രാജാക്കന്മാരുടെ സാമ്രാജ്യങ്ങാംക്കുള്ള വിലയെന്തോ, അതായിരിക്കും അവയുടെ മൂല്യം!

*
The Merchant

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
No. 8103

## 7

ആപത്തുകളിൽ അവലംബമരുളണമെന്നല്ലാ, അവയെ ധൈര്യമായി അഭിമുഖീകരിക്കുവാനിടവരുത്തണമെന്നായിരിക്കട്ടെ എന്റെ പ്രാർത്ഥന.

എന്റെ യാതന ശമിപ്പിക്കണമെന്നതിനു പകരം, അതിനെ കീഴടക്കാനുള്ള കരളുറപ്പു നല്കണമെന്നായിരിക്കട്ടെ ഞാൻ പ്രാർത്ഥിക്കുക.

ജീവിതരണാങ്കണത്തിൽ ഞാൻ എന്റെ ബന്ധുക്കളുടെ ശക്തിയെ ആശ്രയിക്കാതെ, എന്റെ സ്വന്തം ശക്തിയേത്തന്നെ ആശ്രയിക്കുകയാണു് ആവശ്യം.

ഭയാകുലനായി മോചനത്തിന്നുവേണ്ടി കെഞ്ചുകയല്ലാ, സ്വാതന്ത്ര്യം നേടിയെടുക്കുവാനുള്ള സഹനം ശീലിക്കുകയാണു് ഞാൻ ചെയ്യേണ്ടതു്.

വിജയത്തിൽമാത്രം അങ്ങയുടെ കാരുണ്യം ദർശിക്കുന്ന ഒരു ഭീരുവായിത്തീരാതെ, ഞാൻ എന്റെ തോൽവിയിലും അങ്ങയുടെ കരസ്പർശം ദർശിക്കുവാൻ ധൈര്യപ്പെടട്ടെ.

*
Fruit-Gathering-lxxix

അമ്മേ, മേഘങ്ങളിൽ വസിക്കുന്നവർ എന്നോട് ഇങ്ങനെ വിളിച്ചുപറയുന്നു:

"ഉറക്കം ഉണർന്നതുമുതല്ക്ക് പകലിന്റെ അവതിവരെ ഞങ്ങൾ കളിക്കുന്നു. പൊൻനിറമുള്ള ഉഷസ്സിനോടും വെള്ളിനിറമുള്ള ചന്ദ്രനോടുംകൂടിയാണ് ഞങ്ങളുടെ വിനോദം."

"എന്നാൽ എനിക്കെങ്ങനേയാണ് നിങ്ങളുടെ അടുക്കലേയ്ക്ക് വരുവാൻ സാധിക്കുക?"—എന്റെ ചോദ്യം.

അതിന് അവരുടെ ഉത്തരമെന്താണെന്നോ? "ഭൂമിയുടെ അററത്തേയ്ക്കു വന്നിട്ട് നിന്റെ കരങ്ങൾ ആകാശത്തിലേയ്ക്ക് ഉയർത്തുക. അപ്പോൾ നീ മേഘങ്ങളിലേയ്ക്ക് ആനയിക്കപ്പെടും."

"എന്റെ അമ്മ വീട്ടിൽ എന്നെ കാത്തിരിക്കുകയാണല്ലോ. അമ്മയെ വിട്ടുംവെച്ച് ഞാൻ എങ്ങനെയാണ് അങ്ങോട്ടു വരിക?"—എന്റെ മറുപടി.

അപ്പോൾ അവർ പുഞ്ചിരിതൂകിക്കൊണ്ടു കടന്നുകളഞ്ഞു.

അമ്മേ, ഇതിനേക്കാളും രസമുള്ള ഒരു കളിയുണ്ടു്: ഞാൻ മേഘവും അമ്മ ചന്ദ്രനുമായിച്ചമഞ്ഞാലെന്തു്?

ഞാൻ എൻെറ രണ്ടു കൈകൾകൊണ്ടും അമ്മയെ മറച്ചുപിടിക്കും. നമ്മുടെ മേല്പുരതന്നെയാകട്ടെ നമ്മുടെ കളിക്കുള്ള നീലാകാശം.

. . . .

തിരമാലകളിൽ നിവസിക്കുന്നവർ എന്നോടു വിളിച്ചുപറയുകയാണു്:

"ഞങ്ങൾ ഉദയംമുതൽ രാത്രിയാവോളം പാട്ടുപാടുന്നു; എവിടെയെല്ലാംക്കൂടിയാണു് കടന്നുപോകുന്നതെന്നറിയാതെ ഞങ്ങൾ മുന്നോട്ടു മുന്നോട്ടു സഞ്ചരിക്കുന്നു."

"എന്നാൽ, ഞാൻ നിങ്ങളുടെ അടുക്കലേയ്ക്കു് എങ്ങനെയാണു് വന്നെത്തുക?"—എൻെറ ചോദ്യം.

അവർ പറയുന്നു: "കടൽത്തീരത്തിൻെറ അററത്തേയ്ക്കുവന്നു് കണ്ണുകൾ മുറുകേയടച്ചങ്ങനെ നില്ക്കുക. അപ്പോൾ തിരമാലകൾ നിന്നെ വഹിച്ചുകൊണ്ടുപോരും."

"ഞാൻ സന്ധ്യയ്ക്കെപ്പൊഴും വീട്ടിലുണ്ടായിരിക്കണമെന്നു് അമ്മയ്ക്കു നിർബ്ബന്ധമാണു്. പിന്നെ എങ്ങനെയാണു് ഞാൻ അമ്മയെ വിട്ടും വെച്ചു പോരുക?"

എൻെറ ഈ ഉത്തരം കേട്ടപ്പോൾ അവർ പുഞ്ചിരിപൊഴിച്ചു നൃത്തമാടിക്കൊണ്ടങ്ങു കടന്നുപോയി.

അമ്മേ, എന്നാൽ ഇതിനേക്കാളും മെച്ചമേറിയ ഒരു കളിയുണ്ടു്: ഞാൻ തിരമാലയും അമ്മ കടൽത്തീരവുമായാലെന്തു്?

ഞാൻ മറിഞ്ഞുമറിഞ്ഞു പൊട്ടിച്ചിരിച്ചു് അമ്മയുടെ മടിത്തടത്തിൽ വന്നടിച്ചുകയറും.

നമ്മൾ രണ്ടുപേരും അപ്പോൾ എവിടെയാണെന്നു് ലോകത്തിലാരും അറിയുകയുമില്ല.

*
Clouds and Waves

അരിശംപൂണ്ടു നിശ്ശബ്ദനായിരുന്ന രാജാവിൻെറ മുമ്പിൽ സൈന്യാധിപൻ ചെന്നു തൊഴുതിട്ട് ഇങ്ങനെ ബോധിപ്പിച്ചു: "ഗ്രാമക്കാരുടെ മേലുള്ള ശിക്ഷ നടത്തിക്കഴിഞ്ഞു. പുരുഷന്മാരെ തല്ലിത്തവിടുപൊടിയാക്കി. സ്ത്രീകൾ നിലവിളിക്കാൻപോലും ധൈര്യപ്പെടാതെ വിളക്കുകളണച്ചു് അവരുടെ വീടുകളിൽ അമ്പരന്നിരിക്കുകയാണു്."

ഉടനെ പ്രധാനാചാര്യൻ എഴുന്നേററു് "ദൈവത്തിൻെറ കാരുണ്യം അങ്ങയുടെമേലുണ്ടായിരിക്കട്ടെ" എന്നു് രാജാവിനെ ആശീർവ്വദിച്ചു.

ഇതുകേട്ടപ്പോൾ രാജധാനിയിലെ വിദൂഷകൻ പൊട്ടിച്ചിരിച്ചുപോയി. നൃപൻെറ പുരികക്കൊടി രോഷംകൊണ്ടിരുണ്ടു.

പിന്നെ മന്ത്രിയാണു് സംസാരിച്ചതു്. "രാജാവിൻെറ ഭുജപരാക്രമംകൊണ്ടും ദൈവത്തിൻെറ അനുഗ്രഹംകൊണ്ടും സിംഹാസനത്തിൻെറ മാനം രക്ഷിക്കപ്പെട്ടു."— ഇതായിരുന്നു മ

ന്ത്രിയുടെ പ്രഖ്യാപനം.

വിദൂഷകൻ ഇതുകേട്ട് കൂടുതൽ ഉച്ചത്തിൽ ചിരിച്ചു. "അമ്പട! ലക്കില്ലാത്ത ധിക്കാരി?"—രാജാവൊന്നു മുരളുകയായി.

ഉടനെ വിദൂഷകൻ പറഞ്ഞു: "ദൈവം അങ്ങയുടെ തലയിൽ അനേകം അനുഗ്രഹങ്ങൾ വർഷിച്ചിട്ടുണ്ട്. ഈയുള്ളവന് തന്നിരിക്കുന്നത് ചിരിക്കാനുള്ള അനുഗ്രഹം മാത്രമാണ്."

"ആ അനുഗ്രഹത്തിന് കൊടുക്കേണ്ട വില നിൻെറ ജീവനായിരിക്കും."—വലത്തുകൈ വാൾപ്പിടിയിലേയ്ക്ക് ഊന്നിക്കൊണ്ട് രാജാവു പറഞ്ഞു.

വിദൂഷകനാകട്ടെ, തൻെറ ചിരിയുടെ അവതി അററുപോകുംവരെ ചിരിച്ചു.

ആസ്ഥാനമണ്ഡപത്തിൽ പെട്ടെന്ന് ഭീകരതയുടെ ഒരു കരിനിഴൽ വ്യാപിച്ചു. അവിടെ ഇരുന്നവർ ദൈവത്തിൻെറ നിശ്ശബ്ദതയുടെ ആഴത്തിൽ ആ പൊട്ടിച്ചിരിയുടെ മാറെറാലി മുഴങ്ങിക്കേൾക്കാനിടവന്നതാണ് കാരണം.

*
Fugitive and other Poems-xxxi

എന്റെ കുഞ്ഞേ, പ്രഭാതം മുഴുവനും പൊടിമണ്ണിലിരുന്ന് ഈ ഒടിഞ്ഞ ചുള്ളിക്കമ്പുകൊണ്ട് കളിക്കുന്നതിൽ നിനക്കിത്ര ആനന്ദമോ?

നുറുങ്ങിയ ചുള്ളികൊണ്ടുള്ള നിന്റെ ഈ കളി കണ്ടിട്ട് എനിക്കു ചിരിവരുന്നു.

ഞാൻ നിമിഷംതോറും സംഖ്യകൾ കൂട്ടി കൂട്ടി എന്റെ കണക്കുകൾ തയ്യാറാക്കുന്ന തിരക്കിലത്രേ.

"ഈ മണ്ടൻകളികൊണ്ട് എന്തിന് പ്രഭാതം പാഴാക്കുന്നു എന്നായിരിക്കും അമ്മ എന്നെ നോക്കിക്കൊണ്ടു ചിന്തിക്കുന്നത്, അല്ലേ?"
—കുട്ടി ചോദിച്ചു.

കുഞ്ഞേ, ചുള്ളിക്കമ്പും മണ്ണപ്പവും കൊണ്ടുള്ള കളിയിൽ മുഴുകുന്ന ആ കലയില്ലേ, ഞാൻ അതു് മറന്നുപോയി.

ഞാൻ വിലപ്പെട്ട കളിപ്പണ്ടങ്ങൾ തേടുകയും, പൊന്നും വെള്ളിയും കൂമ്പാരമായിക്കൂട്ടുകയും ചെയ്യുന്നു.

കൈയിൽ കിട്ടുന്നതെന്തും കളിക്കോപ്പുകളാക്കിത്തീർക്കുവാൻ നിനക്കു് സാധിക്കുന്നു. ഞാനാകട്ടെ, ഒരിക്കലും കരഗതമാവാത്ത കാര്യങ്ങൾക്കായിട്ടാണു് എന്റെ സമയവും ശക്തിയും ഒന്നിച്ചു ചിലവഴിക്കുന്നതു്.

എന്റെ ദുർബ്ബലമായ തോണിയിൽ കയറി ആശയാകുന്ന കടൽ താണ്ടുന്നതിനു് ഞാൻ പെടുന്ന പാടില്ലേ, അതും ഒരുവക കളിയാണെന്നുള്ള കാര്യം ഞാൻ മറന്നുപോയി.

*
Playthings

# 11

വൈരാഗിയാവാൻ കൊതിച്ചിരുന്ന ഒരു മനുഷ്യൻ പാതിരായ്ക്കെഴുന്നേററു് ഇങ്ങനെ ഉൽഘോഷിച്ചു: "എന്റെ വീടും കുടുംബവും വിട്ടു് ദൈവത്തെ അന്വേഷിച്ചുപോവാൻ പററിയ സമയം ഇതുതന്നെയാണു്. ഹാ! എന്നെ ഇത്രയും കാലം ഈ വ്യാമോഹത്തിൽ കുടുക്കിയിട്ടിരുന്നതു് ആരാണു്?"

''ഞാൻതന്നെ.'' — ദൈവം മന്ത്രിച്ചു. പക്ഷേ, ആ മനുഷ്യൻ അതു് ചെവിക്കൊണ്ടില്ല.

അയാളുടെ ഭാര്യ കുഞ്ഞിനെ മാറോടണച്ചുകൊണ്ടു് മെത്തയുടെ ഒരററത്തു കിടന്നു് ശാന്തമായുറങ്ങുകയായിരുന്നു.

"എന്നെ ഇത്രയും കാലം കബളിപ്പിച്ചുകൊണ്ടിരുന്ന നിങ്ങൾ ആരാണു്?"—ഭാര്യയേയും കുഞ്ഞിനേയും നോക്കിക്കൊണ്ടു് അയാൾ ചോദിച്ചു.

"അവരാണു് ദൈവം."—ശബ്ദം വീണ്ടും പറഞ്ഞു. അതും അയാളുടെ ചെവിയിൽ കടന്നി

ല്ല.

ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞു് സ്വപ്നത്തിൽ പെട്ടെന്നൊന്നു് കരഞ്ഞിട്ടു് അമ്മയെ അള്ളിപ്പിടിക്കുകയായി.

"വിഡ്ഢി, നീ നിൻെറ വീടു വിട്ടുപോവാതിരിക്കുക."— ദൈവം ആജ്ഞാപിച്ചു. പക്ഷേ, അതും അയാൾ ചെവിക്കൊണ്ടില്ല.

"എൻെറ ദാസൻ എന്തിനു് എന്നെ ഉപേക്ഷിച്ചിട്ടു് എന്നെ അന്വേഷിച്ചലയാൻ തുനിയുന്നു?"—ദൈവം ഗൽഗദത്തോടെ അരുളിച്ചെയ്തു.

*
The Gardner, lxxv

പൈതലിന്റെ കണ്ണുകളിൽനിന്നു് ഉറക്കം കവന്നെടുത്തതു് ആരാണു്? എനിക്കു് അതറിയണം.

ഒക്കത്തു കുടവുംവെച്ചുകൊണ്ടു് അടുത്ത ഗ്രാമത്തിൽനിന്നു് വെള്ളം കൊണ്ടുവരുവാനായി അമ്മ പോവുകയായിരുന്നു.

ഉച്ചനേരം. കുട്ടികളുടെ കളിസമയം കഴിഞ്ഞു. കുളത്തിൽ അരയന്നങ്ങളുടെ ശബ്ദം നിലച്ചു.

ഇടയച്ചെറുക്കൻ ആലിൻചുവട്ടിൽക്കിടന്നു് ഉറക്കമായി.

മാവിൻതോപ്പിന്നരികെയുള്ള ചളിക്കണ്ടത്തിൽ കൊക്കു് ശാന്തഗംഭീരനായങ്ങനെ നിലയുറപ്പിച്ചു.

ഇതിനിടയ്ക്കാണു് ആ കള്ളി ചെന്നു് പൈതലിന്റെ കണ്ണുകളിൽനിന്നു് ഉറക്കം തട്ടിയെടുത്തു് കടന്നുകളഞ്ഞതു്.

അമ്മ മടങ്ങിയെത്തിയപ്പോഴം പൈതൽ മുറിയലുടനീളം സഞ്ചരിക്കുകയായിരുന്നു.

നമ്മുടെ കുഞ്ഞിൻെറ കണ്ണുകളിൽനിന്നു് നിദ്രയെ അപഹരിച്ചതു് ആരാണു്? എനിയ്ക്കു് അതറിയണം. ഞാൻ അവളെ കണ്ടുപിടിച്ചു ബന്ധിക്കുകതന്നെ ചെയ്യും.

ഉരുണ്ട പാറക്കല്ലുകളിൽ തട്ടിത്തട്ടിവരുന്ന ചെറിയ അരുവി ഉറവെടുക്കുന്ന ആ ഇരുണ്ട ഗുഹയില്ലേ, എനിക്കതൊന്നു പരിശോധിക്കണം.

നിശ്ശബ്ദവും നക്ഷത്രനിബിഡവുമായ നിശാകാലങ്ങളിൽ യക്ഷികളുടെ കാൽച്ചിലമ്പൊലി മുഴങ്ങുന്നതും, പ്രാവുകൾ മൂലപാററിച്ചേൎന്നിരുന്നു കുറുകുറുശബ്ദമുണ്ടാക്കുന്നതുമായ ആ ബകുലവൃക്ഷത്തോപ്പിൻെറ നിദ്രാലസമായ നിഴലിലും ഞാനൊരു പരിശോധന നടത്തും.

മിന്നാമിനുങ്ങുകൾ അവയുടെ പ്രകാശം ദുൎവ്വ്യയംചെയ്യുന്നതു് എവിടെയാണോ, ആ ഇല്ലിക്കാട്ടിലെ മൎമ്മരനിശ്ശബ്ദതയിലേയ്ക്കു് ഞാൻ സായാഹ്നത്തിൽ എത്തിനോക്കിയിട്ടു്, “ഉറക്കം അപഹരിക്കുന്ന കള്ളി താമസിക്കുന്നതു് എവിടെയാണെന്നു് ആൎക്കെങ്കിലും അറിയാമോ?” എന്നു് കണ്ടുമുട്ടുന്ന സൎവ്വജീവികളോടും ചോദിക്കും.

. . . .

പൈതലിന്റെ കണ്ണുകളിൽനിന്നു് ഉറക്കം ക

വന്നെടുത്തതു് ആരാണു്? എനിയ്ക്കുതറിയണം.

അവളെ പിടികിട്ടുന്ന മാത്രയിൽ ഞാൻ അവളെ ഒരു പാഠം പഠിപ്പിക്കേണ്ടതല്ലേ?

ഞാൻ അവളുടെ കൂടു കൊള്ളയിട്ടു്, അവൾ കട്ടുവെച്ചിരിക്കുന്ന നിദ്രയത്രയും കണ്ടെടുക്കും.

അതെല്ലാം കണ്ടുകെട്ടി ഞാൻ വീട്ടിലേയ്ക്കു കൊണ്ടുപോരും.

ഞാൻ അവളുടെ ചിറകുകൾ രണ്ടും ഭദ്രമായി വരിഞ്ഞുകെട്ടി നദിതീരത്തിരുത്തിയിട്ടു്, അവളേക്കൊണ്ടു് പുല്ലുകളുടേയും വെള്ളാമ്പലുകളുടേയും ഇടയിൽനിന്നു് ഞാങ്ങണച്ചൂണ്ടയിൽ മീൻ പിടിപ്പിച്ചു വിനോദിക്കും.

വൈകുന്നേരം ചന്തയിലെ വ്യാപാരമെല്ലാം കഴിഞ്ഞ തക്കംനോക്കി ഗ്രാമത്തിലെ ശിശുക്കൾ തങ്ങളുടെ തള്ളമാരുടെ മടിത്തടങ്ങളിൽ കയറി പ്പറ്റുമ്പോൾ, "നീ ഇനി ആരുടെ ഉറക്കമാണു് കട്ടെടുക്കാൻ പോകുന്നതു്?" എന്നു് രാപ്പക്ഷികൾ ആ നിദ്രാപഹാരിണിയുടെ കണ്ണുങ്ങളിൽ പരിഹാസപൂർവ്വം ഗർജ്ജിക്കും.

*
Sleep-stealer

# 13

അച്ഛൻ ശവശംസ്കാരകർമ്മം കഴിഞ്ഞു തിരിച്ചെത്തി.

ഏഴുവയസ്സുള്ള പുത്രൻ, തൻെറ പ്രായത്തിനു ദുർവ്വഹമായ ചിന്താഭാരത്തോടെ, കിളിവാതിലിന്നരികിൽ പകച്ചുനോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു; അവൻെറ കഴുത്തിൽ ഒരു പൊന്നേലസ്സ് ഞാണ്ടുകിടക്കുന്നുണ്ട്.

അച്ഛൻ ആ കുട്ടിയെ കൈത്തണ്ടുകളിൽ വാരിയെടുത്തപ്പോഴം, അവൻ ചോദിക്കുകയാണു്: "അമ്മ എവിടെ?" എന്നു്.

"സ്വർഗ്ഗത്തിൽ."—മുകളിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് അച്ഛൻ മറുപടിപറഞ്ഞു.

. . . .

ദുഃഖാർത്തനായ പിതാവു് രാത്രി തളൎന്നുകിടന്നുറക്കമായി.

ശയനമുറിയ്ക്കരികേ ഒരു വിളക്കു മങ്ങിമങ്ങി കത്തിനിന്നിരുന്നു. പ്രാണികളെ വേട്ടയാടിക്കൊണ്ടു് ഒരു പല്ലി ചുമരിന്മേൽ പാഞ്ഞുനടന്നു.

കുട്ടി ഉറക്കത്തിൽനിന്നുണൎന്നു് കിടക്കയിൽ തപ്പിനോക്കി, അവിടെ സംഭവിച്ചിരിക്കുന്ന ശൂന്യത മനസ്സിലാക്കിയിട്ടു് നേരേ വെണ്മാടത്തിലേയ്ക്കു കടന്നു.

അവൻ ആകാശത്തിലേയ്ക്കു കൈകൾ ഉയൎത്തി വളരെനേരം നിശ്ശബ്ദനായി നിന്നു. പിന്നെ അവൻെറ പരിഭ്രാന്തമായ മനസ്സു് അങ്ങകലേ രാത്രിയോടായിട്ടു് ഒരു ചോദ്യം ഉന്നയിച്ചു, "സ്വൎഗ്ഗം എവിടെ?" എന്നു്.

ഉത്തരമൊന്നും ഉണ്ടായില്ല. നക്ഷത്രങ്ങൾ അറിവില്ലായ്മയുടെ ആ അന്ധകാരത്തിൻെറ മിന്നുന്ന കണ്ണുകളായി കാണപ്പെട്ടുവെന്നു മാത്രം.

*
The Fugitive and other Poems-xxi

"വട്ടത്തിലുള്ള ആ പൂർണ്ണചന്ദ്രൻ വൈകുന്നേരം ഈ കടമ്പമരത്തിൻെറ കൊമ്പുകളിൽ വന്നുകുടുങ്ങുമ്പോൾ, ആർക്കെങ്കിലും അതിനെ പിടിച്ചെടുക്കാൻ പാടില്ലേ?"—ഞാൻ ചോദിച്ചു.

ജ്യേഷ്ഠൻ എന്നെ നോക്കി ചിരിച്ചുകൊണ്ടു പറയുകയാണു്: "കുഞ്ഞേ, നിന്നേപ്പോലെ അത്ര വലിയ ഒരു മണ്ടനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ചന്ദ്രൻ നമ്മിൽനിന്നു് എത്രയെത്ര അകലത്താണെന്നോ! എങ്ങനെ, ആർക്കാണു് അതിനെ പിടിക്കാൻ കഴിയുക?"

ജ്യേഷ്ഠൻ എന്തൊരു വിഡ്ഢിത്തമാണു് പറയുന്നതു്! നമ്മൾ കളിച്ചുകൊണ്ടിരിക്കെ അമ്മ കിളിവാതിലിൽക്കൂടി നമ്മേനോക്കി പുഞ്ചിരിക്കുമ്പോൾ അമ്മ അത്രവളരെ അകലത്താണു നില്ക്കുന്നതെന്നു് ജ്യേഷ്ഠൻ കരുതാറുണ്ടോ?"

ജ്യേഷ്ഠൻ വീണ്ടും പറഞ്ഞു: "കുഞ്ഞേ, നീയൊരു മണ്ടൻതന്നെ! ആട്ടെ, ചന്ദ്രനെ പിടിക്കു

വാൻ പററിയ അത്ര വലിയ ഒരു വല നീ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ?"

കൈകൊണ്ടുതന്നെ നമുക്കതിനെ പിടിക്കുവാൻ കഴിയുമെന്നു് തീർച്ചയാണല്ലോ—ഞാൻ മറുപടിപറഞ്ഞു.

പക്ഷേ, ജ്യേഷ്ഠൻ പിന്നെയും ചിരിച്ചുകൊണ്ടു പറയുകയാണു്: "നിന്നേപ്പോലെ ഒരു വിഡ്ഢിയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ചന്ദ്രൻ അടുത്തുവരുമ്പോഴാണു് നീ അതിൻെറ വലുപ്പം മനസ്സിലാക്കാൻ പോകുന്നതു്."

ജ്യേഷ്ഠാ, അതെല്ലാം പള്ളിക്കൂടത്തിൽവെച്ചു് നിങ്ങൾ പഠിക്കുന്ന അസംബന്ധങ്ങളാണു്. അമ്മ നമ്മെളെ ചുംബിക്കുവാനായി മുഖം കുനിക്കുമ്പോൾ, അമ്മയുടെ മുഖം അത്ര വലുതാകുന്നതായി ജ്യേഷ്ഠനു് തോന്നാറുണ്ടോ?

"നീയൊരു മണ്ടൻതന്നെ."—അപ്പോഴും അതായിരുന്നു ജ്യേഷ്ഠൻെറ മറുപടി.

*
The Astronomer

## 15

ശ്രാവസ്തിയിൽ ഒരു വലിയ ക്ഷാമം ബാധിച്ച കാലത്തു് ബുദ്ധദേവൻ തന്റെ ഭക്തരോടായിട്ടു് ഇങ്ങനെ ചോദിച്ചു: "നിങ്ങളിൽ ആരാണു് വിശക്കുന്നവക്കു് ഭക്ഷണംനല്കുന്ന ചുമതല കൈയേല്ക്കുക?"

പണവ്യാപാരിയായ രത്നാകരൻ പറഞ്ഞു: "എന്റെ ധനം മുഴുവനും ചിലവഴിക്കാമെന്നുവെച്ചാലും അക്കാൎയ്യത്തിനു മതിയാവാതെവരും."

രാജാവിന്റെ സൈന്യാധിപമുഖ്യനായ ജയസേനൻ പറഞ്ഞു: "എന്റെ ജീവനേപ്പോലും കൊടുക്കാൻ എനിക്കു സന്തോഷമാണു്. എന്നാൽ എന്റെ ഭവനത്തിൽ ഭക്ഷണപദാൎത്ഥങ്ങൾ മതിയാവാതെയാണിരിക്കുന്നതു്."

അനേകം ഏക്കർ കൃഷിഭൂമികളുള്ള ധൎമ്മപാലനാകട്ടെ, ഒരു നെടുവീൎപ്പിട്ടുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "നാശംപിടിച്ച ആ വരൾച്ച മൂലം എന്റെ കൃഷിയെല്ലാം കരിഞ്ഞുപോയി. രാജാവിനു കൊടുക്കേണ്ട വീതങ്ങൾതന്നെ എങ്ങനെ

കൊടുക്കാനാകുമെന്നു എനിയ്ക്കറിഞ്ഞുകൂടാ."

അപ്പോഠം ഭിക്ഷുകുമാരിയായ സുപ്രിയ എഴുന്നേററു് എല്ലാവരേയും തൊഴുതുകൊണ്ടു് വിനയപൂർവ്വം പറഞ്ഞു: ''വിശക്കുന്നവരെ ഞാൻ തീററിപ്പോററാം.''

''എങ്ങനെ?''—എല്ലാവരും വിസ്മയത്തോടെ ചോദിച്ചു.''ഇപ്പറഞ്ഞ വ്രതം നിറവേററാൻ ഭവതിയ്ക്കു് എങ്ങനെ സാധിക്കും?''

സുപ്രിയ പറഞ്ഞ മറുപടി എന്തായിരുന്നെന്നോ? ''നിങ്ങളെല്ലാവരിലുംവെച്ചു് ഞാൻ ഏററവും ദരിദ്രയാണു്. എന്നാൽ അതുതന്നെയാണു് എൻെറ ശക്തി. നിങ്ങളുടെ ഓരോ വീട്ടിലും ഞാൻ എൻെറ പണപ്പെട്ടിയും കലവറയും കണ്ടെത്തും.''

*
Fruit-Gathering-xxxi

വേണ്ട: പൂമൊട്ടുകൾ വിരിയിക്കുന്ന ജോലി നിന്റേതല്ല.

അതിനെ തട്ടിയുലയ്ക്കാൻ നിനക്കു കഴിയുമെങ്കിലും, അതിനെ ഒരു പുഷ്പമായി വികസിപ്പിക്കുക നിന്റെ ശക്തിയ്ക്കതീതമായ കാര്യമാണു്.

നിന്റെ സ്പർശനം തന്നെ അതിനെ മലിനമാക്കുന്നു. അതിനെ ഇതളുകളായിച്ചീന്തി പൂഴിയിൽ ചിതറിക്കുവാൻ നിനക്കു കഴിയും.

എന്നാൽ അതുകൊണ്ടൊന്നും പൂവിന്റെ നിറപ്പകിട്ടും പരിമളവും കിട്ടുന്നില്ല.

ഹാ! പൂമൊട്ടിനെ ഒരു പൂവായി വിരിയിക്കുന്ന ജോലി നിന്റേതല്ല.

. . . .

പൂമൊട്ടുകളെ വിരിയിക്കുവാൻ കഴിയുന്നവൻ എത്ര അനായാസമായിട്ടാണെന്നോ അതു് ചെയ്യുന്നതു്?

അവന്റെ ഒരു നോട്ടംമതി, അതിന്റെ ഞരമ്പുകളിൽ ജീവന്റെ നീരോട്ടമുണ്ടാക്കാൻ.

അവൻെറ നിശ്വാസമേല്ക്കുന്ന നിമിഷത്തിൽ പുഷ്പം അതിൻെറ ചിറകുകൾ വിരിച്ചു കാററിൽ നൃത്തമാടാൻ തുടങ്ങും.

*
Fruit-Gathering-xviii

അച്ഛൻ ഒട്ടധികം പുസ്തകങ്ങൾ എഴുതുന്നു വെന്നു് അമ്മ പറയുന്നു. പക്ഷേ, അദ്ദേഹം എഴുതുന്നതൊന്നും എനിക്കു് മനസ്സിലാകുന്നില്ല.

സായാഹ്നംതോറും അദ്ദേഹം അതെല്ലാം അമ്മയെ വായിച്ചുകേൾപ്പിക്കുന്നു; എന്നാൽ വാസ്തവത്തിൽ അതിൻെറ അത്ഥം വല്ലതും അമ്മയ്ക്കു മനസ്സിലാകുന്നുണ്ടോ?

അമ്മ ഞങ്ങളോടു് എന്തൊക്കെ രസികൻ കഥകളാണു് പറയാറുള്ളതു്. അച്ഛനു് അമ്മാതിരി കഥകൾ വല്ലതും എഴുതിക്കൂടയോ എന്നു് ഞാൻ ഓൎത്തുപോവുകയാണു്.

അദ്ദേഹം തൻെറ അമ്മയിൽനിന്നു് രാക്ഷസന്മാരുടേയും യക്ഷികളുടേയും കഥകളൊന്നും കേൾക്കാനിടവന്നിട്ടില്ലെന്നോ? അതോ, കേട്ടിട്ടു് അവയെല്ലാം മറന്നുപോയതാകുമോ?

. . . .

കുളിക്കാൻ വരുന്നതിനുതന്നെ അച്ഛനു് എന്തൊരു താമസമാണു് പലപ്പൊഴും; അമ്മ ചെ

ന്നു് ഒരു നൂറുവട്ടം വിളിച്ചാലാണല്ലൊ അദ്ദേഹം എഴുന്നേററുവരിക.

അദ്ദേഹത്തിനുള്ള ഭക്ഷണപദാത്ഥങ്ങൾ ചൂടാറാതെ സൂക്ഷിച്ചുകൊണ്ടു് അമ്മ കാത്തിരിക്കും. പക്ഷെ, അദ്ദേഹം അതെല്ലാം മറന്നു് പിന്നെയും എഴുതിക്കൊണ്ടങ്ങനെ കഴിയും.

അച്ഛൻ ഏതുനേരവും പുസ്തകങ്ങളുണ്ടാക്കി ക്കളിക്കുകതന്നെ.

എന്നാൽ ഞാൻ വല്ലപ്പോഴുമൊന്നു കളിക്കാനായി അച്ഛൻെറ മുറിയിലേയ്ക്കു കയറിയാൽ, "എന്തൊരു വികൃതിച്ചെറുക്കൻ" എന്നു് അമ്മ ശകാരിക്കുകയായി.

ഞാൻ ഏററവും ചെറിയ ഒരു ശബ്ദമുണ്ടാക്കിയാൽമതി, ''അച്ഛൻ ജോലിചെയ്യുകയാണെന്നറിഞ്ഞുകൂടെ?'' എന്നു് അമ്മ വഴക്കുപറയും.

എപ്പൊഴും ഇങ്ങനെ എഴുതിയെഴുതിക്കൊണ്ടിരിക്കുന്നതെന്തിനാണാവോ?

. . . .

ഞാൻ അച്ഛൻെറ പേനയോ പെൻസിലോ എടുത്തു്, അദ്ദേഹം ചെയ്യുന്നതുപോലെ, അദ്ദേഹത്തിൻെറ പുസ്തകത്തിൽ എ. ബി. സി. ഡി.

എന്നു കുറിച്ചുതുടങ്ങുമ്പോൾ അമ്മ എന്തിനാണ് എന്നെ തടുക്കുന്നതു്?

എന്നാൽ അച്ഛൻ എഴുതുമ്പോൾ, അമ്മ ഒരക്ഷരം മിണ്ടില്ലതാനും.

. . . .

അച്ഛൻ കടലാസ്സുകൾ എഴുതി അട്ടിയട്ടിയായി നഷ്ടപ്പെടുത്തുന്നതു് അമ്മ ഒട്ടുംതന്നെ ക്രുദ്ധാകുന്നില്ല.

എന്നാൽ ഞാൻ തോണിയുണ്ടാക്കാനായി ഒരു താള് കടലാസ്സു് എടുക്കുന്നതു കണ്ടാൽ, "കുഞ്ഞേ, നീ എന്തൊരുപദ്രവിയാണു്?" എന്നു് അമ്മ കലശൽക്രുദ്ധം.

രണ്ടുപുറത്തും കറുത്ത പുള്ളിക്കുത്തുകൾ നിറച്ചു് അച്ഛൻ കടലാസ്സുകൾ താളുതാളായങ്ങനെ നശിപ്പിക്കുന്നതിനേപ്പററി അമ്മയ്ക്കു് എന്താണാവോ തോന്നുക?

*
Authorship

THE KOTTA[YAM PUBLIC LI]BRARY. KOTTAYAM.

മഴ കലശലായിരുന്നു. നദിയിൽ വെള്ളം ഇരമ്പിപ്പാഞ്ഞു. ജലപ്രവാഹം ആ ദ്വീപിനെ നക്കിനക്കി വിഴുങ്ങുകയായി. അലിഞ്ഞുകൊണ്ടിരുന്ന കരയിൽ ഞാൻ എൻെറ ചോളക്കററകൾ ഒരു കൂമ്പാരമായിക്കൂട്ടിവെച്ച് ഏകനായങ്ങനെ കാത്തുനിന്നു.

മറുകരയിലെ നിഴല്പാട്ടുകളിൽ നിന്നാണ് തോണി കടന്നുവരിക; ഒരു സ്ത്രീയാണ് അതിൻെറ അമരംപിടിക്കുന്നതു്.

ഞാൻ അവളോടു വിളിച്ചുപറഞ്ഞു, 'വിശന്നു വെറിപൂണ്ടൊഴുകുന്ന വെള്ളത്താൽ വലയം ചെയ്യപ്പെട്ട ഈ ദ്വീപിലേയ്ക്കു വന്ന് എൻെറ ഇക്കൊല്ലത്തെ വിളവു കൊണ്ടുപോകുവിൻ' എന്നു്.

അവൾ വന്നു് എൻെറ വിളവു ഒരു മണിപോലും കളയാതെ അവളുടെ തോണിയിൽ കയററി.

എന്നേക്കൂടി കൊണ്ടുപോകണമെന്നു് ഞാൻ

ആവശ്യപ്പെട്ടു.

"നിവൃത്തിയില്ല."— അതായിരുന്നു അവളുടെ മറുപടി. ഞാൻ നൽകിയ ദാനങ്ങൾ കൊണ്ടു് തോണി നിറഞ്ഞുപോയതിനാൽ എനിക്കു സ്ഥലമില്ലാതെവന്നു.

*
The Fugitive and Other Poems-xvii

എൻെറ കുഞ്ഞേ, നീ കണ്ണുനീർ പൊഴിക്കുന്നതെന്തിനു്?

ഒരു കാൎയ്യവുമില്ലാതെ നിന്നെ എപ്പൊഴും ശകാരിച്ചുകൊണ്ടിരിക്കുന്നവർ എത്രയോ നിഷ്ഠുരന്മാരാണു്!

എഴുതിക്കൊണ്ടിരുന്നപ്പോൾ മഷിപുരണ്ടു് നിൻെറ കൈയും മുഖവും അഴുക്കായത്രെ—അതിന്നാണോ അവർ നിന്നെ വൃത്തികെട്ടവൻ എന്നു വിളിക്കുന്നതു്?

കഷ്ടം! പൂൎണ്ണചന്ദ്രൻെറ മുഖത്തു് കരിനിഴൽ കണ്ടുവെന്നുവെച്ചു് അവർ ചന്ദ്രനെ ശുദ്ധിയില്ലാത്തവനായിക്കരുതുമോ?

കുഞ്ഞേ, എത്ര നിസ്സാരകാൎയ്യത്തിനും അവർ നിന്നെ കുററപ്പെടുത്തുന്നു. ഒരു കാരണവുമില്ലെങ്കിലും കുററം കണ്ടുപിടിക്കാൻ അവർ തയ്യാറാണു്.

കളിച്ചുകൊണ്ടിരുന്നപ്പോൾ നിൻെറ വസ്ത്രം കീറിപ്പോയത്രെ,-അതിന്നാണോ അവർ നിന്നെ

അന്തസ്സില്ലാത്തവൻ എന്നു വിളിക്കുന്നതു്?

അങ്ങനെയെങ്കിൽ, കീറിപ്പറിഞ്ഞ മേഘശകലങ്ങളുടെയിടയിലൂടെ പുഞ്ചിരിതൂകിയെത്തുന്ന ശരൽക്കാലപുലരിക്കു് അവർ എന്തു് പേർ പറയുമാവോ?

എൻെറ കുഞ്ഞേ, നീ അവർ പറയുന്നതൊന്നും വകവയ്ക്കേണ്ട.

നിൻെറ കുററങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ അവർ തയ്യാറാക്കിയെന്നുവരും.

മധുരമുള്ള സാധനങ്ങൾ നിനക്കു് എത്രയോ ഇഷ്ടമാണെന്നു് എല്ലാവർക്കുമറിയാം,—അതിന്നാണോ അവർ നിന്നെ കൊതിയനെന്നു വിളിക്കുന്നതു്?

ഓ! കഷ്ടം! അപ്പോൾ നിന്നെ സ്നേഹിക്കുന്ന ഈ ഞങ്ങളെ അവർ എന്തുപേരാണാവോ വിളിക്കുക?

*
Defamation

THE KOTTAYAM ... LIBRARY KOTTAYAM

ഒരു ചിത്രകാരൻ പ്രദശ്നചന്തയിൽവെച്ച ചിത്രങ്ങരം വില്ക്കുകയായിരുന്നു. ഒരു മന്ത്രിയുടെ പുത്രൻ തൻെറ ഭൃത്യന്മാരോടൊന്നിച്ച് അവിടെയെത്തി.

മന്ത്രി ചെറുപ്പമായിരുന്നപ്പോരം ഈ ചിത്രകാരൻെറ പിതാവിനെ എന്തോ സംഗതിയിൽ വഞ്ചിച്ചതിനാൽ, ആ മനുഷ്യൻ ഭഗ്നാശനായി മരിക്കുകയാണുണ്ടായതു്.

മന്ത്രികുമാരൻ ചുററിപ്പററിനിന്നു് ഒരു ചിത്രം തിരിഞ്ഞെടുത്തു. ചിത്രകാരൻ ആ പടം ഒരു ശീലകൊണ്ടു മൂടിവെച്ചിട്ടു് താൻ അതു വില്ക്കുന്നില്ലെന്നു പറഞ്ഞു.

കുട്ടിക്കു് അതിൽവെച്ച വലിയ മനഃക്ലേശമുണ്ടായി. വലിയ വില കൊടുക്കാമെന്നു പറഞ്ഞു് ഒടുവിൽ അച്ഛൻതന്നെ ആ ചിത്രം ആവശ്യപ്പെട്ടു.

എന്നാൽ ചിത്രകാരൻ അതു് കൊടുത്തില്ല. അയാരം തൻെറ കടയുടെ ഭിത്തിമേൽ ആ ചി

ത്രും തൂക്കിയിട്ടുകൊണ്ടു് "ഇതാണു് എൻെറ പ്രതികാരം" എന്നുപറഞ്ഞു് അതിൻെറ മുമ്പിൽ കോപംപൂണ്ടിരിക്കുക ഒരു പതിവായിത്തീൎന്നു.

ആ കലാകാരൻ ദിവസംപ്രതി രാവിലെ തൻെറ ഇഷ്ടദേവതയുടെ ഒരു ചിത്രം വരയ്ക്കാറുണ്ടായിരുന്നു; അയാളുടെ പ്രഭാതാരാധന മുഴുവൻ രൂപംകൊണ്ടിരുന്നതു് ആ ജോലിയിലാണെന്നു പറയാം.

പതിവായി വരച്ചിരുന്ന ആ ചിത്രത്തിനു് ക്രമേണ എന്തോ ഒരു വലിയ മാററംവരുന്നതായി ചിത്രകാരനു തോന്നി.

അയാൾ കുഴങ്ങിത്തപ്പെട്ടു് അതിനുള്ള കാരണമെന്തെന്നു് ചിന്തിച്ചു; പക്ഷേ, ഒരു പിടിയും കിട്ടിയില്ല.

ഒരു ദിവസം ഇഷ്ടദേവതയുടെ ചിത്രം വരച്ചുകൊണ്ടിരിക്കെ, അയാൾ പെട്ടെന്നു് ഞെട്ടിത്തെറിച്ചെഴുന്നേററു. ആ ചിത്രത്തിൽ താൻ വരച്ചതു് മന്ത്രിയുടെ കണ്ണുകളും ചുണ്ടുകളുമാണെന്നു് അയാൾ കണ്ടു.

''എൻെറ പ്രതികാരം എൻെറ തലയിലേയ്ക്കുതന്നെ തിരിച്ചടിച്ചല്ലോ'' എന്നു പറഞ്ഞു് അയാൾ ആ ചിത്രം കീറിക്കളഞ്ഞു.

*
The Fugitive and Other Poems-xxx

# 21

ഞാൻ നിരന്തരമെന്നോണം അങ്ങയുടെ പടിവാതില്ക്കൽ വന്ന് വീണ്ടും വീണ്ടും കൂടുതൽ കൂടുതൽ ദാനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

അങ്ങന്ന് പിന്നെയും പിന്നെയും അവ എനിയ്ക്കു നല്കി,—ചിലപ്പോൾ മിതമായും, ചിലപ്പോൾ അത്യധികമായും.

ഞാൻ ചിലതെല്ലാം സ്വീകരിച്ചു; ചിലതെല്ലാം ഉപേക്ഷിച്ചു; ചിലത് എൻെറ കരങ്ങൾക്കു ഭാരമായിത്തീൎന്നു; മററു ചിലത് കളിപ്പാട്ടങ്ങളായി ഉപയോഗിച്ചു മടുപ്പുതോന്നിയപ്പോൾ ഞാൻ ഉടച്ചുകളഞ്ഞു—ഇങ്ങനെ അങ്ങയുടെ ദാനങ്ങളും അവയുടെ നഷ്ടശിഷ്ടങ്ങളും കുന്നുകുന്നായിക്കൂടി അങ്ങയെ എന്നിൽനിന്നു മറച്ചുകളയുകയും, അന്തമില്ലാത്ത മോഹം എൻെറ ഹൃദയത്തെ മുഷിപ്പിക്കുകയും ചെയ്തിരിക്കുന്നു.

തന്നതൊക്കെ അങ്ങ് തിരച്ചെടുക്കണേ എന്നായിത്തീൎന്നിരിക്കുന്നു ഇപ്പോൾ എൻെറ മുറവിളി.

ഈ യാചകൻെറ ഭിക്ഷാപാത്രത്തിലുള്ളതെല്ലാം അങ്ങന്നു് ചിതറിക്കുക; നിക്ഷേപങ്ങൾക്ക കാവൽനില്ക്കുന്ന ഈ അതിമോഹിയുടെ വിളക്കണച്ചുകളയുക; അങ്ങയുടെ ദാനങ്ങൾ പെരുകിപ്പെരുകിയുണ്ടാകുന്ന ക്രമ്പാരത്തിനടിയിൽനിന്നു് അങ്ങയുടെ അനന്തവും ഏകാന്തവുമായ കേവലസന്നിധാനത്തിലേയ്ക്കു് എന്നെ കൈപിടിച്ചുയത്തിയാലും.

*
Fruit-Gathering-xxviii

## 22

ഇണങ്ങിയ പക്ഷി കൂട്ടിലും, സ്വതന്ത്രപക്ഷി കാട്ടിലും കഴിയുകയായിരുന്നു.

വിധിവശാൽ കണ്ടുമുട്ടേണ്ട കാലമായപ്പോൾ, അവർ തമ്മിൽ കണ്ടു.

സ്വതന്ത്രപക്ഷി പറഞ്ഞു: "ഓ, എന്റെ സ്നേഹഭാജനമേ, നമുക്കു കാട്ടിലേയ്ക്കു പറന്നു പോവാം."

കൂട്ടിലെ പക്ഷി പറഞ്ഞു: "വരൂ, ഇങ്ങോട്ടുവരിക. നമുക്കിരുവർക്കും കൂടി ഈ കൂട്ടിൽ പാർക്കാം."

"അഴികളിട്ടുറപ്പിച്ച ആ കൂട്ടിലോ? ചിറകുകളൊന്നു വിരിക്കാൻ പോലും അവിടെ സ്ഥലമില്ലല്ലൊ."—സ്വതന്ത്രപക്ഷി പറഞ്ഞു.

"ആകാശത്തിൽ എനിയ്ക്കു് കുത്തിയിരിക്കാൻ പററിയ വടിക്കഷണം എങ്ങനെ കിട്ടും?"—എന്നായി കൂട്ടിലെ പക്ഷി.

. . . .

"എന്റെ ഓമനേ, നീ വനഗീതങ്ങൾ പാടിയാലും."— സ്വതന്ത്രപക്ഷി ആവശ്യപ്പെട്ടു.

അപ്പോൾ കൂട്ടിലെ പക്ഷി പറഞ്ഞു: "നീ

ഇവിടെ എൻ്റെയരികിൽ വന്നിരിക്കുക. ഞാൻ നിന്നെ അഭിജ്ഞന്മാരുടെ ഭാഷ പഠിപ്പിക്കാം."

"ഹേയ്, പഠിപ്പിക്കുകയോ? പാട്ടുകൾ പഠിക്കപ്പെടാവുന്നവയല്ലല്ലോ."—സ്വാതന്ത്ര്യപക്ഷി.

"എൻെറ ഭാഗ്യദോഷത്തിന്, വനഗീതങ്ങളൊന്നും എനിക്കറിഞ്ഞുകൂട."— കൂട്ടിലെ പക്ഷി ഏററുപറഞ്ഞു.

. . . .

ദീർഘകാലത്തെ ആകാംക്ഷയാൽ ഈടുററതാണ് അവയുടെ സ്നേഹം. എന്നാൽ ചിറകോടുചിറകു ചേർത്തൊന്നു പറക്കുവാൻ അവയ്ക്കൊരിക്കലും സാദ്ധ്യമല്ല.

അഴികൾക്കിടയിലൂടെ അവ പരസ്പരം നോക്കുന്നു; പക്ഷേ, ഇരുവരുടേയും അന്തർഗ്ഗതം പരസ്പരം മനസ്സിലാക്കാമെന്നുള്ള ആശ നിഷ്ഫലമത്രെ.

"സ്നേഹഭാജനമേ; വരൂ, ഇങ്ങോട്ടടുത്തുവരിക" എന്ന് ഇരുവരും ചിറകടിച്ചുപാടുന്നു.

അതേ സമയം തന്നെ സ്വാതന്ത്ര്യപക്ഷി പറയും: "ഹേയ്, ഞാൻ വരുന്നില്ല; അടച്ചിട്ടിരിക്കുന്ന കൂടുകണ്ടിട്ട് എനിക്കു പേടിയാകുന്നു."

"എൻെറ ചിറകുകളുടെ ശക്തി നഷ്ടപ്പെട്ട് അവ നിർജ്ജീവങ്ങളായിരിക്കുന്നു" എന്ന് കൂട്ടിലെ പക്ഷിയും.

* The Gardener—vi

"സ്വാമിൻ, നരോത്തം എന്ന ആ സിദ്ധനില്ലേ, അദ്ദേഹം അങ്ങയുടെ രാജകീയക്ഷേത്രത്തിൽ കയറാതെ കഴിച്ചുകൂട്ടുകയാണ്."— ഭൃത്യൻ ചെന്നു് രാജാവിനെ അറിയിച്ചു.

"അദ്ദേഹം വഴിയരികിലുള്ള മരങ്ങളുടെ ചുവട്ടിലിരുന്നു ദൈവസ്തവം പാടുന്നു. ക്ഷേത്രത്തിൽ ആരാധകരായി ആരുംതന്നെയില്ല." — ഭൃത്യൻ തുടൎന്നു.

"തേൻ നിറച്ച സുവൎണ്ണകുംഭം ഉപേക്ഷിച്ചു് വെള്ളത്താമരപ്പൂവിലേയ്ക്കു പായുന്ന തേനീച്ചകളേപ്പോലെ, ജനങ്ങൾ അദ്ദേഹത്തിൻെറ ചുററിലും ഇരമ്പിക്കൂടുകയാകുന്നു."

. . . .

രാജാവിനു് വലിയ മനശ്ശല്യംതോന്നി. നരോത്തം ഇരുന്നിരുന്ന സ്ഥലത്തേയ്ക്കു് അദ്ദേഹം ഇറങ്ങിച്ചെന്നു. സിദ്ധൻ അപ്പോൾ വഴിയരികിൽ പുല്ലിൻപുറത്തിരിക്കുകയായിരുന്നു.

"പിതാവേ, അങ്ങുന്നു് സുവൎണ്ണതാഴികക്കുടം

കൊണ്ടു് സമലംകൃതമായ എന്റെ ക്ഷേത്രത്തെ ഉപേക്ഷിച്ചു് എന്തിനു് ഇവിടെ ഈ പൂഴിയിലിരുന്നു് ദൈവസ്നേഹം പ്രസംഗിക്കുന്നു?"— രാജാവു ചോദിച്ചു.

"അവിടെ അങ്ങയുടെ ക്ഷേത്രത്തിൽ ദൈവം ഇല്ലാത്തതുകൊണ്ടുതന്നെ."— നരോത്തം മറുപടിപറഞ്ഞു.

ഇതുകേട്ടു് കുപിതനായിത്തീന്ന രാജാവു് ഇങ്ങനെ ചോദിച്ചു: "എന്തു്? ഇരുന്തൂറലക്ഷം സ്വണ്ണനാണ്യങ്ങൾ ചിലവഴിച്ചാണു് ആ അത്ഭുതകലാശില്പം നിമ്മിച്ചതെന്നും, വളരെ പണച്ചിലവുള്ള കമ്മങ്ങൾകഴിച്ചാണു് അതിനെ ദൈവത്തിനു പ്രതിഷ്ഠിച്ചതെന്നും അറിഞ്ഞുകൂടെയോ?"

"ഉവ്വു്, അതെനിയ്ക്കറിയാം."— നരോത്തം പറഞ്ഞു. "ആ ആണ്ടിൽത്തന്നെയാണല്ലോ, അഗ്നിബാധയാൽ ഭവനരഹിതരായിത്തീന്ന അനേകായിരം ജനങ്ങൾ അങ്ങയുടെ അരമനവാതില്ക്കൽ വന്നു് സഹായം അപേക്ഷിച്ചു നിരാശരായിത്തിരിച്ചുപോയതും!

"അന്നു് ദൈവം അരുളിച്ചെയ്തതെന്താണെന്നോ? 'തന്റെ സഹോദരങ്ങൾക്കു തലചായിക്കാനിടംനല്കാത്ത നരാധമൻ എനിയ്ക്കുവേണ്ടി

മണിമന്ദിരം ചമയ്ക്കുന്നപോലും.'

"കിടപ്പിടമില്ലാത്ത ആ ജനങ്ങളോടൊന്നിച്ച് ദൈവം ഇപ്പോൾ പെരുവഴിയിലെ മരത്തണലിൽ കൂടിയിരിക്കുകയാണു്.

"അക്കാണുന്ന സുവർണ്ണതാഴികക്കുടം വെറും പൊള്ളയാകുന്നു. അതിനുള്ളിൽ അഹങ്കാരത്തിൻെറ ആവിയല്ലാതെ വേറൊന്നുമില്ല."

. . . .

"നീ എൻെറ നാടുവിട്ടു് പോകണം."—രാജാവു് രോഷപൂർവ്വം ആജ്ഞാപിച്ചു.

"അതെ, എൻെറ ദൈവത്തെ നാടുകടത്തിയേടത്തേയ്ക്കുതന്നെ അങ്ങുന്നു് എന്നേയും നാടുകടത്തുക."—സിദ്ധൻ ശാന്തമായി മറുപടിപറഞ്ഞു.*

*
Fruit-Gathering-xxxiv

“ഞാൻ എവിടെനിന്നാണു് വന്നതു്? അമ്മ എവിടെനിന്നാണു് എന്നെ ഉയൎത്തിയെടുത്തതു്?”—ശിശു തന്റെ അമ്മയോടു ചോദിച്ചു.

ശിശുവിനെ മാറോടണച്ചാശ്ലേഷിച്ചുകൊണ്ടു്, അവൾ ഒട്ടു കരഞ്ഞും ഒട്ടു ചിരിച്ചും ഇങ്ങനെ മറുപടിപറഞ്ഞു:

“ഓമനേ, നീ എന്റെ ഹൃദയത്തിൽ അതിന്റെ അഭിലാഷസ്വപ്നമായി മറഞ്ഞിരിക്കുകയായിരുന്നു.

നീ എന്റെ ബാല്യകാലലീലകളിലെ പാവയായിരുന്നു; പ്രഭാതംതോറും ഞാൻ എന്റെ ദൈവത്തിന്റെ പ്രതിരൂപം ഉണ്ടാക്കിയിരുന്നപ്പോഴെല്ലാം ഞാൻ നിന്നെ നിൎമ്മിക്കുകയും നിൎമ്മൂലമാക്കുകയുമാണു് ചെയ്തിരുന്നതു്.

നമ്മുടെ കുലദൈവതയോടൊപ്പം നിന്നെയും പ്രതിഷ്ഠിച്ചിട്ടു്, അവിടത്തെ ആരാധിക്കുന്ന കൂട്ടത്തിൽ ഞാൻ നിന്നെയും ആരാധിച്ചു.

എന്റെ സകല പ്രത്യാശകളിലും, സകല പ്രണയങ്ങളിലും, എന്റെ ജീവിതത്തിലും, എ

ൻെറ മാതാവിൻെറ ജീവിതത്തിലും നീ ജീവിച്ചുപോരുകയായിരുന്നു.

നമ്മുടെ കുടുംബത്തെ ഭരിക്കുന്ന അനശ്വരസത്തയുടെ മടിത്തട്ടിൽ നീ അനേകയുഗങ്ങളോളം പരിലാളിക്കപ്പെട്ടുപോന്നിരുന്നു.

ഞാൻ ഒരു കൊച്ചു പെൺകുട്ടിയായിരുന്ന കാലത്തു് എൻെറ ഹൃദയത്തിൻെറ ഇതളുകൾ വിടൎന്നുതുടങ്ങിയപ്പോൾ, നീ അതിൻെറ ചുററിലും നറുമണം ചൊരിഞ്ഞുകൊണ്ടിരുന്നു.

എൻെറ യൗവനത്തിലാകട്ടെ, സൂൎയ്യോദയത്തിനു മുമ്പു് ആകാശത്തിലുണ്ടാകുന്ന തേജസ്സുപോലെ, പരിമൃദുലമായ നിൻെറ കോമളിമ എന്നിൽ സാംഗോപാംഗം വികസിക്കുകയായി.

സ്വൎഗ്ഗത്തിൻെറ ഒന്നാമത്തെ ഓമനയും പ്രഭാതവെളിച്ചത്തിൻെറകൂടെ ഇരട്ടപെററുണ്ടായ പ്രകാശവുമായ നീ, ലോകത്തിൻെറ ജീവിതജലപ്പരപ്പിനുമേൽ പൊന്തിനടന്നിട്ടു് ഒടുവിൽ എൻെറ ഹൃദയത്തിൽവന്നു തങ്ങുകയാണുണ്ടായതു്.

ഞാൻ നിൻെറ വദനത്തിലേയ്ക്കു് ഉററുനോക്കുമ്പോൾ എൻെറ ഹൃദയം എന്തോ നിഗ്രഢതയാൽ നിറയുന്നു. എല്ലാവൎക്കും അവകാശപ്പെ

ട്ടിരുന്ന നീ ഇപ്പോൾ എൻെറ സ്വന്തമായി ത്തീന്നിരിക്കുകയാണു്.

നീ നഷ്ടപ്പെട്ടുപോയേക്കുമെന്ന ഭയം നിമിത്തം ഞാൻ നിന്നെ എൻെറ മാറിലേയ്ക്കമത്തിപ്പിടിക്കുന്നു. ലോകത്തിൻെറ ഒരു മഹാനിക്ഷേപത്തെ എൻെറ മെലിഞ്ഞ കരങ്ങളിൽ കൊണ്ടു വന്നുകുടുക്കിയ മാന്ത്രികശക്തി എന്താണാവോ?

*
The Beginning

"അന്തമില്ലാത്ത ഈ ഒരുക്കങ്ങളെല്ലാം എന്തിനു്? ആരെങ്കിലും വരുന്നുണ്ടോ?"—ഞാൻ മനസ്സിനോടു ചോദിച്ചു.

മനസ്സു പറഞ്ഞു: "ഞാൻ സാധനങ്ങൾ ശേഖരിച്ചു് മണിഗോപുരങ്ങൾ കെട്ടുന്ന ഗംഭീരതിരക്കിലിരിക്കുകയാണു്. ഇമ്മാതിരി ചോദ്യങ്ങൾക്കു് ഉത്തരം പറയാൻ എനിക്കു നേരമില്ല."

ഞാൻ വിനയത്തോടെ എൻെറ ജോലിയ്ക്കു പോയി.

സാധനങ്ങൾ കുന്നുകൂടിക്കിടക്കുന്നു; കൊട്ടാരത്തിൻെറ ഏഴു നിലകളുടെ പണി കഴിഞ്ഞു. അപ്പോൾ ഞാൻ മനസ്സിനോടു ചോദിച്ചു, 'ഇത്രയും പോരേ?' എന്നു്.

"സ്ഥലം മതിയാവില്ല...."—മനസ്സു് ഈ മറുപടി പെട്ടെന്നു നിർത്തിക്കളഞ്ഞു.

"എന്തിനുവേണ്ടിയാണു് സ്ഥലം മതിയാവാത്തതു്?"—ഞാൻ എടുത്തുചോദിച്ചു.

മനസ്സു് അതു കേട്ട ഭാവം കാണിച്ചില്ല.

മനസ്സിനു് അതറിഞ്ഞുകൂടെന്നും, അന്തമില്ലാത്ത ജോലിത്തിരക്കിൻെറ പേരിൽ സംഗതി മറച്ചുവയ്ക്കുയാണെന്നും എനിയ്ക്കു തോന്നി.

ഒരു ന്യായമേ മനസ്സിനു പറയാനുള്ളു: "കൂടുതൽ വേണം, കൂടുതൽവേണം" എന്നു്.

"എന്തിനുവേണ്ടി?"

"വലുപ്പത്തിനുവേണ്ടി."

"വലുപ്പം എന്നാൽ എന്തു്?"

മനസ്സു മിണ്ടുന്നില്ല. ഞാൻ മറുപടിക്കായി നിർബ്ബന്ധിച്ചു.

അപ്പോൾ അവജ്ഞയും അരിശവും പൂണ്ടു് മനസ്സ് ഇങ്ങനെ പറഞ്ഞു: "കൺമുമ്പിൽ കാണുന്ന വലിയ വലിയ കാര്യങ്ങൾതന്നെ നോക്കുക: ആ മത്സരവും സമരവും, പട്ടാളവും പടക്കോപ്പുകളും, കല്ലും കുമ്മായവും, എണ്ണമററ പണിക്കാരുമെല്ലാം വലുപ്പം എന്താണെന്നു് കാണിച്ചുതരുന്നില്ലേ?"

മനസ്സിനു് കാര്യബോധമുണ്ടെന്നു് എനിക്കു തോന്നി.

. . . .

എന്നാൽ അതാ, ഉത്തുംഗമായ ആ സൗധം തകർന്നു മണ്ണടിഞ്ഞുകിടക്കുന്നു.

മനസ്സ് ചുററിലും നോക്കിയിട്ട് അവിടെ കണ്ടതെന്താണെന്നോ?

പുലർകാലനക്ഷത്രവും പിന്നെ മഞ്ഞുതുള്ളിയിൽ കുളിച്ചുനില്ക്കുന്ന ഒരു ലില്ലിപ്പൂവും മാത്രം.

*
The Fugitive and Other Poems-xix-i

ക്ഷേത്രത്തിലെ വിഗ്രഹം രഥത്തിലേററി ആ പുണ്യനഗരത്തിലൂടെ എഴുന്നള്ളിക്കുന്ന ദിവസമായി.

"നമുക്കു് ഉത്സവം കാണാൻ പോണം."—രാജ്ഞി രാജാവിനോടു പറഞ്ഞു.

രാജധാനിയിൽ ഒരാൾക്കുമാത്രം ആ ഭക്തപരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. രാജാവിൻെറ കുതിരക്കാരൻ,— അയാൾ അന്നും കുതിരകൾക്കു പുല്ലുവെക്കുന്ന തിരക്കിലായിരുന്നു.

അയാളോടു സഹതാപം തോന്നിയിട്ടു് ഭൃത്യവർഗ്ഗത്തിൻെറ തലവൻ പറഞ്ഞു, "നീ ഞങ്ങളോടുകൂടി പോരുക" എന്നു്.

"അതു പാടില്ല."—കുതിരക്കാരൻ തലകുനിച്ചുകൊണ്ടു് മറുപടിപറഞ്ഞു.

. . . .

പ്രദക്ഷിണം തിരിച്ചുവരുമ്പോൾ മന്ത്രി ആനപ്പുറത്തിരുന്നുകൊണ്ടു്, "നീ വന്നു് രഥാരൂഢനായ ദൈവത്തെ ദശിക്കുക" എന്നു് ആ കുതിര

ക്കാരനോടു വിളിച്ചുപറഞ്ഞു.

"ദൈവദർശനം രാജകീയമായ രീതിയിൽ നടത്താൻ ഞാനാളല്ല."—ആ സാധുവിൻെറ മറുപടി.

"രഥാരൂഢനായ ദൈവത്തെ കാണ്മാൻ ഇനി എപ്പോഴാണ് നിനക്കു ഭാഗ്യമുണ്ടാവുക?" —മന്ത്രി ചോദിച്ചു.

"ദൈവം എൻെറ വാതില്ക്കൽ വരുമ്പോൾ."—അതായിരുന്നു കുതിരക്കാരൻെറ ഉത്തരം.

മന്ത്രി ഉച്ചത്തിലൊന്നു ചിരിച്ചുകൊണ്ടു് പറഞ്ഞു: "രാജാവുപോലും അങ്ങോട്ടുചെന്നു് ദൈവദർശനം നടത്തുന്നു. നിന്നെ സന്ദർശിക്കാൻ ദൈവം നിൻെറ വാതില്ക്കലേയ്ക്കു വരും, അല്ലേ?"

"ദൈവമല്ലാതെ മററാരാണ് പാവപ്പെട്ടവരെ സന്ദർശിക്കുക?"—കുതിരക്കാരൻെറ മറുപടി.

*
The Fugitive and Other Poems-xix

# 27

ഞാൻ ചെറുതാണു്. കാരണം, ഞാൻ ഒരു കുട്ടിയത്രേ. എന്റെ അച്ഛന്റെ പ്രായത്തിലെത്തുമ്പോൾ, ഞാൻ ഒരു വലിയ മനുഷ്യനായിരിക്കും.

എന്റെ ഗുരുനാഥൻ വന്നിട്ടു്പറയുന്നു: "സമയം വൈകി. നിന്റെ സ്ലേയിററും പുസ്തകങ്ങളും കൊണ്ടുവരിക."

"ഞാൻ എന്റെ അച്ഛനേപ്പോലെ വലുതായതറിഞ്ഞില്ലേ? ഞാൻ ഇനി പാഠങ്ങൾ പഠിക്കേണ്ട കാര്യമില്ല."—എന്റെ ഉത്തരം.

അപ്പോൾ ഗുരുനാഥൻ അത്ഭുതം കൂറികൊണ്ടു് ഇങ്ങനെ പറയും: "അവനു് വേണമെങ്കിൽ ഇനി പുസ്തകങ്ങൾ ഒഴിവാക്കാം. കാരണം, അവൻ വലുതായിക്കഴിഞ്ഞു."

. . . .

ഞാൻ ഉടുത്തൊരുങ്ങി, ആളുകൾ തടിച്ചു കൂടിയിരിക്കുന്ന ഉത്സവസ്ഥലത്തേയ്ക്കു നടന്നുചെല്ലും.

അപ്പോൾ അമ്മാവൻ എൻെറ അടുക്കലേ യ്ക്കു ഓടിവന്നിട്ടു പറയും: "എൻെറ കുഞ്ഞേ, നീ ആൾക്കൂട്ടത്തിലേയ്ക്കു പോയാൽ ഒരു പിടിയും കി ട്ടില്ല; ഞാൻ നിന്നെ എടുത്തുകൊണ്ടുപോകാം."

"ഞാൻ അച്ഛനേപ്പോലെ വലുതായിക്കഴി ഞ്ഞെന്നു് അമ്മാവൻ കാണുന്നില്ലേ? ഉത്സവ ത്തിനു് ഞാൻ ഒററയ്ക്കുതന്നെ പൊയ്ക്കൊള്ളാം."

"ശരി; അവൻ വലുതായിട്ടുണ്ടു്."— അമ്മാ വൻ പറയും. "ഇനി, അവനു് ഇഷ്ടംപോലെ എവിടെയും പോകാം."

. . . .

അമ്മ കുളികഴിഞ്ഞു വരുമ്പോൾ, ഞാൻ എ ൻെറ ധാത്രിയുടെ കൈയിലേയ്ക്കു പണം കൊടു ക്കുകയായിരുന്നു. താക്കോലിട്ടു പെട്ടിതുറക്കാൻ ഞാൻ പഠിച്ചുകഴിഞ്ഞു.

"കുസൃതിച്ചെറുക്കാ, നീ എന്താണു് ചെയ്യു ന്നതു്?"—അമ്മയുടെ ചോദ്യം.

"ഞാൻ അച്ഛനേപ്പോലെ വലുതായിക്കഴി ഞ്ഞെന്നു് അമ്മയ്ക്കറിഞ്ഞുകൂടെ? ഞാൻ എൻെറ ധാത്രിയ്ക്കു വെള്ളിനാണയം നല്കും."— എൻെറ മറുപടി.

"ശരി, അവൻ വലുതായിക്കഴിഞ്ഞു. ഇനി

അവനു് ഇഷ്ടംപോലെ ആക്കും പണംകൊടുക്കാം."—അമ്മ തന്നത്താൻ പറയും.

. . . .

ഒക്ടോബർമാസത്തിലെ അവധിക്കാലത്തു് അച്ഛൻ വീട്ടിലേയ്ക്കു വന്നു. ഞാൻ അപ്പോഴും ഒരു കുട്ടിയാണല്ലോ എന്നുകരുതി, എനിയ്ക്കുവേണ്ടി പട്ടണത്തിൽനിന്നു് കൊച്ചുകൊച്ചു ചെരിപ്പുകളും പട്ടുടുപ്പുകളും വാങ്ങിക്കൊണ്ടായിരുന്നു അച്ഛൻെറ വരവു്.

അപ്പോൾ ഞാൻ പറയുകയാണു്: "അച്ഛാ, അതൊക്കെ ജ്യേഷ്ഠനു കൊടുത്തേക്കുക. കാരണം, ഞാൻ അച്ഛനേപ്പോലെ വലുതായിക്കഴിഞ്ഞു."

അച്ഛൻ ചിന്താമഗ്നനായങ്ങനെ നിന്നിട്ടു് പറയും: "അവൻ വലുതായിക്കഴിഞ്ഞ സ്ഥിതിയ്ക്കു്, സ്വന്തം അവശ്യത്തിനുള്ള വസ്ത്രങ്ങൾ അവൻതന്നെ ഇനി വാങ്ങിക്കൊള്ളും."

*
The Little Big Man

"അങ്ങയുടെ കൈകഠം അറിഞ്ഞുതരുന്ന തെന്തോ, അതു് ഞാൻ സ്വീകരിക്കുന്നു; കൂടുത ലായൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല."

"മിതശീലനായ യാചകാ, ഒരുവനു് എ ന്തെല്ലാമുണ്ടോ, അതെല്ലാമാണു് നീ ആവശ്യ പ്പെടുന്നതു്."

. . . .

"ഒരു പൂവെങ്ങാനും ബാക്കിവന്നിട്ടുണ്ടെ ങ്കിൽ, അതു് എനിക്കു തന്നാൽ ഞാൻ എന്റെ മാറിൽ ധരിക്കാം."

"അതിന്മേൽ മുള്ളുകളുണ്ടെങ്കിലോ?"

"ഞാൻ അതു് സഹിച്ചുകൊള്ളാം."

"ക്ഷമാശീലനായ യാചകാ, നീ പറയുന്നതു മനസ്സിലായി. ഒരുവനു എന്തെല്ലാമുണ്ടോ, അ തെല്ലാമാണു് നീ ആവശ്യപ്പെടുന്നതു്."

. . . .

"അങ്ങയുടെ കണ്ണുകഠം എന്റെ നേരെ ഒരി ക്കലൊന്നു തിരിച്ചാൽ മതി, പിന്നെ മരണത്തി

നപ്പുറത്തും എൻെറ ജീവിതം മധുരതരമായിരിക്കും."

"എന്നാൽ എൻെറ നോട്ടങ്ങൾ ക്രൂരങ്ങളാണെങ്കിലോ?"

"എൻെറ ഹൃദയത്തെ പിളക്കുവാനായി ഞാൻ അവയെ സൂക്ഷിച്ചുവയ്ക്കും."

"സഹനശീലനായ യാചകാ, ഞാൻ നിന്നെ ശരിയ്ക്കും മനസ്സിലാക്കിയിരിക്കുന്നു. ഒരുവനു് എന്തെല്ലാമുണ്ടോ, അതെല്ലാമാണു് നീ ആവശ്യപ്പെടുന്നതു്."

*

The Gardener-xxvi

# 29

രാവിലെ മണി പത്തടിക്കുമ്പോൾ, ഞാൻ ഞങ്ങളുടെ ഇടവഴിയിൽക്കൂടി പള്ളിക്കൂടത്തിലേയ്ക്കു പോകും.

"വളകൾ വേണോ, പളുങ്കുവളകൾ?" എന്നു വിളിച്ചുപറഞ്ഞു നടക്കുന്ന ഒരു കച്ചവടക്കാരനെ ഞാൻ ദിവസേന കണ്ടുമുട്ടാറുണ്ട്.

ഇന്ന വഴിക്കു നടക്കണമെന്നോ, ഇന്ന സ്ഥലത്തെല്ലാം ചെല്ലണമെന്നോ, ഇന്ന സമയത്തു വീട്ടിലെത്തണമെന്നോ ഉള്ള ബദ്ധപ്പാടൊന്നും അയാൾക്കില്ല.

അയാളേപ്പോലെ ഒരു കൊച്ചുകച്ചവടക്കാരനായിത്തീന്ന് "വളകൾ വേണോ, പളുങ്കുവളകൾ?" എന്നു പകൽ മുഴുവനും രാവുനീളം വിളിച്ചുപറഞ്ഞു നടന്നാൽ കൊള്ളാമെന്ന് എനിക്കു തോന്നാറുണ്ട്.

വൈകുന്നേരം മണി നാലടിക്കുമ്പോൾ, ഞാൻ പള്ളിക്കൂടത്തിൽനിന്നു മടങ്ങിവരുന്നു.

അപ്പോൾ ഒരു തോട്ടക്കാരൻ തന്റെ വള്ള

പ്പിൽ കിളച്ചുകൊണ്ടുനില്ക്കുന്നതു് പടിവാതിലിൽക്കൂടി ഞാൻ കാണാറുണ്ടു്.

അയാൾ തൻെറ കൈക്കോട്ടുകൊണ്ടു് തനിക്കു ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നു. പൊടിപുരണ്ടു് മുണ്ടു മുഷിഞ്ഞാലും, വെയിലത്തു വാടി വരണ്ടാലും, മഴ നനഞ്ഞാലും അയാളോടു ചോദിക്കാനാരുമില്ല.

അങ്ങനെ ആരുടേയും നിരോധനം കൂടാതെ നിലം കിളച്ചുമറിക്കുന്ന ഒരു തോട്ടക്കാരനായിത്തീന്നാൽ കൊള്ളാമെന്നു് എനിയ്ക്കു് ആഗ്രഹമുണ്ടു്.

. . . .

നേരം രാത്രിയാകുമ്പോൾ അമ്മ എന്നെ കിടക്കയിലേയ്ക്കു ആനയിക്കുന്നു. അപ്പോൾ തെരുവീഥിയിലങ്ങോളമിങ്ങോളം ലാത്തുന്ന കാവല്ക്കാരനെ ഞാൻ എൻെറ കിളിവാതിലിൽക്കൂടി കാണാറുണ്ടു്.

ഇരുട്ടു നിറഞ്ഞ ആ ഇടവഴി അപ്പോൾ വിജനമായിരിക്കും. തെരുവുവിളക്കു് അതിൻെറ തലയിൽ തീകൊണ്ടുള്ള ഒരൊററക്കണ്ണുമായി ഒരു രാക്ഷസനേപ്പോലെ നിലകൊള്ളുന്നു.

കാവല്ക്കാരൻ തൻെറ കൈവിളക്കും വീശി

ക്കൊണ്ടു് സ്വന്തം നിഴലിനെ കൂട്ടുപിടിച്ചങ്ങനെ നടക്കുകയാണു്; ജീവിതത്തിലൊരിക്കലും അയാൾ രാത്രി ഉറങ്ങാറില്ല.

അയാളേപ്പോലെ ഒരു കാവല്ക്കാരനായിത്തീന്നു് സ്വന്തം നിഴലിനെ അനുധാവനംചെയ്തുകൊണ്ടു്, രാക്കാലമത്രയും തെരുവുകളിൽ നടന്നാൽ കൊള്ളാമെന്നു് എനിക്കു തോന്നാറുണ്ടു്.

*
Vocation

താഴെ യമുനാനദി തെളിഞ്ഞു പാഞ്ഞൊഴുകുന്നു. മുകളിൽ അതിൻെറ തീരപ്രദേശം തുറിച്ചങ്ങനെ നില്ക്കുന്നു.

കാടിൻെറ കൊട്ടമകൊണ്ടിരുണ്ട കുന്നുകൾ, നീൎച്ചാട്ടങ്ങളേല്പിച്ച വടുവുകളും പേറിക്കൊണ്ടു്, നിശ്ചലങ്ങളായി നിലകൊള്ളുന്നു.

സിക്കുകാരുടെ മഹാചാൎയ്യനായ ഗോവിന്ദൻ വേദഗ്രന്ഥങ്ങൾ വായിച്ചു് ഒരു പാറപ്പുറത്തിരിക്കുകയാണു്. അദ്ദേഹത്തിൻെറ ശിഷ്യനാണെങ്കിലും സ്വന്തം സമ്പത്തിനേക്കുറിച്ചുള്ള അഹന്ത വെച്ചുപുലൎത്തിപ്പോന്ന രഘുനാഥൻ, അപ്പോൾ ഗുരുസന്നിധിയിൽച്ചെന്നു തൊഴുതിട്ടു് ഇങ്ങനെ പറഞ്ഞു: “ഞാൻ ഒരു എളിയ സമ്മാനം കൊണ്ടുവന്നിട്ടുണ്ടു്; അതു് അങ്ങയുടെ സ്വീകാരത്തിനൎഹമാകുമോ എന്നറിഞ്ഞില്ല.”

ഇത്രയും പറഞ്ഞു് അയാൾ വിലപ്പെട്ട രത്നങ്ങൾ പതിച്ച ഒരു പാരു് വളകൾ എടുത്തു് ഗുരുവിൻെറ മുമ്പിൽ പതുക്കെ പ്രദൎശിപ്പിച്ചു.

ആചാര്യൻ അവയിൽ ഒരെണ്ണം എടുത്തു് തൻെറ വിരലിലിട്ടു് ചുററിച്ചപ്പോൾ, അതിലെ രത്നങ്ങൾ വെട്ടിത്തിളങ്ങി അവിടെ ഉജ്ജ്വലമായ ഒരു പ്രഭാപൂരം പരത്തി.

എന്നാൽ ആ വള പെട്ടെന്നു് അദ്ദേഹത്തിൻെറ കൈയിൽനിന്നു വഴുതി നിലത്തുവീണുരുണ്ടുചെന്നു് വെള്ളത്തിൽ പതിച്ചു.

രഘുനാഥൻ അമ്പരന്നു് നദിയിലേയ്ക്കു ചാടി.

ആചാര്യൻ ഗ്രന്ഥത്തിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചു; നദിയാകട്ടെ, തനിക്കു കരസ്ഥമാക്കാൻ കഴിഞ്ഞ സാധനം മറച്ചുവെച്ചിട്ടു് അതിൻെറ ഗതി തുടരുകയുംചെയ്തു.

പകൽ വെളിച്ചം മങ്ങിത്തുടങ്ങിയപ്പോൾ, രഘുനാഥൻ നനഞ്ഞുവലഞ്ഞു് ഗുരുസന്നിധിയിലേയ്ക്കു മടങ്ങിച്ചെന്നു.

അയാൾ കിതച്ചുകൊണ്ടു പറഞ്ഞു: "അതു് എവിടെയാണു് വീണതെന്നു അങ്ങുന്നു കാണിച്ചുതന്നാൽ ഞാൻ തിരികേ എടുത്തുകൊണ്ടുവരാം."

ആചാര്യൻ ശേഷിച്ചിരുന്ന വളയെടുത്തു് വെള്ളത്തിലേയ്ക്കെറിഞ്ഞിട്ടു പറഞ്ഞു: "അതാ, അവിടെത്തന്നെ."

*
Fruit Gathering-xii

. . . .

അല്ലയോ കൊച്ചുയാചകാ, നീ അമ്മയുടെ കഴുത്തിൽ രണ്ടു കൈകൊണ്ടും കെട്ടിപ്പിടിച്ചു യാചിക്കുന്നതു് എന്താണു്?

ഞാൻ വായുമണ്ഡലത്തിൽനിന്നു് ഈ ഭൂമിയെ ഒരു പഴംപോലെ അടത്തിയെടുത്തിട്ടു്, കോമളമായ നിൻെറ ഉള്ളങ്കൈയിൽ വെച്ചുതരട്ടെയോ?

അല്ലയോ കൊച്ചുയാചകാ, നീ യാചിക്കുന്നതെന്താണു്?

. . . .

കാററു് നിൻെറ കാൽച്ചിലമ്പൊലികൾ കൗതുകപൂർവ്വം ദൂരത്തേയ്ക്കു വഹിച്ചുകൊണ്ടുപോകുന്നു. സൂര്യൻ പുഞ്ചിരിതൂകിനിന്നുകൊണ്ടു് നിൻെറ ഉടുതുണികൾ കാത്തുസൂക്ഷിക്കുന്നു.

നീ അമ്മയുടെ കൈത്തണ്ടിൽ കിടന്നുറങ്ങുമ്പോൾ ആകാശം നിന്നെ ഉററുവീക്ഷിക്കുകയും, പ്രഭാതം അണിഞ്ഞൊരുങ്ങി നിൻെറ കിടക്കയിലേയ്ക്കു വന്നു് നിൻെറ കണ്ണുകളെ ചുംബി-

ക്കുകയും ചെയ്യുന്നു.

കാററ് നിൻെറ കാൽച്ചിലമ്പൊലികൾ കൗതുകപൂർവ്വം ദൂരത്തേയ്ക്കു് വഹിച്ചുകൊണ്ടുപോകുന്നു.

. . . .

മോഹനാംഗിയായ സ്വപ്നറാണി സന്ധ്യാവെളിച്ചത്തിലൂടെ നിൻെറ സവിധത്തിലേയ്ക്കു് പറന്നെത്തുന്നു.

നിൻെറ അരികത്തു് നിൻെറ അമ്മയുടെ ഹൃദയത്തിലായിട്ടു് വിശ്വാംബിക ഇരിപ്പുറപ്പിക്കുന്നു.

നക്ഷത്രങ്ങൾക്കു പാട്ടുപാടിക്കൊടുക്കുന്നവൻ തൻെറ ഓടക്കുഴലുമായി നിൻെറ കിളിവാതില്ക്കൽ നില്ക്കുന്നു.

മോഹനാംഗിയായ സ്വപ്നറാണി സന്ധ്യാവെളിച്ചത്തിലൂടെ നിൻെറ സവിധത്തിലേയ്ക്കു പറന്നെത്തുന്നു.

*
The Unheeded Pageant

ശാന്തസുന്ദരമാണ് ഞങ്ങളുടെ ഗ്രാമം. അവിടെ നട്ടുച്ചയ്ക്കുപോലും പ്രകാശമാനമായ നിശാകാലത്തിന്റെ പ്രശാന്തതയാണ് അനുഭവപ്പെടുക. ഞാൻ അവിടെ കഴിച്ചുകൂട്ടിയ ഒഴിവുകാലം കഴിഞ്ഞു.

ഉദ്യോഗസ്ഥലത്തേയ്ക്കു തിരിച്ചുപോകുന്നതിന് ഞാൻ ഒരുങ്ങുകയായിരുന്നു. എന്റെ നാലുവയസ്സുമാത്രം പ്രായമുള്ള പുത്രി അന്നു രാവിലത്തെ സമയമത്രയും എന്റെകൂടെ മുറിയായ മുറിയെല്ലാം കയറിയിറങ്ങി എന്റെ ഒരുക്കങ്ങൾ ഉററുനോക്കിച്ചു. ഒടുവിൽ ക്ഷീണിച്ചപ്പോൾ അവൾ ഒരു വാതില്പടിയിന്മേൽ കയറിയിരുന്നുകൊണ്ട് "അച്ഛൻ പോകേണ്ട, പോകേണ്ട" എന്ന് തന്നത്താൻ മന്ത്രിക്കുകയായി.

ഉച്ചഭക്ഷണം കഴിഞ്ഞു. ഊണു കഴിഞ്ഞാൽ കുട്ടിയെ ഒന്നുറക്കുന്ന പതിവുണ്ട്. പക്ഷേ, അന്ന് അമ്മ അവളുടെ കാര്യം തീരെ മറന്നുപോ

യി. അല്ലെങ്കിൽത്തന്നെ, കുട്ടി അന്നു് ഉറങ്ങു മായിരുന്നില്ല.

ഒടുവിൽ യാത്രപറയാനായി, ഞാൻ കൈ നീട്ടിയപ്പോൾ, അവൾ നിശ്ചലയായിനിന്നു് ദുഃഖഭാവത്തിൽ എന്നെ നോക്കിക്കൊണ്ടു പറയുകയാണു്, "അച്ഛൻ പോകരുതു്" എന്നു്.

ആവശ്യങ്ങൾ കൊട്ടമ്പിരിക്കൊണ്ടിരിക്കുന്ന രാക്ഷസീയമായ ഈ ലോകത്തോടു മല്ലടിക്കാൻ ആ കൊച്ചുപൈതൽ ഉച്ചരിച്ച ചുരുക്കം വാക്കുകളിൽ അടിങ്ങിയിരുന്ന ധൈര്യത്തെപ്പറ്റി ചിന്തിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി—"അച്ഛൻ പോകരുതു്."

*
The Fugitive and Other Poems-xi

ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയിൽ ഞാൻ ദിവസംതോറും എൻെറ കടലാസ്സുബോട്ടുകൾ ഒന്നൊന്നായി ഇറക്കിവിടുകയാണ്.

ഞാൻ അവയിൽ എൻെറ പേരും, ഞാൻ താമസിക്കുന്ന ഗ്രാമത്തിൻെറ പേരും വലിയ കറുത്ത അക്ഷരങ്ങളിൽ എഴുതുന്നു.

അപരിചിതമായ ഏതെങ്കിലും നാട്ടിലുള്ള വല്ലവരും അതു കണ്ടിട്ട്, ഞാൻ ആരെന്ന് മനസ്സിലാക്കിക്കൊള്ളട്ടെ എന്നാണ് എൻെറ ആശ.

ഞങ്ങളുടെ തോട്ടത്തിൽനിന്നുള്ള പലതരം പുഷ്പങ്ങൾകൊണ്ട് ഞാൻ എൻെറ കൊച്ചുബോട്ടുകൾ നിറയ്ക്കുന്നു; ആ പുലരിപ്പൂക്കൾ രാക്കാലമാകുമ്പോൾ വല്ലേടത്തും കരപറ്റിക്കൊള്ളുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഞാൻ എൻെറ കടലാസ്സുബോട്ടുകൾ അരുവിയിൽ ഇറക്കിവിട്ടിട്ടു ആകാശത്തിലേയ്ക്കു നോക്കുമ്പോൾ, കൊച്ചുമേഘങ്ങൾ തങ്ങളുടെ ചീ

ത്ത വെള്ളച്ചിറകുകൾ വിരിച്ചുതുടങ്ങുന്നതായി കാണുന്നു.

എൻെറ ഓടങ്ങളോടൊന്നിച്ചോട്ടുവാൻ ആകാശത്തിൽനിന്നു് കാററിനെ പറഞ്ഞയയ്ക്കുന്ന കളിത്തോഴൻ ആരാണെന്നു് എനിയ്ക്കറിഞ്ഞുകൂട.

എൻെറ കടലാസ്സുബോട്ടുകൾ പാതിരാനക്ഷത്രങ്ങളുടെ കീഴിൽക്കൂടി മുന്നോട്ടുമുന്നോട്ടു പായുകയാണെന്നു് ഞാൻ രാത്രികാലത്തു് തലയ്ക്കു കൈയുംകൊടുത്തിരുന്നു സ്വപ്നംകാണും.

കിനാവുകൾ നിറച്ച കൊട്ടകളും കയററി, മോഹനാംഗികളായ അപ്സരസ്സുകൾ ആ കളിവള്ളങ്ങളിൽ യാത്രചെയ്യുന്നതായി ഞാൻ വിഭാവനം ചെയ്യും.

*
Paper Boats

സമ്പത്തു് മുച്ചൂട്ടം മുടിഞ്ഞു് വലിയ മുട്ടപ്പാടിൽ കഴിയുന്ന ഒരു ഭവനം—അതു്, കീറമാറാപ്പുകളേന്തിയ ഒരു ഭ്രാന്തന്റെ വേഷത്തിൽ, ആ വഴിത്തലയ്ക്കൽ നില്ക്കുകയാണു്.

മാറിമാറിവരുന്ന ദിവസങ്ങളോരോന്നും അതിന്മേൽ വെറപ്പിന്റെ വട്ടവും മുറിവുമേല്പിക്കുകയും, വർഷകാലമാസങ്ങൾ ആ കെട്ടിടത്തിന്റെ നഗ്നങ്ങളായ ഇഷ്ടികകളിന്മേൽ കമ്പംപിടിച്ച സ്വന്തം കൈയൊപ്പുകൾ പതിക്കുകയും ചെയ്യുന്നു.

മുകളിലത്തെ നിലയിൽ ശൂന്യമായിക്കിടക്കുന്ന ഒരു മുറിയുടെ കതകുകളിൽ ഒന്നു് തുരുമ്പുപിടിച്ച വിജാഗരികളോടു യാത്രപറഞ്ഞുപിരിഞ്ഞിരിക്കുന്നു; മറേറ കതകു് രാവുംപകലും വൈധവ്യദുഃഖം അനുഭവിച്ചു് കഠോരമായ കാററും പെശറമേററ തൂങ്ങിക്കിടക്കുന്നു.

ഒരു രാത്രി ആ വീട്ടിനുള്ളിൽനിന്നു് സ്ത്രീകളുടെ വിലാപശബ്ദം കേട്ടു. കുടുംബത്തിലെ കട

ശിയിലത്തെ പുരുഷസന്താനം മരിച്ചുപോയതിൽ വീട്ടുകാർ വിലപിക്കുകയായിരുന്നു. പതിനെട്ടു വയസ്സു പ്രായമുള്ള ആ പയ്യൻ, ഒരു സഞ്ചാരനാടകക്കമ്പനിയുടെകീഴിൽ സ്ത്രീവേഷംകെട്ടി നടന്നു് കാലക്ഷേപംകഴിക്കുകയായിരുന്നുവത്രെ.

ഏതാനും ദിവസങ്ങൾക്കകം ആ വീടു് വീണ്ടും മൗനമുദ്രിതമായിത്തീൎന്നു. വാതിലുകളെല്ലാം കൊട്ടിയടച്ചുപൂട്ടിയ മട്ടായി.

മുകളിലത്തെ നിലയിൽ വടക്കേയററത്തെ മുറിയുടെ വാതിൽ പഴമട്ടിൽത്തന്നെ. അടയ്ക്കാനോ നിത്യവിശ്രമത്തിന്നായി പറഞ്ഞയയ്ക്കാനോ പററാത്ത പാകത്തിൽ തൂങ്ങിക്കിടന്നിരുന്ന ആ കതകു്, ഗതികിട്ടാത്ത ആത്മാവിനേപ്പോലെ, കാററത്തു് മുമ്പോട്ടും പിമ്പോട്ടും ഉഴറിക്കൊണ്ടിരുന്നു.

. . . .

കുറേനാൾ കഴിഞ്ഞപ്പോൾ ആ വീട്ടിൽ കുഞ്ഞുങ്ങളുടെ ശബ്ദം വീണ്ടും മാറൊലിക്കൊണ്ടു തുടങ്ങി. വെണ്മാടത്തിൻെറ കൈവരികളിൽ സ്ത്രീകളുടെ ഉടുതുണികൾ വെയിലത്തു ഉണങ്ങാനായി വിരിച്ചിരിക്കുന്നതു കാണാം. കൂട്ടിലടച്ച ഒരു പക്ഷി ഇരുന്നു ചൂളമിടുന്നു. വെണ്മാടത്തിൽ

KOTTAYAM PUBLIC L... KOTTAYAM.

നിന്നുകൊണ്ടു് ഒരു പയ്യൻ പത്തുക്കെ പട്ടംപറപ്പിക്കുന്നു.

ആ വീടിൻെറ ഏതാനും മുറികൾ വേറൊരു കുടുംബക്കാർ വാടകയ്ക്കെടുത്തിരിക്കയാണു്. കുറഞ്ഞ വരുമാനവും ധാരാളം കുട്ടികളുമുള്ള ഒരാളാണു് വാടകക്കാരൻ. ക്ഷമകേടുബാധിച്ച ഗൃഹനായിക ആ കുട്ടികളെപ്പിടിച്ചു് നല്ല തൊഴി തൊഴിക്കും. അപ്പോൾ അവർ നിലത്തുകിടന്നുരുണ്ടു് ക്രുദ്ധത്തോടെ മുറവിളികൂട്ടും.

കാഴ്ചയിൽ നാല്പതു വയസ്സു തോന്നിക്കുന്ന ഒരു വേലക്കാരിയുണ്ടു്. വെളുത്താൽ അന്തിയാവോളം പണിയെടുക്കുന്ന ആ സ്ത്രീ എപ്പൊഴും ഗൃഹനായികയോടു ശണ്ഠകൂടും; പൊയ്ക്കളയുമെന്നു് ഭീഷണിപറയും; എന്നാൽ ഒഴിഞ്ഞൊട്ടു പോവുകയുമില്ല.

ആ കെട്ടിടത്തിനു് ദിവസേനയെന്നോണം പലപല അററകുററപ്പണികൾ നടത്തേണ്ടതുണ്ടു്. അടൻുപോയ കണ്ണാടിച്ചില്ലുകളുടെ സ്ഥാനത്തു് കടലാസ്സുകഷണങ്ങൾ ഒട്ടിച്ചുകൊടുക്കണം; തുരുമ്പുപിടിച്ചററുപോകുന്ന ഇരുമ്പഴികൾക്കു പകരം വല്ല മുളക്കഷ്ണങ്ങളും തിരുകിവിടവടയ്ക്കണം—ഇങ്ങനെ പലതും.

പടിവാതിലിന്നു പൂട്ടില്ലാത്തതുകൊണ്ടു് ഒ

രൊഴിഞ്ഞ വീപ്പ ഉരുട്ടിവെച്ചാണ് അതു് ബന്ധിക്കുക. കെട്ടിടത്തിൻെറ മതിലുകൾക്കു് പുതുതായി വെള്ളപൂശുമ്പോൾ പഴയ കറപ്പുടയാളങ്ങൾ തെളിഞ്ഞുതെളിഞ്ഞു വരികയായിരുന്നു പതിവു്.

വടക്കേത്തലയ്ക്കലുള്ള ശൂന്യമായ മുറിയിലേയ്ക്കു് ആരും എത്തിനോക്കാറില്ല. കൈവെടിയപ്പെട്ട ആ കതകു്, നൈരാശ്യഭ്രുതം നെഞ്ചത്തടിച്ചുകേഴും പോലെ; കാററിലടിച്ചു് അലമുറകൂട്ടുകയാണു്.

. . . .

സമ്പത്തിനും അതിൻെറ പ്രതാപത്തിനും കണ്ടെത്താവുന്ന സമുചിതമായ ഒരു സ്മാരകമാണു് ആ ഭവനം.

*
The Fugitive and Other Poems-xxii

ഹ്രെൻറ കുഞ്ഞേ, നിനക്കു് എന്തെങ്കിലും നല്കണമെന്നു് എനിയ്ക്കാഗ്രഹമുണ്ടു്. കാരണം, നമ്മൾ ലോകത്തിൻെറ ജലപ്രവാഹത്തിലങ്ങൊഴുകിക്കൊണ്ടിരിക്കയാണു്.

നമ്മുടെ ജീവിതങ്ങൾ പരസ്പരം വേർപിരിയുകയും, നമ്മുടെ സ്നേഹം വിസ്മൃതമാവുകയും ചെയ്യും.

എന്നാൽ ഞാൻ നല്കുന്ന ദാനങ്ങൾ കൊണ്ടു് നിൻെറ ഹൃദയത്തെ വിലയ്ക്കുവാങ്ങിക്കളയാമെന്നു് ആശിക്കത്തക്ക വിഡ്ഢിത്തം എനിയ്ക്കില്ല.

നിൻെറ ജീവിതം യൗവനയുക്തവും, നിന്റെ സഞ്ചാരവീഥി ദീർഘവുമാണു്; ഞങ്ങൾ നിനക്കു നല്കുന്ന സ്നേഹം നീ ഒററവലിക്കു കുടിച്ചുകളഞ്ഞിട്ടു് ഞങ്ങളെ വിട്ടുപിരിഞ്ഞോടുകയാകുന്നു.

നിനക്കു് നിൻെറ കളികളും നിൻെറ കളിത്തോഴരുമുണ്ടു്. അതിനാൽ ഞങ്ങളേക്കുറിച്ചു ചിന്തിക്കാൻ നിനക്കു സമയമില്ലാത്തതിൽ

അത്ര അത്ഭുതപ്പെടാനുണ്ടോ?

വാർദ്ധക്യത്തിലെത്തിയിരിക്കുന്ന ഞങ്ങൾക്കാകട്ടെ, കഴിഞ്ഞ കാലങ്ങളുടെ കണക്കു കൂട്ടിനോക്കുവാനും, ഞങ്ങൾ എന്നെന്നേയ്ക്കുമായി കൈവിട്ടിരിക്കുന്ന കാര്യങ്ങളോർക്കുവാനും സൗകര്യമുണ്ട്.

നദി അതിൻെറ മുമ്പിലുള്ള തടസ്സങ്ങളെല്ലാം തട്ടിത്തകർത്ത് ഒരു പാട്ടുംപാടി അതിവേഗത്തിൽ പായുന്നു; എന്നാൽ മലയാകട്ടെ, എന്തോ ഓർത്തോർത്ത് നിശ്ചലമായി നിന്നുകൊണ്ട് തൻെറ സ്നേഹധാരയാൽ അവളെ അനുധാവനം ചെയ്യുന്നു.

*
The Gift

ഏന്നെ സ്വീകരിച്ചാലും, സ്വാമിൻ, അങ്ങന്നു് ഇപ്പോഠം ഏന്നെ സ്വീകരിച്ചാലും!

അങ്ങയെക്കൂടാതെ ഞാൻ കഴിച്ചുകൂട്ടിയ അനാഥദിനങ്ങഠം അങ്ങന്നു് മറന്നുകളയണം.

ഹ്രസ്വമായ ഈ നിമിഷത്തെ അങ്ങയുടെ മടിത്തടത്തിലുടനീളം വിരിച്ചു് അതിന്മേൽ അങ്ങയുടെ വെളിച്ചം വീശിയാലും.

ഏന്നെ യാതൊരു ലക്ഷ്യത്തിലുമെത്തിക്കാതെ വലിച്ചിഴച്ചുകൊണ്ടുപോയ ശബ്ദങ്ങളെ അനുഗമിച്ചു് ഞാൻ അലയുകയായിരുന്നു.

ഞാൻ ഇപ്പോഠം സമാധാനത്തോടെ ഇരുന്നു്, ഏൻെറ നിശ്ശബ്ദതയുടെ ആത്മാവിൽ, അങ്ങയുടെ വചനങ്ങഠം ശ്രവിക്കട്ടെ.

ഏൻെറ ഹൃദയത്തിൽ കുടികൊള്ളുന്ന കറുത്തിരുണ്ട രഹസ്യങ്ങഠം കണ്ടു് അങ്ങന്നു മുഖം തിരിച്ചുകളയല്ലെ; നേരേമറിച്ചു് അങ്ങയുടെ അഗ്നിയിൽ വെന്തു് വെണ്മയുള്ളവയായിത്തീ

രുംവരെ അങ്ങുന്നു് അവയെ ചുട്ടെരിച്ചുകൊണ്ടി രുന്നാലും!

. . . . .

സ്വാമിൻ, എന്റെ ജീവിതത്തെ ധൂളിയിൽ നിന്നുയർത്തിയെടുക്കുവിൻ. അങ്ങുന്നു് അതിന്മേൽ വെളിച്ചം വീശുകയും, മരണത്തിൻെറ നിഴലിൽ അതിനെ ഒളിക്കുകയും, അങ്ങയുടെ നക്ഷത്രങ്ങളോടൊന്നിച്ചു് രാത്രിയുടെ പേടകത്തിൽ അതിനെ അടച്ചുവയ്ക്കുകയും, പിന്നെ പ്രഭാതമാകുമ്പോൾ ആരാധനയ്ക്കായി വിരിയുന്ന പൂക്കളുടെ കൂട്ടത്തിൽ അതിനെ ഉൾപ്പെടുത്തുകയും ചെയ്യുക.

*
Crossing

പ്രിയപ്പെട്ട അമ്മേ, അമ്മ എന്തിനാണ് തിണ്ണയിൽ ഇങ്ങനെ നിശ്ശബ്ദയായിരിക്കുന്നതെന്ന് എന്നോടു പറഞ്ഞാലും.

തുറന്നു കിടക്കുന്ന വാതായനത്തിൽക്കൂടി മഴവെള്ളം അകത്തേയ്ക്കു കടന്ന് അമ്മയെ നനച്ചിട്ടും അമ്മ കൂട്ടാക്കുന്നില്ലല്ലൊ.

നാഴികക്കിണ്ണത്തിന്മേൽ മണി നാലടിക്കുന്നതു് അമ്മ കേൾക്കുന്നില്ലേ? പള്ളിക്കൂടം വിട്ടു് എന്റെ സഹോദരൻ വീട്ടിലെത്താനുള്ള സമയമായി.

അമ്മ ഇങ്ങനെ വിഷാദമഗ്നയായി കാണപ്പെടുന്നതിനുള്ള കാരണമെന്തു്? അച്ഛന്റെ എഴുത്തൊന്നും ഇന്നു കിട്ടിയില്ലേ?

തപാല്ക്കാരൻ ഈ പട്ടണത്തിലുള്ള ഒട്ടെല്ലാവക്കും തന്റെ സഞ്ചിനിറയെ കത്തുകളുംകൊണ്ടു വന്നിരുന്നതു് ഞാൻ കണ്ടു.

അയാൾ തനിക്കുതന്നെ വായിക്കുവാനായി അച്ഛന്റെ കത്തുകൾ മാത്രം മാററിവെച്ചിരി

ക്കുകയാവണം. ആ തപാല്ക്കാരൻ ഒരു ദുഷ്ടനാണെന്നു് എനിയ്ക്കു് നന്നായറിയാം.

പ്രിയപ്പെട്ട അമ്മേ, അച്ഛൻെറ കത്തുകളേച്ചൊല്ലി അമ്മ വിഷാദിക്കേണ്ട.

അടുത്ത ഗ്രാമത്തിലെ ചന്ത നാളെയാണല്ലോ. വേലക്കാരിയേക്കൊണ്ടു് അമ്മ കുറേ കടലാസ്സും പേനയും വാങ്ങിപ്പിക്കണം.

അച്ഛൻെറ കത്തുകളത്രയും ഇനി ഞാൻ തന്നെ എഴുതാൻ പോകയാണു്; അവയിൽ ഒരൊററത്തെററും അമ്മ കാണുകയില്ല.

ഞാൻ എ. മുതൽ കെ. വരേയങ്ങെഴുതും.

അല്ല, അമ്മ ചിരിക്കയാണോ?

അച്ഛൻ എഴുതുന്നതുപോലെ അത്ര ഭംഗിയായെഴുതാൻ എനിക്കു സാധിക്കുമെന്നു് അമ്മ വിശ്വസിക്കുന്നില്ല, അല്ലേ?

എന്നാൽ ഞാൻ എൻെറ കടലാസ്സു് ശ്രദ്ധിച്ചു വരയിട്ടു് അക്ഷരങ്ങളെല്ലാം ഭംഗിയിൽ വലുതാക്കിയെഴുതും.

അച്ഛൻ ചെയ്യുന്നതുപോലെ, കത്തെഴുതിക്കഴിയുമ്പോൾ ഞാൻ അതു് ഭയങ്കരനായ ആ തപാല്ക്കാരൻെറ സഞ്ചിയിലേയ്ക്കു തള്ളുന്ന വിഡ്ഢിത്തം കാണിക്കുമെന്നു് അമ്മ കരുതുന്നുണ്ടോ?

ഞാൻ ആ കത്തു് ഉടൻതന്നെ അമ്മയുടെ പക്കൽ കൊണ്ടുവന്നു്, അതു് അക്ഷരംപ്രതി വായിക്കുന്നതിനു് അമ്മയെ സഹായിക്കും.

സാക്ഷാൽ അക്ഷരവടിവുള്ള നല്ല എഴുത്തു കൾ വിട്ടുതരാൻ തപാല്ക്കാരൻ ഇഷ്ടപ്പെടുന്നി ല്ലെന്നു് എനിയ്ക്കറിയാം.

*
The Wicked Postman

കല്ലിട്ടുറപ്പിച്ച രാജവീഥിയിൽക്കൂടി ഞാൻ രാവിലെ കടന്നുപോകുമ്പോൾ, "ജോലിയ്ക്കു് ആളെ വേണോ?" എന്നു് ഞാൻ വിളിച്ചുചോദിച്ചു.

കൈയിൽ വാളുമേന്തി രാജാവു് തേരോടിച്ചുവരികയായിരുന്നു.

"ഞാൻ എൻെറ അധികാരം പ്രയോഗിച്ചു് നിന്നെ ജോലിയ്ക്കു നിർത്തും."— അദ്ദേഹം എൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു പറഞ്ഞു.

എന്നാൽ അദ്ദേഹത്തിൻെറ അധികാരം നിസ്സാരമാണെന്നു തെളിയുകയും, അദ്ദേഹം തേരോടിച്ചുപോവുകയുംചെയ്തു.

. . . .

മദ്ധ്യാഹ്നത്തിലെ ചൂടുമൂലം [illegible]കളുടെ വാതിലുകൾ അടച്ചിട്ടിരിക്കെ, ഞാൻ ഒരു ഊടുവഴിയിലൂടെ പോവുകയായിരുന്നു.

അപ്പോൾ ഒരു വൃദ്ധൻ തൻെറ സ്വർണ്ണനാണയസ്സഞ്ചിയുമായി പുറത്തേയ്ക്കുവന്നിട്ടു്,

"ഞാൻ എന്റെ പണംകൊണ്ടു് നിന്നെ ജോലിയ്ക്കനിത്തും" എന്നു പറഞ്ഞു.

അയാൾ നാണയങ്ങൾ ഒന്നൊന്നായെടുത്തു കാണിച്ചു; പക്ഷേ, ഞാൻ എന്റെ പാട്ടിനു പോയി.

സായാഹ്നം സമീപിച്ചുതുടങ്ങി. ഉദ്യാനം പുഷ്പനിബിഡമായി പരിശോഭിച്ചു. പൂക്കാരി പുറത്തേയ്ക്കു വന്നിട്ടു്, "ഞാൻ ഒരു പുഞ്ചിരി നല്കി നിങ്ങളെ ജോലിയ്ക്കു നിത്തും" എന്നു പറഞ്ഞു.

എന്നാൽ അവളുടെ പുഞ്ചിരി വിളറിവിളറി അതു് കണ്ണീരിൽ വിലയം പ്രാപിക്കുകയും, അവൾ ഏകാകിനിയായി അപ്രത്യക്ഷയാവുകയും ചെയ്തു.

. . . .

സൂര്യപ്രഭ തട്ടി മണ്ണു് മിന്നിക്കൊണ്ടിരുന്നു; കടലിലെ തിരമാലകൾ തോന്നുംമട്ടിൽ മുറിഞ്ഞു മറിയുകയായി. അപ്പോൾ ഒരു ശിശു കക്കകൾ പെറുക്കി വിനോദിക്കുകയായിരുന്നു.

അവൻ തല ഉയർത്തി എന്നെ അറിയുന്ന ഭാവത്തിൽ നോക്കിക്കൊണ്ടു പറഞ്ഞു: "ഞാൻ പ്രതിഫലമൊന്നും തരാതെതന്നെ താങ്കളെ

ജോലിയുക നിത്തും."

ശിശുവിൻെറ കളിയിൽച്ചെന്നു കലാശിച്ച ആ വിലപേശലിൽവെച്ചു് ഞാൻ ഒരു സ്വതന്ത്രമനുഷ്യനായിത്തീൻ.

*
The Last Bargain

ഏഴകളെ ചവിട്ടിമെതിച്ചും ഭൂമിയ്ക്കു പച്ചവിരിച്ച ഇളംപുല്ലിന്മേൽ ചോരപുരണ്ട പാദമുദ്രകൾ പതിച്ചും അഹന്തയുടെ പന്ഥാവിൽ സഞ്ചരിക്കുന്നവർ, സ്വാമിൻ, സന്തോഷിക്കുകയും അങ്ങയ്ക്കു നന്ദിപറയുകയും ചെയ്യട്ടെ.

കാരണം, ഇന്നത്തേതു് ഇപ്പറഞ്ഞവർക്കുള്ള ദിവസമാകുന്നു.

. . . .

എന്നാൽ ഞാൻ അങ്ങയ്ക്കു നന്ദിപറയുന്നതു്, അധികാരത്തിൻെറ ഭാരം സഹിക്കുകയും വഹിക്കുകയും ചെയ്യുന്നവരുടേയും ഇരുട്ടിൽ മുഖംമറച്ചുനിന്നു് ഗൽഗദമടക്കി വീർപ്പുമുട്ടിക്കഴിയുന്നവരുടേയും കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തിയതിനുവേണ്ടിയാണു്.

കാരണം, അവരുടെ യാതനയുടെ ഓരോ നെടുവീർപ്പും അങ്ങേ നിശയുടെ നിഗൂഢമായ ആഴത്തിലെത്തുകയും, അവർ സഹിച്ച അവമതികളോരോന്നും അങ്ങയുടെ അപാരമായ നി

സ്സബ്ദതയ്ക്കുള്ളിൽ സംഭരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

നാളത്തെ ദിവസം ഇങ്ങനേയുള്ളവരുടേതാണു്.

ആ നാളത്തെ സൂര്യൻ പുലരിപ്പൂക്കളെ വിരിയിച്ചുകൊണ്ടും, അഹങ്കാരത്തിന്ന പന്തംപിടിക്കുന്ന പേക്കൂത്തുകളെ ഭസ്മമാക്കിക്കൊണ്ടും ദുഃഖിതരുടെ ഹൃദയങ്ങളിൽ ഉദയംകൊള്ളുമാറാവട്ടെ.

*
Thanksgiving

ഇളംപ്രായത്തിൽ എൻെറ ജീവിതം ഒരു പുഷ്പത്തേപ്പോലെയായിരുന്നു,—ധാരാളം ദളങ്ങളുള്ള ആ പുഷ്പത്തിൻെറ കവാടത്തിങ്കൽ വസന്തകാലത്തിലെ മന്ദമാരുതൻ വന്നു മുട്ടുമ്പോൾ ഒന്നുരണ്ടിതളുകൾ കൊഴിഞ്ഞുപോയാലും അതു്. ഒരു നഷ്ടമല്ലെന്നുവയ്ക്കുക.

എന്നാൽ ഇപ്പോൾ യൗവനത്തിൻെറ അറുതിയിലെത്തിയിരിക്കുന്ന എൻെറ ജീവിതമാകട്ടെ, ഒരു ഫലത്തേപ്പോലെയാകുന്നു. മാധുര്യത്തിൻെറ മുഴുവൻ ഭാരത്തോടുംകൂടി സ്വയംസമർപ്പിക്കാൻ ഒരുങ്ങിനില്ക്കുന്ന ആ ഫലത്തിന്നു് കൈവിട്ടുകളയാനൊന്നുംതന്നെയില്ല.

. . . .

എൻെറ ഫലങ്ങളിൽ ചിലതു് നഷ്ടപ്രായമായാലും മററു ചിലതു് നല്ല പഴപ്പായില്ലെങ്കിലും, അങ്ങുന്നു കല്പിക്കുന്ന മാത്രയിൽ ഞാൻ അവയെ കൊട്ടകൾ നിറയെ ശേഖരിച്ചു് അങ്ങയുടെ കൊട്ടാരമുററത്തേയ്ക്കു് കൊണ്ടുവരും.

*
Fruit Gathering

ആ തോണിക്കാരൻ മധു തന്റെ തോണി കടവിൽ കെട്ടിയിട്ടിരിക്കയാണ്.

ആക്കും ആവശ്യമില്ലാത്ത കുറേ ചണയും കയററി അവൻ അതു് അങ്ങനെ അലസമായിട്ടിട്ടു് നാളേറെയായി.

അവൻ ആ തോണി എനിക്കു വിട്ടുതന്നിരുന്നുവെങ്കിൽ ഞാൻ അതിൽ നൂറു തണ്ടുകൾകെട്ടി, അഞ്ചോ ആറോ ഏഴോ പായ്കളും തൂക്കി പായിച്ചുങ്ങുപോകുമായിരുന്നു.

ചരക്കിനു മതക്കമുള്ള ചന്തകളിലേയ്ക്കൊന്നും ഞാൻ ആ തോണി തിരിച്ചുവിടുകയില്ല.

ഏഴു സമുദ്രങ്ങളും മായാലോകത്തിലെ പതിമ്മൂന്നു നദികളും താണ്ടിക്കൊണ്ടായിരിക്കും എന്റെ യാത്ര.

എന്നാൽ അമ്മേ, അമ്മ ഏകാകിനിയായിരുന്നു് എന്നേച്ചൊല്ലി കരയരുതു്.

ഞാൻ രാമചന്ദ്രനേപ്പോലെ പതിന്നാലു വത്സരം കഴിഞ്ഞിട്ടു മാത്രം മടങ്ങിവരുവാനായി

കാട്ടിലേയ്ക്കു പോവുകയല്ല.

ഞാൻ ഒരു ഇതിഹാസപുരുഷനായിത്തീരുവാനും, എൻെറ തോണിയിൽ എനിയ്ക്കിഷ്ടമുള്ളതെന്തും കയററിക്കൊണ്ടുവരുവാനുംവേണ്ടി പുറപ്പെട്ടുകയാണു്.

എൻെറ സ്നേഹിതനായ ആഷുവിനേയും ഞാൻ കൂടെക്കൊണ്ടുപോകുന്നുണ്ടു്. ഞങ്ങൾ ഏഴു സമുദ്രങ്ങളിലും മായാലോകത്തിലെ പതിമ്മൂന്നു നദികളിലും ഉല്ലസിച്ചങ്ങനെ സഞ്ചരിക്കും.

. . . .

ഞങ്ങൾ പ്രഭാതവെളിച്ചത്തിലാണു് യാത്ര പുറപ്പെട്ടുക.

ഉച്ചയ്ക്കു് അമ്മ കുളത്തിലിറങ്ങി കുളിക്കുന്ന നേരത്തു് ഞങ്ങൾ അങ്ങകലേ അപരിചിതനായ ഒരു രാജാവിൻെറ നാട്ടിലെത്തിക്കഴിയും.

ഞങ്ങൾ ത്രിപൂർണ്ണനദിയുടെ കടവും, ടെപ്പാൻറർമരുഭൂമിയുമെല്ലാം കടന്നു് മുന്നോട്ടു പോകും.

ഞങ്ങൾ മടങ്ങിയെത്തുമ്പോൾ നേരമിരുട്ടിത്തുടങ്ങും. ഞങ്ങൾ കണ്ടതെല്ലാം ഞാൻ അപ്പോൾ അമ്മയോടു പറയാം.

ഞാൻ ഏഴു സമുദ്രങ്ങളും മായാലോകത്തി

ലെ പതിമ്മൂന്നു നദികളും തരണംചെയ്യാൻപോകയാണു്.

എന്നാൽ, അമ്മേ, അമ്മ ഏകാകിനിയായിരുന്നു് എന്നേച്ചൊല്ലി കരയരുതു്.

*
The Sailor

ഇവിടെ ജനിക്കുവാനും, ഈ രാജ്യത്തെ എന്റെ മാതൃരാജ്യമായി സ്നേഹിക്കുവാനും ഭാഗ്യമുണ്ടായതിൽ ഞാൻ അനുഗൃഹീതനത്രെ.

അവളുടെ ഭണ്ഡാരത്തിൽ രാജകീയനിക്ഷേപമൊന്നും ഇല്ലെങ്കിൽത്തന്നെ എനിയ്ക്കെന്തു്? അവളുടെ സ്നേഹമാകുന്ന സജീവസമ്പത്തൊന്നു മാത്രമേ എനിയ്ക്കു വേണ്ടു.

എന്റെ ഹൃദയത്തിനു ലഭിക്കുന്ന പരിമളത്തിന്റെ ഏററവും വിലപ്പെട്ട ദാനം അവളുടെ പൂക്കളിൽനിന്നാകുന്നു.

എന്റെ ജീവിതത്തെ പ്രഭാപൂരത്തിലാറാടിക്കുവാൻ തക്കവണ്ണം ചന്ദ്രൻ അത്രവളരെ പ്രകാശം ചൊരിയുന്നതും ഇവിടെത്തന്നെയാണു്.

ഞാൻ കണ്ണുതുറന്നപ്പോൾ ആദ്യമായി കണ്ട വെളിച്ചം ഈ രാജ്യത്തിന്റെ അന്തരീക്ഷത്തിൽ നിന്നായിരുന്നു; എന്റെ കണ്ണുകൾ എന്നേയ്ക്കുമായടയുന്ന നേരത്തും അതേ വെളിച്ചം തന്നെ അവയെ ആശ്ലേഷിക്കട്ടെ.

ഞാൻ ഗ്രാമവീഥിയിലൂടെ വീട്ടതോറം ഭി ക്ഷ യാചിച്ചു നടക്കുകയായിരുന്നു. അപ്പോഠം അങ്ങയുടെ സുവണ്ണരഥം ഒരു മോഹനസ്വപ്ന മെന്നോണം അകലത്തു കണ്ടു. ആ വരുന്ന രാ ജാധിരാജൻ ആരെന്നു് ഞാൻ അത്ഭുതപ്പെട്ടുക യായി.

എൻെറ പ്രത്യാശകഠം അത്യാത്ഥിയോടെ ഉയന്നു. എൻെറ കഷ്ടകാലം കഴിഞ്ഞുവെന്നു് എനിയ്ക്കു തോന്നി. ചോദിക്കാതെതന്നെ നല്കപ്പെടാൻപോകുന്ന ദാനത്തിന്നായി, അവിടെ മണ്ണിലെമ്പാടും ചിതറിക്കിടന്നിരുന്ന സമ്പത്തിന്നായി, ഞാൻ കാത്തങ്ങനെ നിന്നു.

ഞാൻ നിന്നിരുന്നേടത്തുതന്നെ രഥവും വന്നു നില്പായി. അങ്ങയുടെ കടാക്ഷം എൻെറ മേൽ പതിച്ചു. ഒരു മന്ദഹാസത്തോടെ അങ്ങന്നു് താഴെയിറങ്ങി. അതോടെ, എൻെറ ജീവിതഭാഗ്യം കൈവന്നുകഴിഞ്ഞതായി ഞാൻ ധരിച്ചു. അപ്പോഠം അങ്ങയുടെ വലങ്കൈ പെട്ടെന്നു് എൻെറ നേരെ നീട്ടിയിട്ടു് അങ്ങുന്നു ചോദിക്കുക;

യാണു്, "എനിക്കു തരാൻ നിൻെറ കൈവശം എന്താണുള്ളതു്?" എന്നു്!

ഒരു തെണ്ടിയുടെ പക്കൽനിന്നു തെണ്ടുവാനോ, അങ്ങന്നു് കൈനീട്ടുന്നതു്? രാജോചിതമായ ഒരു വിനോദംതന്നെ! എന്താണു് ചെയ്യേണ്ടതെന്നറിയാതെ, ഞാൻ തെല്ലിട അമ്പരന്നുനിന്നു. പിന്നെ ഞാൻ എൻെറ സഞ്ചിയിൽനിന്നു് ഏററവും ചെറിയ ഒരു ധാന്യമണി പതുക്കെ തിരിഞ്ഞെടുത്തു് അങ്ങേയ്ക്കു തന്നു.

എന്നാൽ അന്നു വൈകുന്നേരം ഞാൻ എൻെറ സഞ്ചിയിലെ നിസ്സാരപദാർത്ഥങ്ങൾ നിലത്തു ചൊരിഞ്ഞിട്ടപ്പോൾ, ആ കൂട്ടത്തിൽ ഒരു കൊച്ചുസ്വർണ്ണധാന്യമണി കിടന്നു തിളങ്ങുന്നതു കണ്ടു് ഞാൻ എത്രമാത്രം അത്ഭുതപ്പെട്ടുപോയെന്നോ! എനിക്കുള്ളതെല്ലാം അങ്ങേയ്ക്കു തരുവാൻ തോന്നിയില്ലല്ലോ എന്നു് ഓർത്തോർത്തു് ഞാൻ കരയുകയാണു്.

* Gitanjali

അമ്മേ, അമ്മയുടെ കുഞ്ഞു് തീരെ ബുദ്ധി യില്ലാത്ത കൂട്ടത്തിലാണു്; അവളുടെ പോക്കു് തികച്ചും ബാലിശമത്രെ.

ഞങ്ങരം കളിയായിട്ടു് കല്ലിൻകഷണങ്ങരം തിന്നു കാണിക്കുമ്പോരം അവരം വിചാരിക്കും, അവ യഥാൎത്ഥത്തിൽ ആഹാരപദാൎത്ഥങ്ങളാണെന്നു്. എന്നിട്ടു് അവരം കല്ലുകരം പെറുക്കി വായിലാക്കാൻ ശ്രമിക്കും.

ഞാൻ അവളുടെ മുമ്പിൽ ഒരു പുസ്തകം വിടൎത്തിവെച്ചിട്ടു് എ. ബി. സി. എന്ന അക്ഷരങ്ങരം പഠിക്കാൻ പറയുമ്പോരം, അവരം പുസ്തകത്തിൻെറ താളുകരം പറിച്ചുകീറി ഒരു കാൎയ്യവുമില്ലാതെ ആൎത്തട്ടഹസിക്കും,—ഇതാണു് അവരം പാഠങ്ങരം പഠിക്കുന്ന രീതി.

ഞാൻ കോപംപൂണ്ടു തലകുടഞ്ഞു് അവളെ "വികൃതിക്കുട്ടീ" എന്നു് വിളിച്ചു ശകാരിക്കുമ്പോരം, അവരം ചിരിച്ചുകൊണ്ടു് അതെല്ലാം ഒരു വലിയ നേരംപോക്കാണെന്നു കരുതും.

അച്ഛൻ എത്രയോ അകലത്താണെന്നും ഇവിടെയെങ്ങുമില്ലെന്നും എല്ലാവക്കമറിയാം. എന്നാൽ ഞാൻ കളിയായി 'അച്ഛാ' എന്നു വിളിക്കുമ്പോൾ, അച്ഛൻ അരികത്തുണ്ടെന്നു കരുതി അവൾ പുളകംപൂണ്ടു ചുററിലും നോക്കും.

നമ്മുടെ ഉടുതുണികളെടുപ്പിക്കുവാൻ അലക്കുകാരൻ കൊണ്ടുവരുന്ന കഴുതകളേക്കൊണ്ടു് ഞാൻ ക്ലാസ്സുനടത്തുകയും, ഞാൻ ഒരു സ്കൂളദ്ധ്യാപകനാണെന്നു് അവൾക്കു താക്കീതുനല്കുകയും ചെയ്യുമ്പോൾ അവൾ ഒരു കാര്യവുമില്ലാതെ ഒരു ഇളിഭ്യച്ചിരി ചിരിച്ചു് എന്നെ 'ജ്യേഷ്ഠാ' എന്നു വിളിക്കും.

അമ്മേ, അമ്മയുടെ കുഞ്ഞു് തീരെ ബുദ്ധിയില്ലാത്ത കൂട്ടത്തിലാണു്; അവളുടെ പോക്കു് തികച്ചും ബാലിശംതന്നെ.

*
Superior

"അല്ലയോ സഞ്ചാരി, നീ എവിടെയ്ക്കു പോകുന്നു?"

"ഞാൻ അരുണവൎണ്ണമായ പുലരിയിൽ കടലിൽച്ചെന്നു കുളിക്കാനായി, തരുനിരകളാൽ അതിരിട്ടിരിക്കുന്ന നടക്കാവിലൂടെ പോവുകയാണു്."

"യാത്രക്കാരാ, ആ കടൽ എവിടെയാണു്?"

"ഈ നദിയുടെ ഗതി അവസാനിക്കുന്നേടത്തു്, പ്രഭാതം പൊട്ടിവിടരുന്നേടത്തു്, പകൽ ഇരുട്ടിലേയ്ക്കു തലകുനിച്ചു മറയുന്നേടത്തു്—അവിടെയാണു് ആ കടൽ.

"സഞ്ചാരി, നിൻെറ കൂടെ വരുന്നവർ എത്രപേരുണ്ടു്?"

"അവരെ എണ്ണുക എങ്ങനേയെന്നു് എനിയ്ക്കറിഞ്ഞുകൂട. അവർ രാത്രി മുഴുവൻ തങ്ങളുടെ ദീപങ്ങൾ കൊളുത്തിക്കൊണ്ടു യാത്രചെയ്യുന്നു; പകൽ മുഴുവനും കരയിലും വെള്ളത്തിലുമായി പാട്ടുപാടിക്കഴിയുന്നു."

"സഞ്ചാരി, നീ പറഞ്ഞ കടൽ എത്ര അകലത്താണു്?"

"അതു് എത്ര അകലത്താണെന്നു് എല്ലാവരും ചോദിക്കുന്നു. ചോദ്യത്തിൻെറ ശബ്ദം നിലയ്ക്കുമ്പോൾ കാണാം, കടലിലെ വെള്ളം ഗജ്ജിച്ചുകൊണ്ടു് ആകാശത്തിലേയ്ക്കു ഉരുണ്ടുരുണ്ടുപൊങ്ങുന്നതു്. കടൽ എപ്പൊഴും അടുത്തും, എന്നാൽ എപ്പൊഴും അകലത്തുമായിട്ടാണു് കാണപ്പെടുക."

"യാത്രക്കാരാ, സൂര്യൻെറ ചൂടു് വദ്ധിച്ചുവരുന്നല്ലോ."

"അതേ, ഞങ്ങളുടെ യാത്ര ദീഘവും ക്ലേശകരവുമാണു്. ആത്മാവിൽ ക്ഷീണവും ഹൃദയത്തിൽ ഭയവും തോന്നുന്നവർ പാട്ടുപാടുന്നു."

"സഞ്ചാരി, രാത്രിയിൽ നിങ്ങളുടെ യാത്ര മുടങ്ങിയാൽ എന്തുചെയ്യും?"

"പുതിയ പ്രഭാതം അതിൻെറ ഗാനങ്ങളുമായി വന്നണയുകയും, കടലിൻെറ ആഹ്വാനം വായുവിലുയരുകയും ചെയ്യുംവരെ ഞങ്ങൾ കിടന്നുറങ്ങും."

*
Crossing

ഓ ലോകമേ, ഞാൻ നിൻെറ പൂവറുത്തെടുത്തു് എൻെറ മാറോടണച്ചപ്പോരം, അതിൻെറ മുള്ളു് എൻെറ മാറിൽ തറച്ചു.

പകൽ മങ്ങിമറഞ്ഞു് ഇരുട്ടായപ്പോരം ആ പുഷ്പം വാടിപ്പോയതായി ഞാൻ കണ്ടു; എന്നാൽ മുള്ളു തറച്ചതിൻെറ വേദന ശേഷിക്കുകയായി.

. . . .

ഓ, ലോകമേ, പരിമളവും പ്രതാപവും നിറഞ്ഞ പൂക്കരം ഇനിയും നിന്നിലേയ്ക്കു ധാരാളം വന്നുചേരും.

എന്നാൽ പൂക്കരം ശേഖരിക്കാനുള്ള എൻെറ സമയം കഴിഞ്ഞുപോയി. ഇരുളടഞ്ഞ ഈ രാത്രിയിൽ ഞാൻ റോസപ്പൂ ചൂടുന്നില്ല,—നൊമ്പരം മാത്രം എന്നിൽ ശേഷിക്കുന്നു.

. . . .

റോസപ്പൂവിലേയ്ക്കു കണ്ണോടിക്കുന്നവർ അതിൻെറ മുള്ളുകളെ മാത്രം കാണട്ടെ.

അമ്മേ, ഞാൻ നേരമ്പോക്കിനുവേണ്ടി ഒരു ചെമ്പകപ്പൂവായിത്തീൎന്നുവെന്നു് വിചാരിക്കുക. അങ്ങനെ ചെമ്പകമരത്തിൻെറ മുകളററത്തുള്ള ഒരു കൊമ്പിൽ ഞാൻ മൊട്ടിട്ടുനിന്നിട്ടു് കാററത്തു് പൊട്ടിച്ചിരിക്കുകയും, തളിരിലകളിൽ ചവിട്ടി നൃത്തമാടുകയും ചെയ്താൽ അമ്മ എന്നെ തിരിച്ചറിയുമോ?

"കുഞ്ഞേ, നീ എവിടെയാണു്?" എന്നു് അമ്മ വിളിച്ചു ചോദിക്കുമ്പോൾ ഞാൻ സ്വയം ചിരിച്ചുകൊണ്ടു് പതുങ്ങിയിരിക്കും.

അമ്മ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഞാൻ പൂവിതളുകൾ ഉപായത്തിൽ വിടുർത്തി ആ വിടവിൽക്കൂടി അമ്മയെ ഉററുനോക്കും.

അമ്മ കുളികഴിഞ്ഞു് തോളുകളിലേയ്ക്കു മുടിയഴിച്ചിട്ടു് ചെമ്പകമരത്തിന്റെ ചുവട്ടിൽക്കൂടി അമ്മയുടെ കൊച്ചുപ്രാൎത്ഥനാമണ്ഡപത്തിലേയ്ക്കു പോകുമ്പോൾ, അവിടെയെല്ലാം പുഷ്പപരിമളം പരക്കുന്നതായി അമ്മയ്ക്കനുഭവപ്പെട്ടും;

എന്നാൽ അതു് എന്നിൽ നിന്നാണുവരുന്നതെന്നു് അമ്മ മനസ്സിലാക്കുകയില്ല.

ഉച്ചഭക്ഷണം കഴിഞ്ഞു് അമ്മ കിളിവാതിലിന്നരികേയിരുന്നു രാമായണംവായിക്കുന്ന നേരത്തു്, ചെമ്പകമരത്തിൻെറ നിഴൽ അമ്മയുടെ മുടിക്കെട്ടിലും മടിത്തടത്തിലും പതിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ എന്തു ചെയ്യുമെന്നോ? അമ്മ വായിക്കുന്ന സ്ഥാനങ്ങളിൽ ഞാൻ എൻെറ കുഞ്ഞുനിഴൽ ചൂണ്ടിക്കൊണ്ടിരിക്കും.

എന്നാൽ അതു് അമ്മയുടെ കുഞ്ഞിൻെറ കൊച്ചുനിഴലാണെന്നു് അമ്മയ്ക്കു ഊഹിക്കാൻ കഴിയുമോ?

സന്ധ്യയ്ക്കു് അമ്മ വിളക്കുംകൈയിലേന്തി പശുത്തൊഴുത്തിലേയ്ക്കു പോകുമ്പോൾ, ഞാൻ പെട്ടെന്നു് നിലത്തിറങ്ങിവന്നിട്ടു് വീണ്ടും അമ്മയുടെ കുട്ടിയായിത്തീരുകയും, ഒരു കഥ പറഞ്ഞുതരണമെന്നു് അപേക്ഷിക്കുകയും ചെയ്യും.

"വികൃതിക്കുട്ടാ, നീ ഇതുവരെ എവിടെയായിരുന്നു?"

"അമ്മേ, അതു് ഞാൻ പറയില്ല."

ഇങ്ങനെ പോകും അപ്പോൾ നമ്മുടെ സംഭാഷണം.

*
The Champa Flower

KOTTAYAM PUBLIC LIBRARY KOTTAYAM.

അവനേപ്പററി നിങ്ങറം എന്തഭിപ്രായവും പറഞ്ഞുകൊള്ളുക. എന്റെ കുഞ്ഞിന്റെ കുററവും കുറവും എനിയ്ക്കു നല്ലവണ്ണം അറിയാം.

ഞാൻ അവനെ സ്നേഹിക്കുന്നതു് അവൻ നല്ലവനായതുകൊണ്ടല്ല, അവൻ എൻെറ കൊച്ചുകുഞ്ഞായിപ്പോയതുകൊണ്ടാണു്.

അവൻെറ ഗുണങ്ങളും ദോഷങ്ങളും തമ്മിൽ തട്ടിച്ചുനോക്കുമ്പോറം, അവൻ എനിയ്ക്കിത്രയും പ്രിയപ്പെട്ടവനാകുന്നതെങ്ങനേയെന്നു് നിങ്ങറം അത്ഭുതപ്പെട്ടുമായിരിക്കും.

ഞാൻ അവനെ ശിക്ഷിക്കുമ്പോറം, എൻെറ ഒരംശമെന്ന നിലയിൽ അവനുള്ള അവകാശം വദ്ധിക്കുകയാകുന്നു.

അവൻ കണ്ണുനീർ ചിന്തുന്നതിനു് ഞാൻ ഇടവരുത്തുമ്പോറം, എൻെറ ഹൃദയം അവനോടൊന്നിച്ചു കരയുന്നു.

അവനെ ശാസിക്കാനും ശിക്ഷിക്കാനും എനിയ്ക്കവകാശമുണ്ടു്; സ്നേഹിക്കുന്നവൻ മാത്രമേ ശിക്ഷിക്കാൻ പാടുള്ളൂ.

*
The Judge

## 49

"അല്ലയോ സൂര്യൻ, അങ്ങയെ സംവഹിക്കുന്നതിന്ന് ആകാശത്തിനല്ലാതെ മറെറന്തിനു സാധിക്കും?"

മഞ്ഞുതുള്ളി കരഞ്ഞുകൊണ്ടു പറയുന്നു.

"ഞാൻ അങ്ങയെ സ്വപ്നം കാണുന്നുണ്ടു്. പക്ഷേ, എനിയ്ക്കു് അങ്ങയെ ശുശ്രൂഷിക്കാനാകുമെന്നു് ഒരിക്കലും ആശയില്ല. സ്വാമിൻ, അങ്ങയെ ഉൾക്കൊള്ളാൻ കഴിയാതവണ്ണം ഞാൻ അത്ര്യ്ക്കു ചെറുതാണു്; എൻെറ ജീവിതമാകട്ടെ, വെറും കണ്ണുനീർ മാത്രവുമാകുന്നു."

സൂര്യൻ പറഞ്ഞു: "ഞാൻ അനന്തമായ ആകാശത്തെ പ്രകാശിപ്പിച്ചുകൊണ്ടുനില്ക്കുന്നതു് വാസ്തവം. എന്നാൽ ഒരു കൊച്ചു മഞ്ഞുതുള്ളിയിൽ ഒതുങ്ങിനില്പാനും എനിയ്ക്കു സാധിക്കും. ഞാൻ ഒരു കുഞ്ഞു കിരണമായിത്തീൎന്നു് നിന്നിലേയ്ക്കു പ്രവേശിക്കാം. അപ്പോൾ നീ പുഞ്ചിരി പൊഴിക്കുന്ന ഒരു ഗോളമായിത്തീരും."

*
Fruit-Gathering

**അ**മ്മേ, എനിയ്ക്കു പോകാനുള്ള സമയമായി; ഞാൻ പോകുന്നു.

പ്രഭാതത്തിൻെറ വിളറിയ ഇരുട്ടിൽ അമ്മ കൈനീട്ടി എന്നെ കിടക്കയിൽ തപ്പിനോക്കുമ്പോൾ, "കുഞ്ഞു് അവിടെയില്ല'' എന്നു് ഞാൻ പറയും. അമ്മേ, ഞാൻ പോവുകയാണു്.

എന്നാൽ ഞാൻ ഒരു നേൎത്ത കാററായിത്തീൎന്നു് അമ്മയെ തൊട്ടുതലോട്ടുകയും, അമ്മ കുളിക്കുമ്പോൾ ഞാൻ ആ വെള്ളത്തിൽ കുമിളകളായി വന്നു് അമ്മയെ വീണ്ടും വീണ്ടും ചുംബിക്കുകയും ചെയ്യും.

കോളും പെരുവമുള്ള നിശാകാലത്തു് ഇലകളിൽ പതിക്കുന്ന മഴയുടെ മൃഴക്കത്തോടൊപ്പം അമ്മ എൻെറ മൂളക്കം കിടക്കയിൽ കേൾക്കും; തുറന്നുകിടക്കുന്ന കിളിവാതിലിലൂടെ അമ്മയുടെ മുറിയിലേയ്ക്കു് മിന്നൽപ്പിണരോടൊപ്പം എൻെറ പൊട്ടിച്ചിരി പാഞ്ഞെത്തുകയും ചെയ്യും.

വളരേ രാച്ചെന്നിട്ടും അമ്മ തൻെറ കുഞ്ഞിനേപ്പററി ചിന്തിച്ചു് ഉറങ്ങാതെ കിടക്കുകയാണെങ്കിൽ, "അമ്മേ, ഉറങ്ങുക, ഉറങ്ങുക" എന്നു് ഞാൻ നക്ഷത്രങ്ങളിൽനിന്നു് അമ്മയെ നോക്കി പാടിക്കൊണ്ടിരിക്കും.

ചിതറിവരുന്ന ചന്ദ്രരശ്മികളിലൂടെ ഞാൻ അമ്മയുടെ കിടക്കയിൽ കടന്നുകൂടി, ഉറക്കത്തിൽ അമ്മയുടെ മാറിടത്തിൽ തല ചായിച്ചു കിടക്കും.

ഞാൻ അപ്പോൾ ഒരു സ്വപ്നമായിത്തീൎന്നിട്ടു് അമ്മയുടെ കൺപോളകളുടെ സൂക്ഷ്മസുഷിരത്തിൽക്കൂടി അമ്മയുടെ സുഷുപ്തിയുടെ അഗാധതലങ്ങളിലേയ്ക്കു തെന്നിയിറങ്ങുകയും, അമ്മ ഉണൎന്നു് പരിഭ്രമത്തോടെ ചുററിലും നോക്കുമ്പോൾ ഞാൻ ഒരു മിന്നാമിനുങ്ങിനെപ്പോലെ പുറത്തു് ഇരുട്ടിലേയ്ക്കു പറന്നുപോവുകയും ചെയ്യും.

'പൂജാ'മഹോത്സവം പ്രമാണിച്ചു് അയൽവീട്ടുകളിലെ കുഞ്ഞുങ്ങൾ നമ്മുടെ വീട്ടിൽവന്നു് വേണുഗാനംമുഴക്കി വിനോദിക്കുമ്പോൾ, ഞാൻ ആ സംഗീതത്തിൽ അലിഞ്ഞുചേൎന്നു് അമ്മയുടെ ഹൃദയത്തെ അന്നു മുഴവൻ തുടിപ്പിച്ചുകൊണ്ടിരിക്കും.

പ്രിയപ്പെട്ട ചിററമ്മ 'പൂജാ'സമ്മാനങ്ങളും കൊണ്ടുവന്നിട്ട് "ചേച്ചി, നമ്മുടെ കുഞ്ഞെവിടെ?" എന്നു ചോദിക്കുമ്പോൾ, "അവൻ എന്റെ കൺമിഴികളിലും എൻെറ ശരീരത്തിലും എൻെറ ആത്മാവിലും കുടികൊള്ളുന്നു" എന്ന് അമ്മ പതുക്കെ പറയും.

*
The End

## 51

അമ്മേ, എന്റെ മാതൃരാജ്യമേ, ഞാൻ നിനക്കുവേണ്ടി അവകാശപ്പെടുന്ന സ്വാതന്ത്ര്യം ഭയപ്പാടിൽ നിന്നു വിമുക്തയാവാനുള്ള സ്വാതന്ത്ര്യമാകുന്നു,—നിന്റെ സ്വന്തം പേക്കിനാവുകളിൽ നിന്നു രൂപംകൊള്ളുന്ന ഭയപ്പാടിന്നടിമപ്പെടാതിരിക്കാനുള്ള സ്വാതന്ത്ര്യം.

നിന്റെ ശിരസ്സിനെ കുനിയിപ്പിക്കുകയും, നിന്റെ നട്ടെല്ലിനെ വളയ്ക്കുകയും, ഭാവിയുടെ ചൊല്പടിക്കു നില്ക്കുവാനായി നിന്റെ കണ്ണുകളെ അന്ധമാക്കുകയും ചെയ്യുന്ന കാലഗണികളുടെ സമ്മർദ്ദത്തിൽ നിന്നു് വിമുക്തയാകുവാനുള്ള സ്വാതന്ത്ര്യമാണു് ഞാൻ നിനക്കുവേണ്ടി അവകാശപ്പെടുന്ന സ്വാതന്ത്ര്യം.

നിശാകാലത്തിന്റെ നിശ്ശബ്ദതയോടു നിന്നെ ബന്ധിക്കുകയും, സത്യത്തിന്റെ ധീരമായ കർമ്മസരണിയെ നിർദ്ദേശിച്ചുതരുന്ന നക്ഷത്രത്തെ അവിശ്വസിക്കാനിടവരുത്തുകയും ചെയ്യുന്ന ആലസ്യത്തിന്റെ ചങ്ങലകളിൽനിന്നു വിമുക്തയാ-

വാനുള്ള സ്വാതന്ത്ര്യമാണ്, അമ്മേ, ഞാൻ നിനക്കായി അവകാശപ്പെടുന്ന സ്വാതന്ത്ര്യം.

അന്ധങ്ങളും അനിശ്ചിതങ്ങളുമായ കാററുകൾക്കു ബലഹീനമായി വഴങ്ങിക്കൊടുക്കുന്ന പാമരങ്ങളോടും, മരണത്തെപ്പോലെ തണുത്തു മരവിച്ച കരങ്ങളുള്ള അമരക്കാരനോടും കൂടിയ അനാഥവാഴ്ചയാകുന്ന ദുർവ്വിധിയിൽ നിന്ന് വിമുക്തയാവാനുള്ള സ്വാതന്ത്ര്യമാണ് ഞാൻ നിനക്കായി അവകാശപ്പെടുന്ന സ്വാതന്ത്ര്യം.

തലച്ചോറില്ലാത്ത വെറും കമ്പികൾ മൂലം ചലനം തുടങ്ങുകയും, ബോധപൂർവ്വമല്ലാത്ത വെറും ശീലങ്ങൾ മുഖേന അതു് തുടരുകയും, ഇടയ്ക്കു് കളിക്കാരൻെറ നൈമിഷികമായ അംഗുലീചലനമേല്ക്കാൻ കാത്തുകെട്ടിക്കിടക്കേണ്ടിവരികയും ചെയ്യുന്ന ഒരു മാതിരി കളിയില്ലേ, അമ്മാതിരി പാവകളിക്കു വിധേയമായി ജീവിക്കുകയെന്ന അവമതിയിൽ നിന്നു വിമുക്തയാവാനുള്ള സ്വാതന്ത്ര്യമാണ്, എൻെറ മാതൃരാജ്യമേ, ഞാൻ നിനക്കായി അവകാശപ്പെടുന്ന സ്വാതന്ത്ര്യം.

*
Freedom

അവർ പരസ്പരംവഴക്കുപറഞ്ഞും, കലഹി ച്ചും, സംശയിച്ചും, പിന്നെ നിരാശപ്പെട്ടും കഴി യുന്നു; തങ്ങളുടെ കലഹങ്ങൾക്കെന്താണവതി യെന്നു് അവക്കൊരു രൂപവും ഇല്ല.

എൻെറ കുഞ്ഞേ, നിൻെറ ജീവിതം അവ രുടെയിടയിൽ ഉജ്ജ്വലവും നിമ്മലവുമായ ഒരു പ്രകാശനാളമായിത്തീൎന്നു് അവരെ നിശ്ശബ്ദത യുടെ സന്തോഷത്തിലേയ്ക്കു നയിക്കട്ടെ.

അവർ തങ്ങളുടെ അത്യാത്തിയിലും ശത്രു തയിലും നിഷ്ഠുരന്മാരാണു്; ചോരകുടിക്കാൻ കൊതിച്ചുകൊണ്ടൊളിഞ്ഞിരിക്കുന്ന കത്തികൾ പോലെ, അവരുടെ വാക്കുകൾ മൂൎച്ചയുള്ളവയു മാകുന്നു.

എൻെറ കുഞ്ഞേ, നീ ചെന്നു് കോപകലു ഷിതങ്ങളായ ഹൃദയങ്ങളോടുകൂടിയ ആ മനുഷ്യ രുടെ മദ്ധ്യത്തിൽ നിലയുറപ്പിക്കുകയും, പകല ത്തെ കലഹത്തിനെല്ലാം മാപ്പരുളുന്ന സായങ്കാ ലശാന്തിയേപ്പോലെ നീ നിൻെറ പ്രശാന്തങ്ങ

ളായ കണ്ണുകളെ അവരുടെ മേൽ പതിപ്പിക്കു കയും ചെയ്യുക.

കുഞ്ഞേ, അവർ നിൻെറ മുഖത്തു നോക്കിയിട്ട് സകല കാര്യങ്ങളുടേയും അർത്ഥം മനസ്സിലാക്കുകയും, അവർ നിന്നെയും അതോടൊപ്പം അന്യോന്യവും സ്നേഹിക്കാനിടവരികയും ചെയ്യട്ടെ.

എൻെറ കുഞ്ഞേ, നീ വന്ന് അപാരതയുടെ മടിത്തട്ടിൽ ആസനസ്ഥനായാലും. സൂര്യൻ ഉദിക്കുമ്പോൾ നീ നിൻെറ ഹൃദയത്തെ ഒരു വിടരുന്ന പുഷ്പംപോലെ ഉയർത്തിപ്പിടിക്കുക; സൂര്യൻ അസ്തമിക്കുമ്പോൾ നീ തലകുനിച്ച് പകലിൻെറ ആരാധനയെ നിശ്ശബ്ദമായങ്ങു പൂർത്തിയാക്കുകയും ചെയ്യുക.

*
The Child-Angel

# രണ്ടാംഭാഗം

അമൂല്യങ്ങളായ ചില തത്വരത്നങ്ങളാണ് രണ്ടാംഭാഗത്തിലെ ഉള്ളടക്കം. ഗുരുദേവന്റെ കൃതികളിൽനിന്നു തിരിഞ്ഞെടുത്തിട്ടുള്ള ഈ സൂക്തങ്ങൾ പതിവായി വായിക്കുന്നതു് പലവിധത്തിലും പ്രയോജനകരമായിരിക്കും.

"The goal with him is always high, always glorious, always noble..... In the untarnished mirror of his innocent and childlike heart the vision of God is reflected."

*C. F. Andrews*

മനുഷ്യൻ ആയുധങ്ങളെ തന്റെ ദൈവങ്ങളാക്കുന്നു; ആയുധങ്ങൾ ജയിക്കുമ്പോൾ അവൻ തോല്ക്കും.

*

നമ്മുടെ വിനയം വലുതാകുമ്പോഴാണ് നാം വലുപ്പത്തോട് ഏററവും അടുത്തുവരിക.

*

മിന്നാമിനുങ്ങുകളെപ്പോലെ കാണപ്പെടുന്നതിൽ നക്ഷത്രങ്ങൾക്കു യാതൊരു കുലുക്കവുമില്ല.

*

ഹേ വിഡ്ഢി, നീ നിന്റെ തോളിൽ നിന്നെത്തന്നെ വഹിക്കുവാൻ പോകയാണോ? ഹേ, യാചകാ, നീ നിന്റെ വാതില്ക്കൽത്തന്നെ ഭിക്ഷ തേടുകയോ?

*

വിശാലതയില്ലാതെ ക്രുത്തിരിക്കുന്ന മനസ്സ് തൊട്ടേടത്തെല്ലാം തുളഞ്ഞുകയറും; മുന്നോട്ടു നീങ്ങുകയില്ല.

*

കൺപോളകളുടെ ഉടമാവകാശം കണ്ണുകൾക്കാണെങ്കിൽ, വിശ്രമത്തിൻെറ ഉടമാവകാശം ജോലിചെയ്യുന്നവക്കാണു്.

*

നീ ആരാണെന്നു് നീ കാണുന്നില്ല; നീ കാണുന്നതു് നിൻെറ നിഴൽ മാത്രമാണു്.

*

ഏററവും നല്ലതിനെ ഞാൻ തിരിഞ്ഞെടുക്കുകയല്ല, അതു് എന്നെ തിരിഞ്ഞെടുക്കുകയാണു് ചെയ്യുന്നതു്.

*

നിങ്ങൾക്കു് വിശപ്പില്ലാത്തതിനു് ആഹാരത്തെ കുററംപറയാതിരിക്കുക.

*

പക്ഷിയ്ക്കു് ഒരു മേഘമായാൽ കൊള്ളാമെന്നു് മോഹം; മേഘത്തിനു് പക്ഷിയായാൽ കൊള്ളാമെന്നും.

*

വരണ്ടുകിടക്കുന്ന നദീതടത്തോടു് അതിൻെറ കഴിഞ്ഞ കാലത്തെ ഓത്തു് ആരും കൃതജ്ഞത പറയാൻ പോകുന്നില്ല.

*

ദൈവം മനുഷ്യനോടു പറയുന്നു: "ഞാൻ നിന്നെ സുഖപ്പെടുത്തുന്നതുകൊണ്ടു് നിന്നെ വേദനിപ്പിക്കുകയും, സ്നേഹിക്കുന്നതുകൊണ്ടു് നിന്നെ ശിക്ഷിക്കുകയും ചെയ്യും."

*

വെളിച്ചം നല്കുന്നതിനു് വിളക്കിന്റെ നാളത്തോടു് നന്ദിപറയേണ്ടതാണു്; എന്നാൽ വിളക്കുകാൽ ദീർഘമായ ക്ഷമയോടുകൂടി നില്ക്കുന്ന വസ്തുത മറന്നുപോകരുതു്.

*

ദൈവത്തിനു് വലിയ വലിയ സാമ്രാജ്യങ്ങളേക്കൊണ്ടാണു്, അല്ലാതെ ചെറിയ ചെറിയ പൂക്കളേക്കൊണ്ടല്ല ശല്യം.

*

വെള്ളച്ചാട്ടം പറയുന്നു: "ദാഹിക്കുന്നവനു് കുറച്ചു മതിയെങ്കിലും, ഞാൻ എനിക്കുള്ളതു് മുഴുവനും നല്കുന്നു."

*

സ്നേഹത്തിൻെറ സമൃദ്ധിയിൽ നിന്നുണ്ടാകുന്ന സമ്പത്താണു് ചാരിത്രശുദ്ധി.

*

മരംവെട്ടിയുടെ കോടാലി തൻെറ പിടിയ്ക്കു് മരം വേണമെന്നു പറയുമ്പോൾ, മരം അതു കൊടുക്കുന്നു.

*

ദൈവം മനുഷ്യരേച്ചൊല്ലി ഇനിയും നിരാശപ്പെട്ടിട്ടില്ലെന്നുള്ള സന്ദേശവുമായിട്ടാണു്, ഓരോ പുതിയ ശിശുവും ലോകത്തിലേയ്ക്കു വരുന്നതു്.

*

മനുഷ്യർ നിഷ്ഠുരന്മാരാണു്; എന്നാൽ മനുഷ്യൻ ദയാലുവാകുന്നു.

*

തങ്ങൾ അഗ്നിയുടെ സഹോദരന്മാരാണെന്നു് പുക ആകാശത്തോടും, ചാരം ഭൂമിയോടും വമ്പു പറയുന്നു.

*

ജനനംപോലെതന്നെ മരണവും ജീവിതത്തിൻെറ ഘടകമാണു്. പാദം ഉയർത്തുകയും താഴ്ത്തുകയും ചെയ്യാതെ നടക്കാൻ സാദ്ധ്യമല്ലല്ലോ.

*

അസത്യം എത്ര ബലം പ്രാപിച്ചാലും സത്യമാ

യിത്തീരാൻ പോകുന്നില്ല.

*

കണ്ണുകൾ കാഴ്ചയെക്കുറിച്ചല്ല, കണ്ണടയുടെ കാന്തിയെക്കുറിച്ചാണു് അഭിമാനിക്കുന്നതു്.

No. 8103

*

നിശാകാലം പുഷ്പങ്ങളെ രഹസ്യത്തിൽ വിരിയിച്ചിട്ടു്, അതിനുള്ള നന്ദി സ്വീകരിക്കാൻ പകലിനെ അനുവദിക്കുന്നു.

*

ഒഴിവുസമയത്തിൻെറ പ്രവൎത്തനമാണു് ജോലി; കടലിൻെറ വിശ്രമത്തിൽനിന്നാണു് തിരമാലകളുടെ നീക്കം.

*

വേരുകൾ മണ്ണിനടിയിൽ വൃക്ഷത്തിനുള്ള കൊമ്പുകളാണു്; കൊമ്പുകൾ വായുവിൽ അതിനുള്ള വേരുകളും.

*

മരണത്തിൽ അനേകം പേർ ഒന്നായിത്തീരുന്നു; എന്നാൽ ജീവിതത്തിൽ ഒരുവൻതന്നെ അനേകരായിരിക്കും.

*

"അല്ലയോ ഫലമേ, നീ എന്നിൽനിന്നു് വളരെ

അകലത്താണോ?" — പുഷ്പം ചോദിക്കുന്നു. "എന്തു്? ഞാൻ നിൻെറ ഹൃദയത്തിൽത്തന്നെ ഒളിച്ചിരിക്കയാണല്ലൊ."—മറുപടി.

*

ദൈവത്തിൻെറ വലത്തുകരം ശാന്തമാണു്; എന്നാൽ ഇടത്തുകരം ഉഗ്രമാകുന്നു.

*

സൂര്യകാന്തിപ്പൂവു് ഒരു പേരില്ലാപ്പുഷ്പത്തെ കണ്ടിട്ടു് അതിനെ തൻെറ ബന്ധുവർഗ്ഗത്തിൽപ്പെടുത്താൻ മടിച്ചുനില്ക്കേ, സൂര്യൻ ഉയൎന്നുവന്നു് ആ അജ്ഞാതകുസുമത്തോടു്, "എൻെറ ഓമനേ, നിനക്കു സുഖമാണല്ലൊ" എന്നു കുശലം പറഞ്ഞു.

*

മരിച്ചവൎക്കു് കീൎത്തിയുടെ അനശ്വരതയും, ജീവിക്കുന്നവൎക്കു് സ്നേഹത്തിൻെറ അനശ്വരതയും ലഭിക്കുമാറാകട്ടെ.

*

മൂടൽമഞ്ഞു് ഉരുകിമായുമ്പോൾ ഉദയസൂര്യൻ പ്രകാശിക്കുന്നതുപോലെ, സ്വാമിൻ, ഞാൻ എൻെറ സ്വന്തം പേർ മറന്നുകളയുമ്പോൾ അങ്ങയുടെ നാമം എൻെറ ഹൃദയത്തിൽ നിറയുന്നു.

*
ഇന്നലത്തെ രാത്രിയിലുണ്ടായ കോളും പെശറമാണ് ഇന്നത്തെ പുലരിയുടെ തലയിൽ ശാന്തിയുടെ സുവർണ്ണകിരീടം ചാർത്തുക.

*
വാളിൻെറ അലകു് വാളിൻെറ പിടിയ്ക്കു് മൂർച്ചയില്ലെന്നു് പരിഹസിക്കാതിരിക്കട്ടെ.

*
സ്വാമിൻ, ഞാൻ അങ്ങയുടെ സ്നേഹത്തിൽ ആശ്രയിക്കുന്നു, എന്നതു് എൻെറ കടശിയിലത്തെ വാക്കായിരിക്കട്ടെ.

*
വിജ്ഞാനം നമുക്കു് വളരെ വിലപ്പെട്ടതാകുന്നു; കാരണം, അതു് മുഴുമിപ്പിക്കുവാൻ നമുക്കു ഒരിക്കലും സമയം മതിയാവുകയില്ല.

*
നീ പൂജിക്കുന്ന വിഗ്രഹം തകർന്നുപൊടിയാകുന്നതു്, ദൈവത്തിൻെറ പൊടി നിൻെറ വിഗ്രഹത്തേക്കാരം വലുതാണെന്നു് തെളിയിക്കുവാനത്രെ.

*
നിൻെറ കിരീടം വിനയത്തിൻേറതും, നിൻെറ

സ്വാതന്ത്ര്യം ആത്മാവിൻേറതുമായിരിക്കട്ടെ.

*

സഹോദരന്മാരെ, നിങ്ങൾ അനാഡംബരതയുടെ വെള്ളയങ്കി ധരിച്ചുകൊണ്ടു് അഹങ്കാരികളുടേയും വമ്പന്മാരുടേയും മുമ്പിൽ നില്ക്കുവാൻ ലജ്ജിക്കാതിരിക്കുക.

*

തെററല്ല, ശരിയാണു് പരാജയത്തെ സഹിക്കാൻ ശക്തമാവുക.

*

മഴത്തുള്ളികൾ വന്നു് ഭൂമിയുടെ ചെവിയിൽ മന്ത്രിക്കുകയാണു്: "അമ്മേ, ഞങ്ങൾ നിൻെറ വിരഹാത്തരായ കുഞ്ഞുങ്ങളാണു്; ഞങ്ങൾ സ്വർഗ്ഗത്തിൽനിന്നു് നിൻെറ പക്കലേയ്ക്കു വീണ്ടും വന്നിരിക്കുന്നു."

*

മനുഷ്യൻ ജ്ഞാനം മൂലം തൻെറ ശൈശവം വീണ്ടും നേടിക്കാണ്മാൻ ദൈവം കാത്തിരിക്കുന്നു.

*

തൻെറ സത്യത്തെഅതിശയിക്കാത്തേടത്തോളം മാത്രം കീർത്തിയുള്ളവൻ അനുഗൃഹീതനാകുന്നു.

രാത്രിയുടെ അന്ധകാരം പുലരിയുടെ സ്വർണ്ണം നിറച്ചിരിക്കുന്ന സഞ്ചിയാണു്.

*

ചിന്ത അതിൻെറ സ്വന്തം വാക്കുകളെത്തന്നെ ഉപജീവിച്ചു് വികാസം പ്രാപിക്കുന്നു.

*

ചന്ദ്രൻ തൻെറ കറുത്തപുള്ളികളെ തനിയ്ക്കായി ത്തന്നെ മാററിവെച്ചുകൊണ്ടു് തൻെറ പ്രകാശം ആകാശത്തിലത്രയും പരത്തുന്നു.

*

മനുഷ്യൻ മൃഗമായാൽ, മൃഗത്തേക്കാൾ മോശമാകും.

*

പുഷ്പങ്ങൾ തൻെറ സ്വന്തമാണെങ്കിലും, ദൈവം അവയെ മനുഷ്യരുടെ കരങ്ങളിൽനിന്നു് ദാനമായി സ്വീകരിക്കാൻ കാത്തിരിക്കുന്നു.

*

ജീവൻ അനന്തമാണെന്നറിയാൻവേണ്ടി ഞാൻ വീണ്ടുംവീണ്ടും മരിക്കുന്നതിനു തയ്യാറാണു്.

*

വലിയവൻ ചെറിയവനോടൊന്നിച്ചു നിർഭയം

നടക്കും; മാറിനില്ക്കുന്നതു് ഇടത്തരക്കാരനായിരിക്കും.

*

മാഞ്ഞുപോകുന്ന പകലിനെ ചുംബിച്ചുകൊണ്ടു് നിശാകാലം പറയുന്നു: "ഞാൻ നിൻെറ അമ്മയായ മരണമാണു്; ഞാൻ നിനക്കു് ഒരു പുതിയ പിറവി നല്കാൻ പോകുന്നു."

*

ദൈവമേ, നീ അല്ലാത്തതെല്ലാമുള്ളവർ, നീയല്ലാതെ മററൊന്നുമില്ലാത്തവരെ പരിഹസിക്കുന്നു.

*

അപഹസിക്കപ്പെട്ടവൻെറ വിജയം രേഖപ്പെടുത്തുവാനായി മാനവചരിത്രം ക്ഷമയോടെ കാത്തിരിക്കുന്നു.

*

അല്ലയോ ഭൂമി, ഞാൻ ഒരു അപരിചിതനായിട്ടു് നിൻെറ തീരത്തു വന്നുചേൎന്നു; ഒരു അതിഥിയായി നിൻെറ ഭവനത്തിൽ പാൎത്തു; ഒരു സ്നേഹിതനായിട്ടു് നിന്നെ വിട്ടുപിരിയുകയും ചെയ്യുന്നു.

*
ദൂരത്തുള്ള കുന്നുകളിൽ മറഞ്ഞുനിന്നുകൊണ്ടു് മേഘങ്ങൾ നദിയുടെ ജലപാത്രങ്ങൾ നിറച്ചുവിടുന്നു.

*
മനുഷ്യൻെറ വഴി മുട്ടിക്കുന്നതു് അവൻതന്നെയാണു്.

*
"പ്രിയപ്പെട്ട ലോകമേ, നീ വാടിപ്പോകരുതേ" എന്നു പറഞ്ഞുകൊണ്ടാണു് ഒരു പൂമൊട്ടു് വിടരുവാൻ തുടങ്ങുന്നതു്.

*
മയിലിൻെറ വാലിനുള്ള ഭാരം കണ്ടിട്ടു് കുരികിലിനു് സങ്കടം തോന്നുന്നു.

*
ജീവിതം നമുക്കു ദാനമായി നല്കപ്പെട്ടിരിക്കയാണു്; നാം അതിനെ ദാനമായി നല്കിയെങ്കിലേ നമുക്കതിനെ നേടിയെടുക്കാൻ സാധിക്കൂ.

*
ശിശുക്കളുടെ സന്തോഷമാണു് ഏററവും നിഷ്കളങ്കമായ സന്തോഷം. അവർ ഏററവും വികൃത

മായ ഒരു പാവയെ തങ്ങളുടെ ഭാവനയാൽ ഏററവും സുന്ദരമാക്കിത്തീക്കുന്നു.

*

"ഞാൻ നിൻെറ ജീവിതനൗകയെ കടലിന്നക്കരയ്ക്കു നയിക്കുകയാണു്."—മരണം പറയുന്നു.

*

സന്തോഷം ഒരു മഞ്ഞുതുള്ളിപോലെ ദുർബ്ബലമാണു്; ഒന്നു ചിരിക്കുന്ന മാത്രയിൽ അതു് ചരമമടയും.

*

സ്വപ്നം സംഭാഷണപ്രിയയായ ഭാർയ്യയാണു്; നിദ്ര നിശ്ശബ്ദതയോടെ എല്ലാം സഹിക്കുന്ന ഭർത്താവും.

*

സമ്പന്നന്മാർ വമ്പുപറയുമ്പോൾ, താൻ നല്കിയ പ്രത്യേക ആനുകൂല്യത്തേപ്പററി ദൈവം ലജ്ജിക്കേണ്ടിവരുന്നു.

*

ഞാൻ വിപ്ലവഭാവത്തിൽ എൻെറ വീട്ടിലെ വിളക്കണെയ്ക്കുമ്പോൾ, അങ്ങയുടെ ആകാശം തൻെറ നക്ഷത്രങ്ങളേക്കൊണ്ടു് എന്നെ അത്ഭുതപ്പെടുത്തുന്നു.

*
പുല്ല് ഭൂമിയിൽ കൂട്ടമായി നില്ക്കാൻ മോഹിക്കുന്നു; വൃക്ഷം ആകാശത്തിൽ ഒററപ്പെട്ടുനില്ക്കാനും.

*
കലാകാരൻ പ്രകൃതിയുടെ കാമുകനാണു്; അതിനാൽ അയാൾ അവളുടെ ദാസനും യജമാനനുമത്രെ.

*
മഞ്ഞുതുള്ളി തടാകത്തോടു പറയുകയാണു്: "നീ താമരയിലയുടെ അടിയിലുള്ള വലിയ തുള്ളി; ഞാൻ അതിൻെറ മുകളിലുള്ള ചെറിയ തുള്ളി."

*
മരണത്തിൻെറ മുദ്രകൊണ്ടാണു് ജീവിതനാണ്യത്തിൻെറ വില നിർണ്ണയിക്കപ്പെടുന്നതു്.

*
നിങ്ങൾ പൂക്കളെറുക്കാൻവേണ്ടി ഇടയ്ക്കുനില്ക്കാതെ നടന്നുപോവുക; അപ്പോൾ പൂക്കൾ വഴിയിലുടനീളം നിങ്ങളെ സ്വാഗതംചെയ്തു നിരന്നു നില്ക്കും.

*
കൊഴിഞ്ഞുവീഴുന്ന പഴുത്തിലകളും, അലിഞ്ഞു

പോകുന്ന മേഘങ്ങളും നിഗളിക്കുന്ന മനുഷ്യനെ നോക്കി ചിരിക്കുന്നു.

*

മത്സ്യത്തെ വായുവിൽ ഉയത്തിപ്പിടിച്ചുകൊണ്ടു പോകുന്നതു് താൻ ചെയ്യുന്ന ഒരു കാരുണ്യകർമ്മമാണെന്നാണു് പക്ഷിയുടെ വിചാരം.

*

കൊച്ചുകൊച്ചു കല്ലുകളുടെ മിനുസത്തിനു് മിഴിവുണ്ടാകുന്നതു് ചുററികയുടെ കിഴുക്കുകൊണ്ടല്ല, ആററുവെള്ളത്തിൻെറ ഒഴുക്കുകൊണ്ടാണു്.

*

"നിങ്ങളുടെ താമസം എവിടെയാണു്?" — സാദ്ധ്യം അസാദ്ധ്യത്തോടു ചോദിക്കുന്നു. "കഴിവില്ലാത്തവൻെറ കിനാവുകൾക്കുള്ളിലാണു്" - അസാദ്ധ്യത്തിൻെറ മറുപടി.

*

കൊമ്പുകളെ ഫലഭൂയിഷ്ഠങ്ങളാക്കിത്തീക്കുന്നതിനു് വൃക്ഷത്തിൻെറ വേരുകൾ യാതൊരു പ്രതിഫലവും അവകാശപ്പെടുന്നില്ല.

*

കത്തിജ്ജ്വലിക്കുന്ന അഗ്നിയിൽനിന്നു് അതി

ൻെറ ജ്വാലതന്നെ എന്നെ രക്ഷിക്കും; എന്നാൽ കെട്ടുതുടങ്ങിയിട്ട് ചാരംപുരണ്ടു കിടക്കുന്ന തീക്കനെലിൽനിന്നു്, സ്വാമിൻ, അങ്ങുതന്നെ എന്നെ രക്ഷിക്കണം.

*

പുഷ്പത്തിൻെറ ഇതളുകൾ അടൎത്തിയെടുത്തിട്ട് നിങ്ങൾക്കതിൻെറ സൗന്ദൎയ്യം സംഭരിക്കാനാവുകയില്ല.

*

"ആരാണു് ഇനി എൻെറ ജോലികൾ തുടരുക?"— അസ്തമനസൂൎയ്യൻെറ ചോദ്യം. "യജമാനനെ, എനിക്കു കഴിവുള്ളതു് ഞാൻ ചെയ്യാം."— മൺവിളക്കിൻെറ മറുപടി.

*

പ്രേമമേ, നീ യാതനയാൽ കത്തിജ്ജ്വലിക്കുന്ന കൈവിളക്കുമേന്തി വരുമ്പോഴാണു് എനിക്കു നിൻെറ മുഖം കാണ്മാനും, നീ നല്കുന്ന നിർവൃതി ആസ്വദിക്കാനും സാധിക്കുന്നതു്.

*

എൻെറ ജീവിതഗതിയെ തിരിച്ചുവിടുന്ന ആ വിധി എന്നു പറയുന്നതു് ആരാണെന്നോ?

എൻെറ പുറത്തു കയറി സവാരിചെയ്യുന്ന ഈ ഞാൻതന്നെ.

*

മിന്നാമിനുങ്ങ് നക്ഷത്രങ്ങളോടു പറയുകയാണ്: "ഒരു കാലത്തു് നിങ്ങളുടെ പ്രകാശം തീരെ നിലച്ചുപോകുമെന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു."— നക്ഷത്രങ്ങൾ മറുപടിയൊന്നും പറഞ്ഞില്ല.

*

സ്ത്രീത്വമേ, നീ നിൻെറ കണ്ണുനീരിൻെറ ആഴംകൊണ്ടു് ലോകരുടെ ഹൃദയത്തെ വലയംചെയ്തു വശപ്പെടുത്തിയിരിക്കുന്നു, സമുദ്രം ഭൂമിയെ എന്നപോലെ.

*

നല്ല കാര്യങ്ങൾ ചെയ്യുവാൻ കണക്കിലധികം ബദ്ധപ്പെട്ടു നടക്കുന്നവനു് നല്ലവനായിത്തീരുവാൻ നേരം കിട്ടുകയില്ല.

*

ദൈവം തൻെറ വൻതരം നക്ഷത്രങ്ങളേക്കാൾ മനുഷ്യന്റെ കൊച്ചുകൈവിളക്കുകൾ ഇഷ്ടപ്പെടുന്നു.

*

പിന്നിൽ വിളക്കുപിടിക്കുന്നവരുടെ നിഴൽ അവരുടെ മുന്നിലാണു് വീഴുക.

*

പുല്ലിൻെറ ചുവട്ടു ചെറുതാണെങ്കിലും, അതു് ഭൂമിയെ തൻെറ ചവിട്ടടിയിൽ വെച്ചിരിക്കുകയാണു്.

*

സ്വാമിൻ, ഒരുവൻ അങ്ങയെ അറിഞ്ഞാൽ, പിന്നെ അവനു് അപരിചിതരായി ആരും തന്നെയുണ്ടാവില്ല; സകല കവാടങ്ങളും അവനു് തുറന്നുകിട്ടുന്നു.

*

ലോകം നമ്മെ വഞ്ചിക്കുന്നുവെന്നു പറയുന്നതു്, നാം അതിനെ തെററായി മനസ്സിലാക്കുന്നതുകൊണ്ടാണു്.

*

ദൈവത്തിൻെറ മഹാശക്തി കൊടുങ്കാററിലല്ല, മന്ദമാരുതനിലാണു് പ്രത്യക്ഷപ്പെടുന്നതു്.

*

ഉറങ്ങുന്ന പക്ഷികളെ സൂക്ഷിക്കുന്ന കൂടിനെപ്പോലെ, മൗനം നിൻെറ ശബ്ദത്തെ സൂക്ഷിക്കുന്നു.

*

നദികൾ നിലകൊള്ളുന്നതു് തനിക്കു് വെള്ളം നല്കാൻ മാത്രമാണെന്നാണു് തോടിൻെറ വിചാരം.

*

അമ്പു് പായാൻതുടങ്ങുമ്പോൾ "നിൻെറ സ്വാതന്ത്ര്യം എന്റേതാണെ"ന്നു് വില്ലു് മന്ത്രിക്കുന്നു.

*

യുക്തിമാത്രമായ മനസ്സു് അലകു മാത്രമുള്ള കത്തിയെപ്പോലെയാണു്; പിടിയില്ലാത്ത ആ കത്തി എടുത്താൽ കൈ മുറിയും.

*

താമരയിലയിൽ തങ്ങിനില്ക്കുന്ന മഞ്ഞുതുള്ളിപോലെ, ജീവിതം ക്ഷണികവും നശ്വരവുമാണു്.

*

നാഥാ, അങ്ങയുടെ ദാസനായ മരണം എൻെറ വാതില്ക്കൽ നില്ക്കുന്നു. അവൻ അജ്ഞാതമായ അലയാഴി കടന്നു് അങ്ങയുടെ ആഹ്വാനം എൻെറ ഭവനത്തിൽ എത്തിച്ചിരിക്കയാണു്. അങ്ങയുടെ ദൂതനായ മരണം അതാ, എൻെറ വാതില്ക്കൽ നില്ക്കുന്നു.

*

ഞാൻ പ്രശംസയെ രഹസ്യത്തിൽ യാചിക്കു

ന്നതുകൊണ്ടു് അതു് എന്നെ ലജ്ജാഭരിതനാക്കുന്നു.

*

കന്യകേ, നിൻെറ നിഷ്കളങ്കത തടാകത്തിൻെറ നീലിമപോലെ, നിൻെറ സത്യത്തിൻെറ ആഴത്തെ വെളിപ്പെടുത്തുന്നു.

*

ലോകത്തിൻെറ കാഴ്ച എന്നിൽ നിന്നു മറയുന്ന ഒരു ദിവസം വന്നുചേരുമെന്നും, അന്തിമ തിരശ്ശീല എൻ്റെ കണ്ണുകളെ മൂടുമ്പോൾ എൻ്റെ ജീവൻ നിശ്ശബ്ദമായി വിടവാങ്ങുമെന്നും എനിയ്ക്കറിയാം.

*

ഏററവും നല്ലതു് ഏകമായിട്ടല്ല, മറെറല്ലാമൊന്നിച്ചാണു് വരിക.

*

സ്വാമിൻ, എന്നെ അങ്ങയുടെ പാനപാത്രമാക്കുക; അതു് നിറയുന്നതു് അങ്ങയ്ക്കുവേണ്ടിയായിരിക്കട്ടെ.

*

പുഷ്പം വായുവിൽ പരിമളം പരത്തുന്നുവെങ്കി

ലും, നാഥാ, അതിൻെറ അന്തിമസേവനം അങ്ങെയ്ക്കായുള്ള സ്വയംസമപ്പ്ണമത്രെ.

*
പക്ഷികൾ പൊന്നിൻചിറകു കിട്ടിയാൽ അതു് പിന്നെ ഒരിക്കലും ആകാശത്തിൽ പൊങ്ങിപ്പറക്കുകയില്ല.

*
പ്രകാശത്തിൻെറ ചുംബനമേല്ക്കുമ്പോൾ കറുത്തിരുണ്ട മേഘങ്ങൾ സ്വൎഗ്ഗത്തിൻെറ മോഹനസൂനങ്ങളായിത്തീരുന്നു.

*
ജീവിതത്തെ നിറയ്ക്കുന്നതു് സ്നേഹമാണു്; പാനപാത്രത്തെ നിറയ്ക്കുന്നതു് മുന്തിരിച്ചാറും.

*
ആകാശത്തിലെ നക്ഷത്രങ്ങൾ പരസ്പരം ആധിപത്യം സ്ഥാപിക്കാനായി പടവെട്ടുന്നില്ല.

*
സ്ത്രീയുടെ കോപം വൈരക്കല്ലിൻെറ തിളക്കംപോലെയാണു്. അതു് ജ്വാല കാണിക്കുകയേയുള്ളു; ഒന്നും കത്തിക്കുകയില്ല.

*
സമയം അങ്ങയുടെ കൈയിൽ അനന്തമത്രെ.

അങ്ങയുടെ നിമിഷങ്ങൾ എണ്ണുവാൻ ആരും ആളല്ല. ക്ഷമിച്ചിരിക്കേണ്ടതു് എങ്ങനേയെന്നു് അങ്ങയ്ക്കറിയുകയും ചെയ്യാം.

*

മൺവിളക്കു കെട്ടുപോയാൽ പിന്നെയും പിന്നെയും നന്നാക്കുകയും തെളിക്കുകയും ചെയ്യാം; എന്നാൽ നക്ഷത്രം ഒരിക്കൽ കെട്ടുപോയാൽ എന്നെയ്ക്കുമായി നഷ്ടപ്പെട്ടതുതന്നെ.

*

എൻെറ പാട്ടുകളാണു് ഞാൻ പഠിച്ച പാഠങ്ങളെല്ലാം എന്നെ പഠിപ്പിച്ചതു്. അവ എനിയ്ക്കു് കുറുക്കുവഴികൾ കാണിച്ചുതരികയും, എൻെറ ഹൃദയചക്രവാളത്തിൽ അനേകമനേകം നക്ഷത്രങ്ങളെ ഉദയംകൊള്ളിക്കുകയും ചെയ്തു.

*

നമ്മുടെ ആത്മീയനേട്ടങ്ങൾ ആത്മാവിനോടു് ഒട്ടിച്ചേർന്നു നില്ക്കുന്നതിനാൽ, മരണത്തിനു് അവയെ അപഹരിക്കാൻ സാദ്ധ്യമല്ല.

*

ഒന്നുകിൽ നിനക്കു ജോലിയുണ്ടെന്നു പറയുക; അല്ലെങ്കിൽ ജോലി ഇല്ലെന്നു പറയുക. നിശ്ചിതമായ ഒരു ജോലിയിലും മനസ്സുറപ്പിക്കാതെ

അതുമിതും ചെയ്യാമെന്നു വെച്ചാൽ, അതു് വികൃതിത്തരത്തിൻെറ ആരംഭമായിരിക്കും.

*

അന്ധകാരം വെളിച്ചത്തിലേയ്ക്കു യാത്രചെയ്യുന്നു; എന്നാൽ അന്ധത മരണത്തിലേയ്ക്കും.

*

കണ്ണുനീരിൻെറ മൂടൽമഞ്ഞിൽ പൊതിഞ്ഞതാണു് സൃഷ്ടികളുടെ സൗന്ദര്യം.

*

ഓ, ജീവനും പ്രകാശവുമായുള്ളോനെ, അങ്ങുന്നു് അതുല്യനത്രെ. അവസാനമായി അങ്ങയെ അറിയുന്നതിലുള്ള ആനന്ദവും അതുല്യമാകുന്നു.

*

സമാധാനത്തിൻെറ പൂർണ്ണതയാൽ ഹൃദയത്തെ ശാന്തമാക്കുന്ന സ്നേഹം എനിയ്ക്കു നല്കിയാലും.

*

വീണയിൽ സംഗീതം അടങ്ങിയിരിക്കുംപോലെ ഞാൻ എൻെറ ജീവിതത്തിൽ അങ്ങയുടെ സ്നേഹത്തെ സംവഹിക്കുകയും, ഒടുവിൽ അതു് എൻെറ പ്രാണനോടൊന്നിച്ചു് അങ്ങയ്ക്കു സമർപ്പിക്കുകയും ചെയ്യട്ടെ.

*

സ്വാമിൻ, ചുക്കാൻ ഉപേക്ഷിക്കുന്നതിനു് ഞാൻ നിർബ്ബന്ധനാകുമ്പോൾ എനിയ്ക്കറിയാം, അങ്ങന്നു് ചുക്കാൻ പിടിക്കേണ്ട സമയമായെന്നു്.

*

സൗന്ദര്യമേ, നീ മുഖക്കണ്ണാടിയുടെ മുഖസ്തുതിയിലല്ല, സ്നേഹത്തിലാണു് നിന്നെ കണ്ടെത്തേണ്ടതു്.

*

ആകാശത്തിന്റെ മൂലയിൽ വിനയത്തോടെ നില്ക്കുന്ന മേഘത്തെ പുലർകാലം മഹത്വത്തിന്റെ മകുടംചൂടിക്കുന്നു.

*

മണ്ണു് സഹിക്കുന്ന നിന്ദനങ്ങൾക്കു പകരം അതു് പൂക്കളെയാണു് പ്രദാനം ചെയ്യുന്നതു്.

*

"നീ എന്റേതാണു്."— അധികാരം ലോകത്തോടു പറഞ്ഞു. ലോകം തന്റെ സിംഹാസനത്തിൽ അവനെ തടവുകാരനായി ബന്ധിച്ചു.

*

"ഞാൻ നിന്റേതാണു്"—സ്നേഹം ലോകത്തോ

ട്ടപറഞ്ഞു. ലോകം അവനു് തൻെറ ഭവനത്തിൽ സ്വാതന്ത്ര്യം അനുവദിച്ചു.

*

അധികാരശക്തിയുടെ ചക്രങ്ങളിൽ ഏതെങ്കിലുമൊന്നായിത്തീരാനിടവരാതെ, അവയാൽ ചതയ്ക്കപ്പെട്ടുന്നവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തിയതിൽ ഞാൻ കൃതജ്ഞനാണു്.

*

കവിയുടെ വാക്കുകൾക്കു് മനുഷ്യർ അവക്കിഷ്ടമുള്ള അത്ഥം നല്കുന്നു. എന്നാൽ, സ്വാമിൻ, ഒട്ടുവിലത്തെ അത്ഥം അങ്ങയിലേയ്ക്കാണു് ഉന്നുക.

*

ഞാൻ പാടുവാൻ കരുതിയ പാട്ടു് ഇനിയും പാടാതെ കിടക്കുന്നു. വീണയുടെ കമ്പികൾ കെട്ടിയും അഴിച്ചും ഞാൻ എൻെറ ദിവസങ്ങൾ പാഴാക്കിക്കളഞ്ഞു.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MA11 Acc. No. 8103

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 15 FEB 2006 | | |
| 30 JUN 2006 | | |
| 23 DEC 2012 | | |

If the book is not returned on due date
a fine of 20 Ps. per day will be charged

MA11

PAU-T 8103

പോൾ. കെ. ഫൻ

ടാഗോറിന്റെ കൊച്ചുരത്നങ്ങൾ.